പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി III
# (SUBJECT COMMITTEE III)

## ജലവിഭവം
## (WATER RESOURCES)

## പീരിയോഡിക്കൽ റിപ്പോർട്ട്
(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്
(Presented on 2nd July, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി III
# (SUBJECT COMMITTEE III)

## ജലവിഭവം
## (WATER RESOURCES)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

902/2014.

## ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 19 |

# വിഷയനിർണ്ണയ സമിതി III
## ജലവിഭവം
## (2013-2016)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പി. ജെ. ജോസഫ്,
ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എ. എം. ആരിഫ്

,, വി. റ്റി ബൽറാം

,, കെ. കെ. ജയചന്ദ്രൻ

,, ജി. എസ്. ജയലാൽ

,, വർക്കല കഹാർ

,, കെ. കുഞ്ഞിരാമൻ (ഉദുമ)

,, കെ. മുഹമ്മദുണ്ണി ഹാജി

,, റ്റി. എൻ. പ്രതാപൻ

,, തോമസ് ചാണ്ടി

,, തോമസ് ഉണ്ണിയാടൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

,, എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ ബുള്ളറ്റിൻ (ഭാഗം 2) നമ്പർ 15 പ്രകാരം നിലവിൽവന്ന ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി (2011-13)-യിൽ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് ചെയർമാനും ശ്രീ. എ. എം. ആരിഫ്, ശ്രീ. വി. റ്റി. ബൽറാം, ശ്രീ. കെ. കെ. ജയചന്ദ്രൻ, ശ്രീ. ജി. എസ്. ജയലാൽ, ശ്രീ. വർക്കല കഹാർ, ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, ശ്രീ. റ്റി. എൻ. പ്രതാപൻ, ശ്രീ. തോമസ് ചാണ്ടി, ശ്രീ. തോമസ് ഉണ്ണിയാടൻ എന്നിവർ അംഗങ്ങളുമാണ്. പ്രസ്തുത സമിതി 2013 ഡിസംബർ 27 വരെ തുടർന്നു. 2013 ഡിസംബർ 27-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 463 (ഭാഗം 2) പ്രകാരം പുനഃസംഘടിപ്പിച്ച ജലവിഭവം സംബന്ധിച്ച പുതിയ സബ്ജക്ട് കമ്മിറ്റിയിൽ പഴയ അംഗങ്ങൾ തന്നെ തുടർന്നു. സമിതി 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 1-4-2013, 16-4-2013, 23-4-2013, 6-5-2013, 3-7-2013, 25-9-2013, 21-1-2014, 18-2-2014, 24-2-2014, 12-3-2014 എന്നീ തീയതികളിലായി സമിതിയുടെ യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 1-4-2013-ലെ യോഗം "2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബില്ലിന്റെ" പരിഗണനയ്ക്കും 16-4-2013, 23-4-2013 എന്നീ തീയതികളിലെ യോഗങ്ങൾ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കും 6-5-2013-ലെ യോഗം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടിന്റെ പരിഗണനയ്ക്കുമായാണ് ചേർന്നത്. 3-7-2013-ലെ യോഗത്തിൽ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2012-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) റൂൾസ്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെയും, വിവിധ യോഗങ്ങളിലെ സമിതിയുടെ ശുപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണിച്ചു. 25-9-2013-ലെ യോഗത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം 'മൂവാറ്റുപുഴ ജലസേചന പദ്ധതിയെയും അതിന്റെ നടത്തിപ്പിനെയും' സംബന്ധിച്ച് ചർച്ച നടത്തുകയും ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയുടെ അപര്യാപ്തതമൂലമാണ് പദ്ധതികൾ പലതും നീണ്ടുപോകുന്നതെന്നും തുടങ്ങിവച്ച പദ്ധതികളെല്ലാം ഘട്ടംഘട്ടമായി പൂർത്തിയാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

21-1-2014-ലെ യോഗത്തിൽ "2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ" പിൻവലിക്കുന്നതിനുള്ള നോട്ടീസ്, ധനാഭ്യർത്ഥനകളുടെ

പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെയും വിവിധ യോഗങ്ങളിൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലും വിവിധ യോഗങ്ങളിൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ വകുപ്പുകളിൽനിന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച വിവരങ്ങളും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി തയ്യാറാക്കിയ കുറിപ്പുകൾ എന്നിവ സമിതി പരിഗണിച്ചു. 18-2-2014, 24-2-2014 എന്നീ തീയതികളിലെ യോഗങ്ങളിൽ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും, 12-3-2014-ലെ യോഗത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ചെയ്തു.

സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 60% ആയിരുന്നു.

2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിലെ ഈ റിപ്പോർട്ട് 5 ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്ത് സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്ത് സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെയും, യോഗങ്ങളിൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സംബന്ധിച്ച വിവരങ്ങൾ ചേർത്തിരിക്കുന്നു. നാലാം ഭാഗത്ത് സമിതി പരിഗണിച്ച ബില്ല്, കരട് ചട്ടം എന്നിവ സംബന്ധിച്ച വിവരങ്ങളും അഞ്ചാം ഭാഗത്ത് സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പ് ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ട്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രിക എന്നിവ വകുപ്പ് മന്ത്രിമാർ സഭയിൽ സമർപ്പിച്ചതു സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഭരണാനുമതി ലഭിച്ച ജലവിതരണ പദ്ധതികൾ സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധം II ആയും ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2014 മേയ് 28-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. ജെ. ജോസഫ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി III.*

തിരുവനന്തപുരം,
2014 ജൂലൈ 2.

# റിപ്പോർട്ട്

## ഭാഗം I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുകയും അതു സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് 2013 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XX — ശുദ്ധജല വിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXIX — കൃഷി, (ചെറുകിട ജലസേചനം) (2702, 2705, 4702, 6705 എന്നീ കണക്കിനങ്ങൾമാത്രം)

ധനാഭ്യർത്ഥന നമ്പർ XXXVIII — ജലസേചനം

2. സമിതിയുടെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 2013 ജൂൺ 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

3. 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2013 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിച്ചു.

## ഭാഗം II

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ 25-9-2013, 3-7-2013, 21-1-2014 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### I. (2005-2006)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ

4711-01-052-95—നദീതീര സംരക്ഷണം

വെള്ളപ്പൊക്കം, അനിയന്ത്രിതമായ മണൽവാരൽ എന്നിവമൂലം നദികളുടെ തീരങ്ങൾ ഇടിഞ്ഞ് അവ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. മണൽവാരലിൽ നിന്നുകിട്ടുന്ന സെസ്സിന്റെ ഒരു ഭാഗം നദീതീര സംരക്ഷണത്തിനായി ഉപയോഗിക്കണമെന്നും സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിനായി കേരള റിവർ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ (ഭേദഗതി) ബിൽ 2012 പാസ്സാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത ബില്ലിന്റെ 10-ാം വകുപ്പ് '7 സി' ഉപവകുപ്പിൽ നദീതട ബോർഡുകളുടെയും തണ്ണീർതട വികസന ബോർഡുകളുടെയും പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് നദികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന നദീ തണ്ണീർതട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത ബില്ലിന് നിയമപ്രാബല്യം കൈവരുന്നതോടെ സംസ്ഥാനത്തെ നദികളുടെ സംരക്ഷണം ഉറപ്പുവരുത്താവുന്നതാണ്.

## II. (2011-2012)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശിപാർശ

2700-11-101-98—നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)

നെയ്യാർ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 4.40 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ പുനരുദ്ധാരണത്തിനായി 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

നെയ്യാർ നദീതട ജലസേചന പദ്ധതിക്കുവേണ്ടി വകയിരുത്തിയ 4.40 കോടി രൂപയ്ക്കു പുറമെ 60.34 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചു.

ശിപാർശ

2700-13-101-98—കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കുള്ള ബഡ്ജറ്റ് വിഹിതം 2.4 കോടി രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ കുറ്റ്യാടി പദ്ധതിയുടെ സംരക്ഷണ പ്രവൃത്തികൾക്കുവേണ്ടി 2.4 കോടി രൂപയാണ് അനുവദിച്ചിരുന്നത്. പ്രസ്തുത തുകയ്ക്കുള്ള പ്രവൃത്തികൾ ഏർപ്പാട് ചെയ്യുകയും ചെയ്തിരുന്നു. സ്പിൽ ഓവർ പ്രവൃത്തികളും കൂടി കണക്കിലെടുത്താണ് ബഡ്ജറ്റ് നിർദ്ദേശം സമർപ്പിച്ചിരുന്നത്.

ബഡ്ജറ്റ് വിഹിതത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി 3 (ജലവിഭവം) ശിപാർശ ചെയ്തിരുന്നത് അനുവദിച്ചിട്ടില്ല.

ശിപാർശ

2701-14-101-98—ചിമ്മിണി മുപ്ലി പദ്ധതി

ചിമ്മിണി ഡാമിന്റെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുളളത് 58 ലക്ഷം രൂപയാണ്. ഡാം സേഫ്റ്റി കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള പണികൾ ചെയ്യുവാൻ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

ചിമ്മിണി ഡാമിന്റെ സംരക്ഷണ പണികൾക്കായി 2.43 ലക്ഷം രൂപ അധികമായി അനുവദിച്ചു.

ശിപാർശ

4700-20—ഇടമലയാർ പദ്ധതി

ഇടമലയാർ പദ്ധതിയിലേക്കായി 10 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുളളത്. ഇത് അപര്യാപ്തമായതിനാൽ 38 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

ഇടമലയാർ പദ്ധതിയുടെ പ്രവർത്തികൾക്ക് അധികമായി തുക ആവശ്യമായിവന്നില്ല. എന്നാൽ സ്ഥലമെടുപ്പ് കേസുകൾക്കായി 1.322 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4701-22—പലകപ്പാണ്ടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യേതരം)

ഈയിനത്തിൽ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 3, 4 റീച്ചുകൾകൂടി പൂർത്തീകരിക്കുവാനുളളതിനാൽ 1 കോടി രൂപ നബാർഡ് ധനസഹായംവഴി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

2012-2013 സാമ്പത്തിക വർഷം 4701-22-800-97 (P/V)-പലകപ്പാണ്ടി സ്കീമിന് 37.26 ലക്ഷം രൂപയുടെ അധിക ധനാനുമതി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4711-01-103-92—മലബാർ ജലസേചന പാക്കേജ്

കുറ്റ്യാടി ജലസേചന പദ്ധതിയുടെ പുനർനിർണ്ണയവും നവീകരണവും നടത്തുന്നതിന് 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഭരണാനുമതി ലഭിച്ച പണികൾ പൂർത്തീകരിക്കുന്നതിനായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ ` 8,15,55,000 (എട്ടുകോടി പതിനഞ്ച് ലക്ഷത്തി അൻപത്തി അയ്യായിരം രൂപ) ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കുകയുണ്ടായി.

## III. (2012-13)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശിപാർശ

2700-25-101-98—മൂലത്തറ വലതുകര കനാൽ (വാണിജ്യേതരം)

2012-13-ലെ ബഡ്ജറ്റിൽ മൂലത്തറ പദ്ധതികളുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 5.39 ലക്ഷം രൂപയും ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ അനുവദിച്ചിട്ടുള്ള 4 ലക്ഷം രൂപയും അപര്യാപ്തമായതിനാൽ ഈയിനങ്ങളിൽ യഥാക്രമം 80 ലക്ഷം രൂപയും 4 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

മൂലത്തറ വലതുകര കനാലിന്റെ സംരക്ഷണ പ്രവൃത്തികൾക്കായി 5.39 ലക്ഷം രൂപയും ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 4 ലക്ഷം രൂപയുമായിരുന്നു 2012-13 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്നത്. ഈ തുക അപര്യാപ്തമാണെന്ന് കണ്ടതിനാൽ സംരക്ഷണ പ്രവർത്തികൾക്ക് 80 ലക്ഷം രൂപയും ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 4 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും സമിതി ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ 2012-13 സാമ്പത്തിക വർഷത്തിൽ സംരക്ഷണ പ്രവൃത്തികൾക്കായി 16.8 ലക്ഷം രൂപയും ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 4.9 ലക്ഷം രൂപയും മാത്രമെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 11.97 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷനായി അനുവദിച്ചിട്ടുണ്ട്. 10/2012 വരെയുള്ള ലറ്റർ ഓഫ് ക്രഡിറ്റ് മാത്രമാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭിച്ചത്.

ശിപാർശ

2701-80-001-93—കാവേരി നദീതട പദ്ധതികൾ

കാവേരി നദീതട പദ്ധതിയുടെ ഡിവിഷൻ ഓഫീസുകളുടെ ഭരണ ചെലവിനായി 2 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

കാവേരി നദീതട പദ്ധതിയുടെ ഡിവിഷൻ ഓഫീസുകളുടെ ഭരണ ചെലവിനായി 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 2.44 കോടി രൂപ ചെലവായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയ 2.0997 കോടി കിഴിച്ച് ബാക്കി തുക ധനപുനർവിനിയോഗത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

ശിപാർശ

2701-80-800-94—കാവേരി ഉൾപ്പെടെയുള്ള അന്തർ-സംസ്ഥാന നദീജലം

ഐ.എസ്.ഡബ്ല്യൂ.-യിലെ ജീവനക്കാർക്കും പ്രത്യേകിച്ച് കാവേരി നദീജല തർക്ക ട്രൈബ്യൂണലിനായി ഉണ്ടാക്കപ്പെട്ട പ്രത്യേക വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കും വക്കീൽ ഫീസിനും വകയിരുത്തിയിട്ടുള്ള 1.8934 കോടി രൂപ അപര്യാപ്തമായതിനാൽ 17 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തിൽ ജി.ഒ. (ആർടി.) നമ്പർ 374/13/ഫിൻ. തീയതി 17-1-2013 പ്രകാരം (04)-യാത്രാ ചെലവുകൾ (1)-യാത്രാബത്തയ്ക്ക് 3,00,000 രൂപ (മൂന്ന് ലക്ഷം രൂപ മാത്രം), (21)-മോട്ടോർ വാഹനങ്ങൾ (2)-സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 5,000 രൂപ (അയ്യായിരം രൂപ മാത്രം) ലഭിച്ചിരുന്നു.

ശിപാർശ

4701-12-800-97—അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. അട്ടപ്പാടി സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 4.159 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

അട്ടപ്പാടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 4.159 ലക്ഷം രൂപയുടെ ഫണ്ടിനായി ശിപാർശ സമർപ്പിച്ചിരുന്നു. 4.159 കോടി രൂപ സമിതി ശിപാർശ

ചെയ്യുകയും ചെയ്തിരുന്നു. അട്ടപ്പാടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഇനത്തിൽ 49,108 രൂപ മാത്രമാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിരിക്കുന്നത്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത സാഹചര്യത്തിൽ കൂടുതൽ തുക ഈ ആവശ്യത്തിലേക്ക് അനുവദിച്ചിരുന്നില്ല.

സമിതിയുടെ യോഗനടപടിക്കുറിപ്പിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ 3-7-2013, 25-9-2013, 21-1-2014 എന്നീ തീയതികളിൽ യോഗം ചേർന്ന് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## I. 18-10-2011-ലെ യോഗനടപടിക്കുറിപ്പ്

### ശിപാർശ

ഭരണാനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്ത ജലവിതരണ പദ്ധതികൾ സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറിൽനിന്നും തെളിവെടുക്കാൻ തീരുമാനിക്കുകയും അതിനായി പദ്ധതികളുടെ ലിസ്റ്റ് ജലവിഭവ വകുപ്പിൽനിന്നും എത്രയും വേഗം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

### സ്വീകരിച്ച നടപടി

ഭരണാനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കാത്ത 69 ജലവിതരണ പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ കേരള നിയമസഭാ സെക്രട്ടറിയുടെ 30-4-2013 തീയതിയിലെ 6183/സബ്.സി.എ1/2011/ലെജി. നമ്പർ കത്തുപ്രകാരം പ്രസ്തുത ശിപാർശയിന്മേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പ്രസ്തുത ലിസ്റ്റ് പുനഃപരിശോധിച്ചതിൽ 66 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്ന് കാണുന്നു. ഇനിയും ഭരണാനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്ത ജലവിതരണ പദ്ധതികൾ താഴെ പറയുന്നവയാണ്:

**മീനച്ചിൽ റിവർ വാലി പ്രോജക്ട്**

മീനച്ചിൽ റിവർ വാലി പ്രോജക്ടുമായി ബന്ധപ്പെട്ട് 2011-12-ൽ 14 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ ശീർഷകത്തിൽ 6 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 6 പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. എം.ആർ.വി.പി.യിൽ ഉൾപ്പെടുത്തി 3 ഘട്ടങ്ങളിലായി 8 റെഗുലേറ്റർ-കം-ബ്രിഡ്ജുകൾ, പഴുക്കകാനം ഡാം, മൂവാറ്റുപുഴ ഡൈവേർഷൻ സ്കീം എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്ന 8 റെഗുലേറ്റർ-കം-ബ്രിഡ്ജുകൾക്ക് എ.എസ്. നൽകാനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. രണ്ടാംഘട്ടത്തിൽ നടപ്പിലാക്കുന്ന പഴുക്കകാനം ഡാമിന്റെ Revised Project Report തയ്യാറാക്കിവരുന്നു. 3-ാം ഘട്ടത്തിൽ നടപ്പിലാക്കുന്ന മൂവാറ്റുപുഴ Diversion Scheme-ന്റെ പദ്ധതി പ്രവർത്തനം തുടങ്ങിയിട്ടില്ല.

ഭരണാനുമതി സംബന്ധിച്ച ജലവിതരണ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

## II. 25-1-2012-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

### ശിപാർശ

മുല്ലപ്പെരിയാർ പ്രദേശത്ത് നിലവിലുള്ള അനലോഗ് ടൈപ്പ് ഭൂകമ്പമാപിനി മാറ്റി പകരം ആധുനിക ഡിജിറ്റൽ ടൈപ്പ് ഭൂകമ്പമാപിനികൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

### സ്വീകരിച്ച നടപടി

മുല്ലപ്പെരിയാർ ഡാമിന്റെ പരിസരത്ത് ഡിജിറ്റൽ ഭൂകമ്പമാപിനി സ്ഥാപിക്കുന്നതിന് വേണ്ടി 1-9-2011-ലെ ദുരന്തനിവാരണ (റവന്യൂ കെ) വകുപ്പിന്റെ സർക്കാർ ഉത്തരവ് നമ്പർ 3722/11/DMD പ്രകാരം 3 കോടി രൂപ അനുവദിക്കുകയുണ്ടായി. അതനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. DPR തയ്യാറാക്കി, ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തു കഴിഞ്ഞാൽ അവ സ്ഥാപിക്കുന്നതിന് മൂന്നു മാസംവരും. അതിനാൽ 25-1-2012-ലെ സബ്ജക്ട് കമ്മിറ്റി മുമ്പാകെ 6 മാസ സമയപരിധിക്കുള്ളിൽ (2012 ജൂലൈ അവസാനത്തോടെ) സ്ഥാപിക്കുവാൻ കഴിയുമെന്ന് ബോർഡ് അറിയിച്ചിരുന്നു.

ഡിജിറ്റൽ ഭൂകമ്പമാപിനികൾ സ്ഥാപിക്കുന്നതിനുള്ള DPR തയ്യാറാക്കുകയും 14-2-2012-ൽ ബോർഡ് അംഗീകരിക്കുകയും ചെയ്തു. 15-2-2012-ൽ തന്നെ ഇതിനുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. രണ്ടു സ്ഥാപനങ്ങൾ ടെണ്ടർ വാങ്ങിയെങ്കിലും അതിൽ ഒരു സ്ഥാപനം മാത്രമാണ് ടെണ്ടർ തിരികെ സമർപ്പിച്ചത്.

11-10-2011-ൽ അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം & വിജിലൻസ്) വിളിച്ചു കൂട്ടിയ യോഗതീരുമാനമനുസരിച്ച് രൂപീകരിച്ച സാങ്കേതിക വിദഗ്ദ്ധർ അടങ്ങിയ ഒരു പർച്ചേസ്/ടെക്നിക്കൽ കമ്മിറ്റി 4-4-2012-ൽ തുറന്ന ടെണ്ടറിന്റെ പ്രീ ക്വാളിഫിക്കേഷൻ ബിഡ് 18-4-2012, 15-5-2012 എന്നീ തീയതികളിൽ വിശദമായി പരിശോധിക്കുകയും ലഭിച്ച ഏക ടെണ്ടറിൽ സാങ്കേതിക വിവരങ്ങൾ വ്യക്തമല്ലാത്തതിനാലും ഓട്ടോമേഷനു വേണ്ട അനുബന്ധ സോഫ്റ്റ്‌വെയറും മറ്റു വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും കൂടുതൽ മെച്ചപ്പെട്ട ഓഫർ ലഭിക്കുന്നതിനുമായി പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്ത് ലിമിറ്റഡ് ടെണ്ടർ അടിസ്ഥാനത്തിൽ വീണ്ടും ടെണ്ടർ ക്ഷണിക്കണമെന്ന് ബോർഡിനോട് ശിപാർശ ചെയ്യുകയും, അതിന് ബോർഡ് 1-6-2012-ൽ അനുമതി നൽകുകയും ചെയ്തു.

അതനുസരിച്ച് ലിമിറ്റഡ് ടെണ്ടർ അടിസ്ഥാനത്തിൽ 5-7-2012-ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. 4 കമ്പനികൾ ദർഘാസുകൾ വാങ്ങുകയും ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയായ 3-9-2012-ന് മുമ്പായി 3 ടെണ്ടറുകൾ ലഭിക്കുകയുമുണ്ടായി. ഇവയുടെ പ്രീ ക്വാളിഫിക്കേഷൻ ബിഡ് തുറക്കുകയും, മേൽപ്പറഞ്ഞ പർച്ചേസ്/ടെക്നിക്കൽ കമ്മിറ്റി 29-9-2012-ൽ കൂടിയ മീറ്റിംഗിൽ, ലഭിച്ച മൂന്ന് ടെണ്ടറുകളുടെ പ്രീ ക്വാളിഫിക്കേഷൻ ബിഡ് വിശദമായി പരിശോധിക്കുകയും രണ്ട് ടെണ്ടറുകൾ നിബന്ധനകൾക്ക് വിധേയമായി പ്രീ ക്വാളിഫൈ ചെയ്യാൻ തീരുമാനിച്ചു. പ്രൈസ് ബിഡ് 10-10-2012-ൽ തുറക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം പ്രസ്തുത ജോലി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s എൻകാർഡിയ-റെറ്റ്സ്, ലക്നൗ എന്ന സ്ഥാപനത്തിന് 3,79,22,958 രൂപയ്ക്ക് അവാർഡ് ചെയ്തുകൊണ്ട് 31-1-2013-ന്

[B.O.(FM)221/2013] (MG/DS/General/2011) നമ്പരായി ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. മൂന്നു മാസത്തിനുള്ളിൽ ടി വർക്കുകൾ തീർക്കുവാനാണ് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിശ്ചിത സമയത്തിനുള്ളിൽ ഇതു സംബന്ധിച്ച ജോലി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## III. 31-10-2012-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

ശിപാർശ

എം.എൽ.എ.മാരുടെ മുൻഗണനാ പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുള്ള ശീർഷകത്തിൽ കൂടുതൽ തുക അനുവദിക്കണമെന്ന 17-4-2012-ലെ യോഗ നടപടിക്കുറിപ്പിലെ സമിതി ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ഈ പദ്ധതിക്കുവേണ്ടി പ്രത്യേക ഫണ്ടാണ് സമിതി ആവശ്യപ്പെട്ടിരുന്നതെന്ന കാര്യം ധനകാര്യ വകുപ്പിനെ അറിയിക്കണമെന്ന് നിർദ്ദേശിച്ചു.

സ്വീകരിച്ച നടപടി

2012-13 വർഷം മുതൽ നിലവിൽവന്ന LAC-ADF പദ്ധതി പ്രകാരം ഓരോ നിയോജകമണ്ഡലത്തിലും 5 കോടി രൂപയുടെ വീതം പ്രവൃത്തികൾ ഓരോ വർഷവും ഏറ്റെടുത്തു നടത്തുവാനുള്ള സംവിധാനമുണ്ട്. അതിനാൽ എം.എൽ.എ.മാരുടെ മുൻഗണനാ പദ്ധതികൾക്കായി ഫണ്ട് അനുവദിക്കണമെന്ന ആവശ്യത്തിന് ഇപ്പോൾ പ്രസക്തിയില്ല.

## IV. 3-7-2013-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

ശിപാർശ

'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിക്കാവശ്യമായ തുക വകയിരുത്തുന്നതിനായി ധനകാര്യവകുപ്പിനെ സമീപിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സ്വീകരിച്ച നടപടി

'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തുന്നതിനുവേണ്ടി ധനകാര്യവകുപ്പിനെ സമീപിച്ചു. നടപ്പുസാമ്പത്തിക വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനയിൽ "4702-00-101-78 ഒരു പഞ്ചായത്തിൽ ഒരു കുളം" എന്ന പുതിയ ശീർഷകം അനുവദിക്കുകയും, 1,000 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

പെപ്സി കമ്പനി അമിതമായി ജലചൂഷണം നടത്തിക്കൊണ്ടിരിക്കുകയാണെന്നും ഭൂജല വകുപ്പും മലിനീകരണ നിയന്ത്രണ ബോർഡും നിശ്ചയിക്കുന്നതിനേക്കാൾ കൂടുതൽ ജലമാണ് ഇപ്പോൾ കമ്പനി എടുത്തുകൊണ്ടിരിക്കുന്നതെന്നും, കേരളത്തിൽ ഏറ്റവും കൂടുതൽ ഭൂജല ദൗർലഭ്യമുള്ള പ്രദേശമായതിനാൽ അഡ്വക്കേറ്റ് ജനറൽ പ്രത്യേകമായി താല്പര്യമെടുക്കണമെന്നും ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുണ്ടെന്ന് കാണിച്ച് എ.ജി.-ക്ക് കത്തയയ്ക്കണമെന്നും നിർദ്ദേശം നൽകി.

<u>സ്വീകരിച്ച നടപടി</u>

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 3-7-2013-ലെ യോഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പെപ്സി കമ്പനിയുടെ ജലചൂഷണം പരിസര പ്രദേശങ്ങളിലെ ജലത്തിന്റെ അളവിനെ എങ്ങനെ ബാധിക്കുന്നുവെന്ന് പഠനം നടത്തി ബഹു. കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെയുള്ള കേസിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുണ്ടെന്നും കാണിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി 19-10-2013-ൽ 21703/ഭൂജല1/13/ജവിവ. നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറലിന് കത്ത് അയച്ചിട്ടുണ്ട് (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).

No. 21703/GW1/13/WRD

Water Resources (GW) Dept.,
Thiruvananthapuram,
Dated 19-10-2013.

From

The Addl. Chief Secretary to Government.

To

The Advocate General,
Ernakulam.

Sir,

*Sub:*—WRD—Order dated 23-5-2011 of the Hon'ble High Court of Kerala in WP (C) No. C 20693/2010 file by Pepsi Co. India Holdings Pvt. Ltd.–Complied with—Further course of action requested—Reg.

*Ref:*—1. Order dated 23-5-2011, 11-10-2011 and 21-10-2011 of the Hon'ble High Court of Kerala in WP (C) No. C 20693/2010 filed by Pepsi Co. India Holdings Pvt. Ltd.

2. G.O.(Rt.) No. 1136/11/WRD dated 15-11-2011.

3. Government letter No.16391/GW1/10/WRD dated 17-7-2012.

4. Letter No.T1/7501/11 dated 30-9-2013 from the Director, Ground Water Department, Thiruvananthapuram.

I am to invite your attention to the reference cited, in compliance with the Order dated 23-5-2011 of the Hon'ble High Court of Kerala in WP (C) No. 20693/2010 filed by Pepsi Co. India Holdings Pvt. Ltd., an Expert Committee was constituted as per the Government Order 2nd cited for conducting study on the impact of ground water extraction by the Pepsi Company, on the ground water condition of the surroundings areas and adverse effect on the public requirements of water. The Expert Committee submitted its report on 19-6-2012 and the same was forwarded to you as per the letter 3rd cited for placing before the Hon'ble High Court.

The Subject Committee III of Kerala Legislative Assembly on Water Resources while considering the reports furnished by Environment Department and Industries Department on the recommendations No. 29 & 30 in the report on the "over extraction and pollution of ground water by Pepsi Company" has viewed that the Pepsi Company is extracting ground water more than that prescribed by the Ground Water Department and Pollution Control Board and

hence has directed Government to take up the matter with the Advocate General for reviewing the case which is pending with the Hon'ble High Court of Kerala.

I am therefore to request you to take immediate necessary steps to move the Hon'ble Court to review the case urgently on the basis of the report of the Expert Committee.

Yours faithfully,

V. J. KURIAN,
*Addl. Chief Secretary to Government.*

# പെപ്സി കമ്പനിയുടെ അമിത ജല ഉപയോഗവും ജലമലിനീകരണവും സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ

## ഭാഗം III

വ്യവസായ മേഖലയിലെ എല്ലാ കമ്പനികൾക്കും ബാധകമാകത്തക്കവിധം ഭൂജല വിനിയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. പുതുശ്ശേരി പഞ്ചായത്ത് അമിത ജല ചൂഷണമുള്ള പ്രദേശമായി പ്രഖ്യാപിക്കപ്പെടുവാനുള്ള സാദ്ധ്യത കണക്കിലെടുക്കുമ്പോൾ ഇത്തരം നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്. ഓരോ കമ്പനിയും ഉപയോഗിക്കുന്ന വെള്ളത്തിന്റെ തോത് കൃത്യമായി കണക്കാക്കുന്നതിന് ഫ്ളോമീറ്ററുകളും കൃത്യമായ പരിശോധനയും ആവശ്യമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

### സ്വീകരിച്ച നടപടി

വാണിജ്യം, വ്യവസായം തുടങ്ങിയവയ്ക്ക് ഉപയോഗിക്കുന്ന പമ്പിംഗ് കിണറുകളിൽ ഫ്ളോമീറ്ററുകൾ ഘടിപ്പിച്ച് വാട്ടർ സെസ്സ് ഈടാക്കുന്നതിനുള്ള നിർദ്ദേശം അതോറിറ്റിയുടെ അമെന്റ്മെന്റ് ബില്ലിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ് (നിർദ്ദേശം 12 എ) 2010-ലെ നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കഞ്ചിക്കോട് വ്യവസായിക മേഖലയിൽ പ്രവർത്തിക്കുന്ന പെപ്സി കമ്പനി എടുക്കുന്ന ഭൂജലത്തിന്റെ അളവ് അറിയുവാൻ SCADA ടെലിമെട്രി സംവിധാനം ഏർപ്പെടുത്തുവാൻ നിർദ്ദേശിച്ചതനുസരിച്ച് കമ്പനി സ്ഥാപിച്ച സംവിധാനത്തിൽ നിന്നുള്ള ഡാറ്റ ഭൂജല വകുപ്പിന്റെ നിർദ്ദേശപ്രകാരം എല്ലാ മാസവും കമ്പനി അയച്ചുതന്നുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ നിരീക്ഷണ സംവിധാനങ്ങൾ ഇടയ്ക്കിടെ നേരിട്ട് പരിശോധിച്ചു വിവരങ്ങൾ ശേഖരിച്ച് വിലയിരുത്തിവരുന്നു. ഈ കഴിഞ്ഞ വരൾച്ചാകാലത്ത് അധിക ചൂഷണം നടത്തുന്ന കമ്പനികളുടെ ഉപയോഗം 50% കുറയ്ക്കാൻ പെപ്സി ഉൾപ്പെടെയുള്ള കമ്പനികൾക്ക് ഭൂജല വകുപ്പ് നിർദ്ദേശം നല്കി.

### ശിപാർശ

ഒരു ലിറ്റർ ശീതളപാനീയം ഉല്പാദിപ്പിക്കുവാൻ 3 മുതൽ നാലുവരെ ലിറ്റർ വെള്ളം ഉപയോഗിച്ചിരിന്നിടത്ത് ഇപ്പോൾ 2 ലിറ്റർ വെള്ളം ഉപയോഗിച്ചാൽ മതിയാകുമെന്നവിധത്തിൽ ആധുനിക സാങ്കേതിക വിദ്യ പെപ്സി കമ്പനി വികസിപ്പിച്ചെടുത്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ജല ഉപയോഗം പരമാവധി കുറച്ചുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഉപയുക്തമായ സങ്കേതങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള കമ്പനിയുടെ ശ്രമങ്ങൾ ശ്ലാഘനീയമാണ്. എന്നാൽ ഒരു പ്രദേശത്തെ അസംസ്കൃത വസ്തു ഇത്തരം ഉന്നതമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റി ലാഭം കൊയ്യുമ്പോൾ ആ പ്രദേശത്തുള്ള ജനങ്ങളോടുള്ള സാമൂഹ്യപ്രതിബദ്ധത കൂടി നിലനിർത്തേണ്ട ഉത്തരവാദിത്വവും കമ്പനിക്കുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ശീതളപാനീയ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുവായ വെള്ളം

അമിതമായി ചൂഷണം ചെയ്യുന്ന വിധത്തിൽ ലാഭേച്ഛ മാത്രം ലക്ഷ്യമാക്കി ഉല്പാദനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കാതെ സാമൂഹ്യ വീക്ഷണത്തോടെയുള്ള സമീപനം കമ്പനി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

സാമൂഹിക വീക്ഷണത്തോടെയുള്ള സമീപനം കൈക്കൊള്ളണമെന്ന സമിതി നിർദ്ദേശത്തോടനുബന്ധിച്ച് കമ്പനി ഉപയോഗിക്കുന്ന ജലത്തിന് ഉചിതമായ സെസ് ഏർപ്പെടുത്തി ഇങ്ങനെ സമാഹരിക്കുന്ന തുക പ്രസ്തുത പ്രദേശത്തെ ഭൂജല സംരക്ഷണ പ്രവർത്തനത്തിനായി ഉപയോഗിക്കാവുന്നതാണ്. ഇതിനുവേണ്ടി ഭൂജല ആക്ട് ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശിപാർശ

ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിത പെടുത്തുവാനും ഫാക്ടറിയിൽ നിന്നുള്ള മാലിന്യങ്ങൾ കൃഷിക്കും പൊതുജനാരോഗ്യ ത്തിനും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാരിന്റെ വിവിധ ഏജൻസികളുടെ ആത്മാർത്ഥമായ ശ്രമങ്ങൾ ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

ഫാക്ടറിയിൽ നിന്നും പുറം തള്ളുന്ന പാഴ്ജലവും പാഴ്വായുവും ഖരമാലിന്യ ങ്ങളും നിയമാനുസൃതമായി നിർമ്മാർജ്ജനം ചെയ്യുന്നു എന്ന് ഉറപ്പുവരുത്താൻ ഫാക്ടറിയിൽ ഇടയ്ക്കിടെ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ശുദ്ധീകരിച്ച പാഴ്ജല സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകുകയും ചെയ്തുവരുന്നു. പരിശോധന ഊർജ്ജിതപ്പെടുത്താൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ് എന്ന് കേരളാസ്റ്റേറ്റ് മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്.

അന്തിമ നടപടി

ഫാക്ടറിയിലെ മലിന ജലം സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനായി മലിനജല സംസ്കരണ പ്ലാന്റും റിവേഴ്സ് ഓസ്മോസിസ് സംവിധാനവും നിലവിലുണ്ട്. കമ്പനിയിൽ നിന്നുള്ള സംസ്കരിച്ച ജലത്തിന്റെ ഗുണനിലവാരം അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. മലിനജല സംസ്കരണത്തിനുശേഷമുണ്ടാകുന്ന സ്ലഡ്ജ് അമ്പലമുകളിലെ അപകടകാരികളായ പാഴ്വസ്തുക്കൾ സംസ്കരിക്കാനുള്ള പൊതു സംവിധാനം വഴി സംസ്കരിക്കാനായി നീക്കം ചെയ്യുന്നതിനാൽ ഹസാർഡ്സ് വേസ്റ്റ് മുഖാന്തരമുള്ള മലിനീകരണ സാധ്യതയും ഇല്ല. മലിനജല ശുദ്ധീകരണ പ്ലാന്റിൽ നിന്നുള്ള സംസ്കരിച്ച ജലം കമ്പനിയിൽ ബോയിലർ തണുപ്പിക്കുന്നതിനും കമ്പനി പരിസരത്ത ജലസേചനത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി ഉപയോഗിച്ചുവരുന്നു.

## ശിപാർശ

മലിനജല സംസ്കരണ ടാങ്കിലെ ജലത്തിൽ കോളിഫോം ബാക്ടീരിയായുടെ എണ്ണം 100 മില്ലീലിറ്ററിൽ 18 ലക്ഷവും ആയത് സംസ്കരിച്ച് പുറം തള്ളുമ്പോൾ 9200-ഉം ആണെന്ന് വസ്തുതയും പരിഗണിക്കപ്പെടേണ്ടതാണെന്ന് സമിതി കരുതുന്നു. സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള ജലം മലിനജല സംസ്കരണ പ്ലാന്റിലേക്കു കടത്തി വിടുന്നതും രണ്ടു മാസം കൂടുമ്പോൾ പ്ലാന്റിൽ സ്ലഡ്ജായി ചാണകം ചേർക്കുന്നതുമാണ് ഇതിന് കാരണമായി ചൂണ്ടികാണിക്കപ്പെടുന്നത്. അതിൽ സീവേജ് സംസ്കരണത്തിന് കമ്പനിയിൽ പ്രത്യേക പ്ലാന്റ് സ്ഥാപിക്കുന്നതിനും ചാണകത്തിന് പകരം ആക്ടിവേറ്റഡ് സ്ലഡ്ജ് ഉപയോഗിക്കുന്നതിനും ഫാക്ടറിയിൽ നിന്നുള്ള മലിനജലവും സീവേജും സംസ്കരണശേഷം അണുവിമുക്തമാണെന്ന് ഉറപ്പാക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

## സ്വീകരിച്ച നടപടി

പാഴ്ജല സംസ്കരണ പ്ലാന്റിൽ കോളിഫോം ബാക്ടീരിയ കണ്ടതിന്റെ അടിസ്ഥാനത്തിൽ കമ്പനിക്ക് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുണ്ട്.

1. പാഴ്ജല ശുദ്ധീകരണ പ്ലാന്റിൽ നിന്ന് ശുദ്ധീകരിച്ച് പുറത്ത് വിടുന്നതിനു (ഔട്ട് ലെറ്റിനു)മുമ്പായി അണുനശീകരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തി നടപ്പിലാക്കുക.
2. സീവേജ് സംസ്കരിക്കാൻ പ്രത്യേക സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനുള്ള പ്രൊപ്പോസൽ ഒരു മാസത്തിനകം സമർപ്പിക്കുക.
3. ബോർഡിന്റെ അംഗീകാരം ലഭിച്ച ആറ് മാസത്തിനകം സീവേജ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കുക.
4. പാഴ്ജല ശുദ്ധീകരണ പ്ലാന്റിന്റെ ഏറേഷൻ ടാങ്കിൽ ഇടയ്ക്കിടെ ആക്ടിവേറ്റഡ് സ്ലഡ്ജ് (ഏറേഷൻ കഴിഞ്ഞ് അടിഞ്ഞുവരുന്ന സ്ലഡ്ജ്) ഉപയോഗിക്കുക. ഇതേ തുടർന്ന് മലിനജല ശുദ്ധീകരണ പ്ലാന്റിൽ കമ്പനി അണുനശീകരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തി. ബാർ സ്ക്രീൻ ചേമ്പർ ഓയിൽ സ്കീമിംഗ് ചേമ്പർ, സീവേജ് കളക്ഷൻ സബ് ബയോക്സ് ടാങ്ക്, സെറ്റിലിംങ്ങ് ടാങ്ക്, ക്ലാരിഫൈഡ് വാട്ടർ ടാങ്ക്, ട്രീറ്റഡ് വാട്ടർ ടാങ്ക്, സ്ലഡ്ജ് ഡ്രയിംങ്ങ് ബെഡ് എന്നീ സംവിധാനങ്ങളടങ്ങിയ സീവേജ് സംസ്കരണ പ്ലാന്റിന്റെ പ്രൊപ്പോസൽ ബോർഡിൽ സമർപ്പിച്ചു. ആയത് ബോർഡിന്റെ പരിഗണനയിലാണ്.

## അന്തിമ നടപടി

പാഴ്ജല സംസ്കരണ പ്ലാന്റിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ എണ്ണം കൂടുതലായി കണ്ടതിനെ തുടർന്ന് കമ്പനിയിൽ നിന്നുള്ള പാഴ്ജലവും സീവേജും പ്രത്യേക ട്രീറ്റ്മെന്റ് സംവിധാനം വഴി വേർതിരിച്ച് സംസ്കരിക്കണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുകയും കമ്പനി ആയത് നടപ്പാക്കുകയും ചെയ്തു. മലിനജല സംസ്കരണത്തിനായി ആക്ടിവേറ്റഡ് സ്ലഡ്ജ് പ്രോസസ് അതായത് പാഴ്ജല ശുദ്ധീകരണത്തിന്റെ ഭാഗമായ എയ്റേഷൻ കഴിഞ്ഞ് അലിയിച്ചെടുക്കുന്ന സ്ലഡ്ജ് തന്നെ ചാണകത്തിന് പകരം എയ്റേഷൻ ടാങ്കിൽ ബാക്ടീരിയ കൾട്ടിവേഷന് ഉപയോഗിച്ചുതുടങ്ങി. സംസ്കരണശേഷമുള്ള ജലം അണുവിമുക്തമാക്കാനുള്ള സംവിധാനവും കമ്പനിയിൽ നിലവിലുണ്ട്.

## ശിപാർശ

അമിത ജലചൂഷണം ഒഴിവാക്കുന്നതിനും ഉപഭോഗം നിയന്ത്രിക്കുന്നതിനുമായി കമ്പനി എടുക്കുന്ന ഭൂജലത്തിന്റെ പരമാവധി അളവ് 2.34 ലക്ഷം ലിറ്റർ ആയി പരിമിതപ്പെടുത്തണമെന്നും ഇതിനായി കമ്പനിയിലെ പമ്പ് ഹൗസിൽ Scada Telemetry സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

## സ്വീകരിച്ച നടപടി

പെപ്സി കമ്പനിയുടെ അമിത ജലചൂഷണം ഒഴിവാക്കുവാനും ജല ഉപഭോഗം നിയന്ത്രിക്കാനുംവേണ്ടി കമ്പനി എടുക്കുന്ന ഭൂജലത്തിന്റെ പരമാവധി അളവ് 2.34 ലക്ഷം ലിറ്ററായി നിജപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പനി ഇപ്പോൾ തൽസ്ഥിതി തുടരുകയാണ്. എന്നാൽ കമ്പനി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്താൻ ഫ്ളോമീറ്റർ, ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് അറിയുവാനുള്ള എനർജി മീറ്റർ എന്നിവ 2011 മാർച്ച് മാസം തന്നെ കമ്പനി സ്ഥാപിച്ചിട്ടുണ്ട്. SCADA സംവിധാനം 2012 ഏപ്രിൽ മാസം മുതൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

## ശിപാർശ

ഭൂജല ലഭ്യത രണ്ടു വർഷം കൂടുമ്പോൾ വിലയിരുത്തപ്പെടേണ്ടതാണെങ്കിലും കമ്പനി പ്രവർത്തനം തുടങ്ങിയശേഷം അത്തരമൊരു വിലയിരുത്തൽ നടത്തപ്പെട്ടിട്ടില്ല എന്നത് ഖേദകരമാണ്. ടെറിയുടെ റിപ്പോർട്ടിലും ഭൂജല ലഭ്യത വിലയിരുത്തണമെന്നും കമ്പനിക്ക് എടുക്കാവുന്ന ഭൂജലത്തിന്റെ അളവ് തിട്ടപ്പെടുത്തി ഉചിതമായ മാറ്റം വരുത്തേണ്ടതാണെന്നും അർത്ഥശങ്കക്കിടയില്ലാത്തവിധം വ്യക്തമാക്കിയിട്ടുണ്ട്.

ഭൂജല വകുപ്പുതന്നെ ഈ പ്രവർത്തനങ്ങൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഫ്ളോ മീറ്റർപോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണ

മെന്നും ജലം എടുക്കുന്നതിന് ഉപയോഗിക്കുന്ന വൈദ്യുതി ഉപഭോഗത്തിന്റെ തോതും ഫ്ളോ മീറ്ററിന്റെ യൂണിറ്റും വച്ചുനോക്കി കമ്പനി ഒരു ദിവസം എടുക്കുന്ന ഭൂഗർഭ ജലത്തിന്റെ അളവ് കണ്ടുപിടിക്കാവുന്നതും ഇടവേളകളിൽ ഇത് പരിശോധിച്ച് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

ഭൂജല വകുപ്പ് പെപ്സി കമ്പനിയുടെ പ്രതിദിന ജല ഉപഭോഗത്തെ സംബന്ധിച്ചുള്ള കണക്കുകൾ നിരീക്ഷിച്ചുവരുന്നുണ്ട്. പ്രതിദിന ജല ഉപഭോഗം അറിയുന്നതിനുവേണ്ടി SCADA സംവിധാനമുൾപ്പെടെയുള്ള സംവിധാനങ്ങൾ കമ്പനി നടപ്പാക്കിയിട്ടുണ്ട്. ഇതിൽ നിന്ന് വിവരങ്ങൾ വകുപ്പ് ശേഖരിക്കുകയും പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. 2013 ജൂൺ മാസം ലഭ്യമായ ഏറ്റവും പുതിയ ഡാറ്റ പ്രകാരം കമ്പനിയുടെ പ്രതിദിന ശരാശരി ഉപഭോഗം 4.76 ലക്ഷം ലിറ്ററാണ്.

<u>ശിപാർശ</u>

ഭൂജലത്തെ ആശ്രയിച്ചുമാത്രം ഈ വ്യവസായ സംരംഭം മുമ്പോട്ട് കൊണ്ടുപോകുകയെന്നത് പ്രായോഗികതലത്തിൽ സൃഷ്ടിച്ചേക്കാവുന്നതും ഇതിനകം അനുഭവത്തിൽ വന്നിട്ടുള്ളവയുമായ പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിന് ഉൾക്കാഴ്ചയോടുകൂടിയ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് സമിതി കരുതുന്നു. ഭൂജലത്തിന് പുറമേ മലമ്പുഴ റിസർവോയർപോലെയോ അതുപോലെയുള്ള മറ്റ് ജലസ്രോതസ്സുകളേയോ ഉപരിതല ജലത്തിനായി ഉപയോഗിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. എന്നാൽ പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിലായിരിക്കണം ഇത്തരം മറ്റ് ജല സ്രോതസ്സുകളെ ഉപയോഗപ്പെടുത്തേണ്ടത്. മഴവെള്ളക്കൊയ്ത്ത്, ഭൂജല സമ്പത്ത് പരിപോഷിപ്പിക്കുന്നതിനുള്ള (ഗ്രൗണ്ട് വാട്ടർ റീചാർജിംഗ്) മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ ഏകോപനം ഭൂജല വകുപ്പിന്റെ നേതൃത്വത്തിൽ തന്നെ നടത്തി ജനങ്ങളുടെ പ്രയാസങ്ങൾക്ക് അറുതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

കഞ്ചിക്കോട് പെപ്സി കമ്പനി സ്ഥിതി ചെയ്യുന്ന മലമ്പുഴ ബ്ലോക്ക് ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മറ്റിയുടെ 2009-ലെ റിപ്പോർട്ട് അനുസരിച്ച് 'Critical' Block ആണ്. പാലക്കാട് ജില്ലയിൽ ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപ്രേക്ഷണത്തിനും പ്രാധാന്യം നൽകികൊണ്ട് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ ഈയിനത്തിൽ വകുപ്പ് നീക്കിവച്ചിട്ടുണ്ട്. പെപ്സി കമ്പനി അവരുടെ കമ്പനിക്ക് സമീപം മഴവെള്ള സംഭരണത്തിനും റീചാർജ്ജിനുമായി രണ്ട് വലിയ കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭാഗം IV

## സമിതി പരിഗണിച്ച ബിൽ, കരട് ചട്ടം എന്നിവ സംബന്ധിച്ച വിവരങ്ങൾ

### "2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ"

I. "2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ" 2013 ഏപ്രിൽ 1-ന് സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റി III-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ബില്ലിലെ വിഷയത്തിന്മേൽ പൊതുജനങ്ങളുടെ അഭിപ്രായം ആരാഞ്ഞ് വിശദമായ ചർച്ചകൾക്കു ശേഷം മാത്രം ആവശ്യമായ ഭേദഗതികളോടെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചാൽ മതിയെന്ന തീരുമാനത്തിലെത്തുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റിക്ക് പ്രസ്തുത വിഷയം സംബന്ധിച്ച് വിദഗ്ദ്ധരിൽ നിന്നും തെളിവെടുക്കുവാനും ബില്ലിൽ പ്രതിപാദിക്കുന്ന വിഷയം സംബന്ധിച്ച് പ്രത്യേക താത്പര്യമുള്ള പ്രതിനിധികൾക്ക് പറയുവാനുള്ളത് കേൾക്കുവാനും നിയമസഭാ ചട്ടം അനുവദിക്കുന്നുണ്ടെങ്കിലും സഭയുടെ തീരുമാനം ബില്ല് സബ്ജക്ട് കമ്മിറ്റി III പരിഗണിക്കണം എന്നതായിരിക്കെ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് അയയ്ക്കുവാൻ തീരുമാനമെടുക്കാൻ കമ്മിറ്റിക്ക് കഴിയുകയില്ല എന്ന് ബഹു. സ്പീക്കറുടെ 3-4-2013-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ തുടർന്ന് ചേർന്ന 16-4-2013-ലെ യോഗത്തിൽ പ്രസ്തുത ബിൽ സമിതി വീണ്ടും പരിഗണിക്കുകയും വിദഗ്ദ്ധരിൽ നിന്നും താല്പര്യമുള്ള പ്രതിനിധികളിൽ നിന്നും പറയുവാനുള്ളത് കേൾക്കുവാനും ആവശ്യമെങ്കിൽ വിവിധ ജില്ലകളിൽ തെളിവെടുപ്പ് നടത്തുന്നതിനും വിശദമായ ചർച്ചകൾക്കുശേഷം മാത്രം ആവശ്യമായ ഭേദഗതികളോടെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിച്ചാൽ മതിയെന്ന് സമിതി തീരുമാനിക്കുകയും ചെയ്തു.

എന്നാൽ 6-5-2013-ൽ ചേർന്ന യോഗം പ്രസ്തുത ബിൽ പരിഗണിക്കുകയും 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ സംബന്ധിച്ച് തൽകാലം ചർച്ച നടത്തേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു. പിന്നീട് 21-1-2014-ൽ ചേർന്ന യോഗത്തിൽ 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബില്ലിലെ (ബിൽ നമ്പർ 208) നിർദ്ദേശങ്ങൾ ഉപേക്ഷിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത ബിൽ പിൻവലിക്കുന്നതിന് പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുമതിക്കായി ബഹു. ജലവിഭവ വകുപ്പുമന്ത്രി നൽകിയ നോട്ടീസ് സമിതി പരിഗണിക്കുകയും ബിൽ പിൻവലിക്കുന്നതിന് ശിപാർശ ചെയ്യുകയും ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് 27-1-2014-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

II. 2012-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവഷൻ (അമന്റ്മെന്റ്) റൂൾസ് സംബന്ധിച്ച കരട് ചട്ടം.

കേരള ഡാം സേഫ്റ്റി അതോറിറ്റി അംഗങ്ങളുടെ സിറ്റിംഗ് ഫീസും, സ്പെഷ്യൽ അലവൻസും വർദ്ധിപ്പിക്കുന്നതിനായുള്ള 2012-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ് റൂൾസ് സംബന്ധിച്ച കരട് ചട്ടം സമിതിയുടെ 3-7-2013-ൽ ചേർന്ന യോഗം പരിഗണിക്കുകയും ചട്ടം-1 (Short titile and Commencement)-ൽ '2012' എന്നത് '2013' ആക്കി മാറ്റുക എന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

കൂടാതെ പ്രസ്തുത കരട് ചട്ടത്തിന്റെ പരിഗണനാവേളയിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സിറ്റിംഗ് ഫീസും സ്പെഷ്യൽ അലവൻസും മാറ്റം വരുത്തുന്നതിനുള്ള അധികാരം ചട്ടങ്ങളിലെ ഭേദഗതി കൂടാതെ തന്നെ സർക്കാരിനെ ഏൽപിച്ചു കൊടുക്കുന്ന തരത്തിൽ സംവിധാനം ഉണ്ടാകണമെന്ന ജലവിഭവ വകുപ്പിന്റെ നിർദ്ദേശം നടപ്പിൽ വരുത്തണമെങ്കിൽ Kerala Irrigation and Water Conservation Act, 2003 (Act-31 of 2003-ൽ ഭേദഗതി വരുത്തണമെന്ന നിയമവകുപ്പിന്റെ അഭിപ്രായം സമതി അംഗീകരിക്കുയും അതിനായി ഭേദഗതി ബിൽ അടിയന്തരമായി കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഭരണ വകുപ്പായ ജലവിഭവ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

## ഭാഗം V

## സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കാലതാമസ പത്രികകളും സംബന്ധിച്ച വിവരങ്ങൾ

I. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236(6) പ്രകാരം 2011-12 സാമ്പത്തിക വർഷത്തെ ശുദ്ധജലവിതരണവും ശുചീകരണവുമെന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന വാർഷിക പ്രവർത്തന റിപ്പോർട്ട് 9-4-2013-ലും, 2012-13 സാമ്പത്തിക വർഷത്തെ ശുദ്ധജല വിതരണവും ശുചീകരണവുമെന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയെയും, കൃഷി ചെറുകിട ജലസേചനം എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ 21-1-2014-ലും 2012-13 സാമ്പത്തിക വർഷത്തെ കൃഷി (ചെറുകിട ജലസേചനം) എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിലുൾപ്പെടുന്ന കമാന്റ് ഏരിയ വികസന അതോറിറ്റിയുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് 5-2-2014-ലും വകുപ്പുമന്ത്രി സഭയിൽ സമർപ്പിച്ചു.

II. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 60-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രിക 19-6-2013-ലും 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 26, 33, 38, 44 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതമാസ പത്രിക 28-1-2014-ലും വകുപ്പുമന്ത്രി സഭയിൽ സമർപ്പിച്ചു.

പി. ജെ. ജോസഫ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി III.*

തിരുവനന്തപുരം,
2014 ജൂലൈ 2.

## അനുബന്ധം - I

## ഭരണാനുമതി സംബന്ധിച്ച ജലവിതരണപദ്ധതികളുടെ ലിസ്റ്റ്

**Office of the Managing Director, Kerala Water Authority**

| ക്രമ നമ്പർ | പദ്ധതികൾ | സ്വീകരിച്ച നടപടി |
|---|---|---|
| | **Administrative Sanction required during 2011-12** | |
| 1. | Replacement of old worn out pipe lines of existing water supply schemes in State including Trivandrum city and adjoining areas. | Budget allocation for the year 2011-12 - Rs.6500 lakhs<br>As issued for Rs.7579.90 lakhs including Rs.4911.00 lakhs for Thiruvananthapuram |
| 2. | Replacement of old worn out pipe lines of Vazhiparambu Mathrumala WSS in Kottayam. | As for Rs.30.20 lakhs issued vide WS/73/2011-12 dated 31.03.2012. Work completed. |
| 3. | RWSS to Lakkattoor | As for Rs.25.00 lakhs issued vide WS/72/2011-12 dated 31.03.2012. Work in progress. |
| 4. | WSS to Vengara and adjoining panchayats in Malappuram District. | As for Rs.100.00 lakhs issued vide G.O(Rt)No. 411/2012/WRD dated 28.03.2012. Work in progress. |
| 5. | Improvements of various water supply schemes under Pala Municipality. | As for Rs.230.00 lakhs issued vide G.O dated 03.08.2012. Work completed. |

| | | |
|---|---|---|
| 6. | WSS to Ramapuram and adjoining villages. | As obtained for Rs.6545.00 lakhs Revised DER-deviation proposal with tunnel under scrutiny. |
| 7. | Replacement of old and damaged pipes of existing WSS-Vaikom WSS-replacing old pipes, construction of clear water pump house and installation of new pump sets. | Construction of clear water pump house and installation of pump sets taken up separately under NRDWP-WSS to quality affected habitations in Vechoor Panchayath. (As Rs.750.00 lakhs 11/2012) Revised estimate exclusively for Replacement of pipes amounting to Rs.120.00 lakhs. Under scruiny. |

**Proposals sanctioned under SLSSC-2011**

**A. New Projects (Centre: State - 50:50)**

| | നടപടിക്രമങ്ങൾ പൂർത്തിയാകാത്ത പദ്ധതികൾ | ഭരണാനുമതി നല്കിയ തിയതി |
|---|---|---|
| 1. | Providing water supply to Quality affected habitations - wards 2,6,7,9 of Niranam Panchayath, ward 9 of Kadapra Panchayath, wards 6 & 7 of Nedumpuram Panchayath, Project Division, Adoor. | 10-04-2012 |
| 2. | Providing water supply to Quality affected habitations - wards 3, 4, 7 & 8 of Peringara Panchayath, Project Division, Adoor. | 10-04-2012 |
| 3. | WSS to Perunadu & Athikkayam Phase 1, PD Division, Changanassery. | 26-05-2012 |

| | | |
|---|---|---|
| 4. | WSS to Ezhumattur Panchayath Phase 1, IPD Sub Division, Thiruvalla. | 10-04-2012 |
| 5. | WSS to Amalapuram and Thattupara in Ayyampuzha Panchayath, Project Division, Perumbavoor. | 17-08-2012 |
| 6. | Augmentation of WSS to Kottappady, PH Division, Muvattupuzha | 26-07-2012 |
| 7. | Improvements of RWSS to Valakom, PH Division, Muvattupuzha | 17-08-2012 |
| 8. | RWSS to Kavalangadu Grama Panchayath and ward No.4 and 5 of Pallarimangalam Grama Panchayath, PH Division, Muvattupuzha. | 17-08-2012 |
| 9. | Rural Water Supply Scheme to Quality affected habitations in Vechoor Village in Kottayam District, Project Division, Piravom. | 06-11-2012 |
| 10. | ARWSS to Vannapuram village, Project Division, Kattappana. | 29-06-2012 |
| 11 | Extension of Water supply to hilly areas of Kumily Grama Panchayath in Idukki District, Project Division, Kattappana. | 29-06-2012 |
| 12. | Extension of Water supply to the uncovered areas in Erattayar Panchayath, Project Division, Kattappana. | 12-03-2013 |
| 13 | Providing water supply scheme to Adimali & nearby areas of Mannamkandom village in Idukki District, PH Division, Thodupuzha. | 18-10-2012 |

| | | |
|---|---|---|
| 14. | Providing water supply scheme to District Head Quarters, Idukki, Painavu colony, Cheruthony and Thannikkandam area of Vazhathope Panchayath, PH Division, Thodupuzha. | 05-11-2012 |
| 15. | water supply scheme to Kumaramangalam Panchayath in Idukki District Phase 1, PD Sub Division, Thodupuzha. | 29-06-2012 |
| 16. | CWSS to Coyalmannam, Thenkurissi and Kannadi Panchayaths in Palakkad District, WS Project Division, Palakkad. | 11-05-2012 |
| 17. | CWSS to Peringottukurissi and Kuthannur Panchayaths in Alathur Taluk, WS Project Division, Palakkad. | 11-05-2012 |
| 18. | WSS for coverage of quality affected habitations of Kodumbu and Polpully Panchayath in Palakkad District, WS Project Division, Palakkad. | 31-03-2012 |
| .19. | WSS to Kannamangalam Panchayath, Project Divsion, Malappuram. | 22-05-2012 |
| 20. | WSS to Muniyur Panchayath, Project Divsion, Malappuram. | 22-05-2012 |
| 21. | Improvements to Abdurahiman Nagar Grama Panchayath in Malappuram District – providing balance distribution network, Project Divsion, Malappuram. | 11-05-2012 |
| 22. | WSS to Varimel village – laying distribution system, Project Division, Kozhikkode. | 31-03-2012 |
| 23. | WSS to Paleri - laying distribution system, balance work, Project Division, Kozhikkode. | 22-05-2012 |

| | | |
|---|---|---|
| 24. | ARWSS to Thrippangottur village in Thalassery Taluk of Kannur District - providing distribution system, Project Division, Mattannur. | 26-05-2012 |
| 25. | WSS to East Eleri Panchayath of Hosdurg Taluk in Kasargod District, Project Division, Kannur. | 04-06-2012 |

**Proposals under sustainability (100% grant)**

| | I. **Source sustainability** | |
|---|---|---|
| | **നടപടിക്രമങ്ങൾ പൂർത്തിയാകാത്ത പദ്ധതികൾ** | **ഭരണാനുമതി നല്കിയ തീയതി** |
| 1. | Construction of a check dam across Vamanapuram river, Project Division, Trivandrum. | 17-11-2012 |
| 2. | Project Proposal for conservation of Sasthamcotta Lake in Kollam District, PH Division, Kollam. | 23-08-2012 |
| 3. | ARWSS to Thrippangottur Village in Thalassery Taluk of Kannur District – providing vented cross bar in the river source, Project Division, Mattannur. | 20-04-2012 |
| 4. | ARWSS to Uppala and adjoining villages construction of an RCC weir across Uppala river at Kodangal, PH Division, Kasargod. | 01-09-2012 |

**II. Rainwater Harvesting**

| | | |
|---|---|---|
| 1. | PH Division, Kottayam<br>No. of Double Family Units – 1000 | 10-04-2012 |
| 2. | PH Division, Thodupuzha<br>No. of Double Family Units – 500 | 23-03-2013 |

| | **Proposals for WSS to Rural Schools SLSSC – 2011 (Centre: State – 50:50)** | |
|---|---|---|
| 1. | GMLPS, Koomanna, PH Division, Malappuram. | 09-03-2012<br>ടെണ്ടർ ക്ഷണിച്ച് പണികൾ നടന്നു വരുന്നു. |
| 2. | GLPS, Theyyampadikuth, PH Division, Malappuram. | 09-03-2012<br>സ്രോതസ്സ് അപര്യാപ്തമായതിനാൽ പുതിയ സ്രോതസ്സ് കണ്ടെത്തുന്നതിനുള്ള നടപടികൾ ആരാഞ്ഞുവരുന്നു. |
| 3. | GMLPS, Ayirani, PH Division, Edappal | 13-01-2012 |

| | | | |
|---|---|---|---|
| 4. | GMLPS, Valavannur, PH Division, Edappal | 13-01-2012 | പണികൾ പൂർത്തീകരിച്ചു |
| 5. | GMLPS, Kaithakkara, PH Division, Edappal | 13-01-2012 | |
| 6. | GWLPS, Irimbiliyam, PH Division, Edappal | 13-01-2012 | |
| 7. | GLPS, Manjakadavu, PH Division, Kozhikkode | 11-07-2012 | |
| 8. | GLPS, Kadalmad, PH Division, Sulthan Bathery | Completed using local body fund | |
| 9. | WSS to Cheruthazham HSS, WS Division, Kannur | 13-06-2012 | |
| 10. | WSS to Kunhimangalam HSS, WS Division, Kannur | 12-07-2012 | |
| 11. | WSS to Madayi Girls HSS, WS Division, Kannur | 26-05-2012 | |
| | **Support Activities (2010-11) by Kerala Water Authority Approved by XVth SLSSC meeting held on 05.06.2010** | | |
| 1. | Procurements of Equipment<br>Estimated Cost – Rs.5.00 Lakhs | സ.ഉ. നമ്പർ 1084/11/WRD തീയതി 25.10.2011 പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. | |
| 2. | MIS<br>Estimated Cost – Rs.300.00 Lakhs | | |
| 3. | WQMSP<br>Estimated Cost – Rs.180.52 Lakhs | | |
| 4. | R & D<br>Estimated Cost – Rs.20.50 Lakhs | | |

| | | |
|---|---|---|
| 5. | Other Support Activities – M&I<br>Estimated Cost – Rs.75.58 Lakhs | |
| | **Total Estimated Cost – Rs.581 Lakhs** | |

| | | |
|---|---|---|
| | **Support Activities (2010-11)**<br>**Approved by XVI[th] SLSSC meeting held on 03.10.2011** | |
| | **(a) Kerala Water Authority** | |
| 1. | MIS<br>Estimated Cost – Rs.304.65 Lakhs | |
| 2. | WQMSP<br>Estimated Cost – Rs.176.44 Lakhs | സ.ഉ. നമ്പർ 289/2012/WRD തീയതി 05.03.2012 പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. |
| 3. | M&I<br>Estimated Cost – Rs.85.00 Lakhs | |
| | **Total Estimated Cost – Rs.566.09 Lakhs** | |
| | **(b) CCDU** | |
| 1. | Establishment Expenses<br>Estimated Cost – Rs.26.60 Lakhs | |
| 2. | IEC Activities<br>Estimated Cost – Rs.85.00 Lakhs | സ.ഉ. നമ്പർ |

| | | |
|---|---|---|
| 3. | Community Involvement<br>Estimated Cost – Rs.7.93 Lakhs | 289/2012/WRD തീയതി 05.03.2012 പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. |
| 4. | Training Programmes (HRD)<br>Estimated Cost – Rs.51.00 Lakhs | |
| 5. | Water Quality Monitoring<br>Estimated Cost – Rs. 82.41 Lakhs | |
| 6. | R&D Activities<br>Estimeated Cost – Rs.5.00 Lakhs | |
| | **Total Estimated Cost – Rs.257.94 Lakhs** | |
| | **(c) Mobile Lab (CWRDM) : Rs.30.47 Lakhs** | |
| | **Grand Total : Rs. 854.50 Lakhs** | |

**ചീഫ് എഞ്ചിനീയറുടെ കാര്യാലയം, പദ്ധതി വിഭാഗം II**

| ക്രമ നമ്പർ | പദ്ധതികൾ | സ്വീകരിച്ച നടപടി |
|---|---|---|
| 1. | പെരിയാർ വാലി പദ്ധതിയുടെ പുനരുദ്ധാരണം | സർക്കാർ ഉത്തരവ് നം.(സാധാ)33/2013/ജ.വി.വ തീയതി 18.01.2013 പ്രകാരം 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ച് 16 കോടി രൂപയുടെ പ്രവർത്തികൾക്ക് പുതുക്കിയ അംഗീകാരം നൽകുകയും പ്രവർത്തികൾ ഏർപ്പാടാക്കുകയും |

| | | |
|---|---|---|
| | | ചെയ്തിട്ടുണ്ട്. 31.03.2013 വരെ 14.38 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. |
| 2. | പമ്പാ ജലസേചന പദ്ധതിയുടെ പുനരുദ്ധാരണം | സർക്കാർ ഉത്തരവ് നം.(സാധാ)33/2013/ജ.വി.വ തീയതി 18.01.2013 പ്രകാരം 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ച് 7.25 കോടി രൂപയുടെ പ്രവർത്തികൾക്ക് പുതുക്കിയ അനുമതി നൽകുകയും പ്രവർത്തികൾ ഏർപ്പാടാക്കുയും 31.03.2013 വരെ 4.78 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| 3. | ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം പുനരുദ്ധാരണം | സർക്കാർ ഉത്തരവ് നം.(സാധാ)33/2013/ജ.വി.വ തീയതി 18.01.2013 പ്രകാരം 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ച് 9.73 കോടി രൂപയുടെ പ്രവർത്തികൾക്ക് പുതുക്കിയ അംഗീകാരം നൽകുകയും പ്രവർത്തികൾ ഏർപ്പാടാക്കുയും 31.03.2013 വരെ 7.47 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

അനുബന്ധം II

## 1-4-2013-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ഒരു യോഗം 2013 ഏപ്രിൽ 1-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 6.15-ന് നിയമസഭാ കോംപ്ലക്സിലെ 'V A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എ. എം. ആരിഫ്
2. ശ്രീ. വി. റ്റി. ബൽറാം
3. ശ്രീ. കെ. കെ. ജയചന്ദ്രൻ
4. ശ്രീ. ജി. എസ്. ജയലാൽ
5. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
6. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
7. ശ്രീ. റ്റി. എൻ. പ്രതാപൻ
8. ശ്രീ. തോമസ് ഉണ്ണിയാടൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. വി. ദിനേശ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. എ. കെ. സിംഗ്, എം.ഡി., കേരള വാട്ടർ അതോറിറ്റി
6. ശ്രീ. വി. എസ്. പ്രദീപ്, എഫ്.എം. & സി.എ.ഒ., കേരള വാട്ടർ അതോറിറ്റി.

2013 ഏപ്രിൽ 1-ന് സഭയിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റി III-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്ത "2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ" സമിതി പരിഗണനയ്ക്കെടുത്ത അവസരത്തിൽ, ഈ ബില്ലിലെ വിഷയത്തിന്മേൽ പൊതുജനങ്ങളുടെ അഭിപ്രായം ആരാഞ്ഞ് വിശദമായ

ചർച്ചകൾക്കുശേഷം മാത്രം ആവശ്യമായ ഭേദഗതികളോടെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചാൽ മതിയെന്ന തീരുമാനത്തിലെത്തുകയും പ്രസ്തുത വിവരം സമിതി ചെയർമാൻ ബഹു. സ്പീക്കറെ അറിയിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 6.30-ന് പിരിഞ്ഞു.

## 16-4-2013-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 16-4-2013 ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എ. എം. ആരിഫ്, എം.എൽ.എ.
2. ശ്രീ. വി. റ്റി. ബൽറാം, ”
3. ശ്രീ. കെ. കെ. ജയചന്ദ്രൻ, ”
4. ശ്രീ. വർക്കല കഹാർ, ”
5. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, ”

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ബി. സുരേഷ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, (വാട്ടർ റിസോഴ്സസ്) ഡിപ്പാർട്ട്മെന്റ്.
2. ശ്രീമതി സി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ, പ്രോജക്ട് I, കോഴിക്കോട്.
3. ശ്രീ. ബി. ജയറാം, ചീഫ് എഞ്ചിനീയർ, പ്രോജക്ട് II, തിരുവനന്തപുരം.
4. ശ്രീ. ബാലൻ, എ. പി., ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്
5. ശ്രീ. മഹാനുദേവൻ, വി. കെ., ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. തിരുവനന്തപുരം.
6. ശ്രീ. കെ. സോമൻ, അഡീഷണൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്
7. ശ്രീമതി കെ. ജി. അരുണാകുമാരി, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

8. ശ്രീ. എം. രാജശേഖർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കുട്ടാനാട് ഡെവലപ്പ്മെന്റ് സർക്കിൾ, കോട്ടയം.

9. ശ്രീ. ജി. അനിൽ കുമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (1), സതേൺ സർക്കിൾ, തിരുവനന്തപുരം.

10. ശ്രീ. എം. കെ. സെബാസ്റ്റ്യൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (1), നോർത്തേൺ സർക്കിൾ, കോഴിക്കോട്.

11. ശ്രീ. കെ. പി. മോഹനദാസൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്) പ്രോജക്ട് സർക്കിൾ, കണ്ണൂർ.

12. ശ്രീ. ടി. വി. തോമസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, (അഡീഷണൽ) ഇറിഗേഷൻ, തൃശ്ശൂർ.

13. ശ്രീ. ബാബു പി. വർഗ്ഗീസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ, എറണാകുളം.

14. ശ്രീ. സാജുപോൾ, അസിസ്റ്റന്റ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്.

സമിതി 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം സംബന്ധിച്ചുള്ള സൂക്ഷ്മപരിശോധന നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നല്കുകയും ചെയ്തു.

2700-01-101-98—<u>പെരിയാർ നദീതടപദ്ധതി (വാണിജ്യപരം)-(സംരക്ഷണപ്പണികൾ-മറ്റുചെലവുകൾ</u>

വിഹിതം : 7,02,00,000 രൂപ (നോൺ പ്ലാൻ)

പെരിയാർ നദീതട പദ്ധതിയുടെ നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കായി 6.90 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. അക്വഡറ്റുകളുടെയും പാലങ്ങളുടെയും കനാലുകളുടെയും സംരക്ഷണപ്പണികൾക്കും ക്രോസ് ഡ്രെയിനേജ് പ്രവൃത്തികൾക്കും വേണ്ടി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

പണത്തിന്റെ കുറവും, അക്വിസഷനിലുള്ള താമസവും, കോടതയിൽ കേസുകളും ഉള്ളതുകൊണ്ടാണ് വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനെ സംബന്ധിച്ച് വിശദമായി സബ്ജക്ട് കമ്മിറ്റി മറ്റൊരു ദിവസം ചർച്ച ചെയ്യാമെന്ന് സമിതി ചെയർമാൻ അറിയിച്ചു.

പട്ടിശ്ശേരിയിലെ പണി ഉടൻ ആരംഭിക്കുമെന്നും ബഡ്ജറ്റിൽ 25.15 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും സിമിതി ചെയർമാൻ അറിയിച്ചു.

മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ട്, കാവേരി ട്രിബ്യൂണലുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ അവാർഡുകൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ധനകാര്യ മന്ത്രിയെ ഉൾപ്പെടുത്തി ഒരു യോഗം കൂടണമെന്ന് സിമിതി ചെയർമാൻ ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

പറമ്പിക്കുളം-ആളിയാർ കേസ് സംബന്ധിച്ച് തമിഴ്നാട് മുഖ്യമന്ത്രിക്ക് മൂന്നു തവണ കത്തെഴുതിയിട്ടുണ്ടെന്നും 12 ടി. എം. സി. വെള്ളത്തിനു പുറമെ 1.8 ടി.എം.സി. ഉൾപ്പെടെ ആകെ 3 ടി. എം. സി. വെള്ളം വേണമെന്നാണ് കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2700-04-101-98—മംഗലം പദ്ധതി (വാണിജ്യപരം)—സംരക്ഷണപ്പണികൾ—മറ്റു ചെലവുകൾ

വിഹിതം : 1,02,50,000 രൂപ (നോൺ പ്ലാൻ)

മംഗലം പദ്ധതിയുടെ സംരക്ഷണപ്പണികൾക്കായി 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. നിരക്കുവർധന കാരണം അറ്റകുറ്റപ്പണികൾക്കായി 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2700-05-101-98—മീൻകര പദ്ധതി (വാണിജ്യപരം)

വിഹിതം : 61,00,000 രൂപ (നോൺ പ്ലാൻ)

മീൻകര പദ്ധതിയുടെ സംരക്ഷണപ്പണികൾക്ക് അനുവദിച്ചിട്ടുള്ള 60 ലക്ഷം രൂപ അപര്യാപ്തമായതിനാൽ, അറ്റകുറ്റപ്പണികൾക്കായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2700-11-101-98—നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)

വിഹിതം : 5,36,00,000 രൂപ (നോൺ പ്ലാൻ)

നെയ്യാർ ജലസേചന പദ്ധതിയുടെ സംരക്ഷണപ്പണികൾക്ക് അനുവദിച്ചിട്ടുള്ള 5.06 കോടി രൂപയും തോട്ടങ്ങളുടെ സംരക്ഷണപ്പണികൾക്ക് അനുവദിച്ചിട്ടുള്ള 30 ലക്ഷം രൂപയും അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണപ്പണികൾക്ക് 1 കോടി രൂപയും തോട്ടങ്ങളുടെ സംരക്ഷണപ്പണികൾക്ക് 1 കോടി രൂപയും ചേർത്ത് ആകെ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2700-12-101-98—പഴശ്ശി പദ്ധതി (വാണിജ്യേതരം)

വിഹിതം : 1,00,50,000 രൂപ (നോൺ പ്ലാൻ)

പഴശ്ശി പദ്ധതിയുടെ സംരക്ഷണപ്പണികൾക്ക് 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ വെള്ളപ്പൊക്കത്തിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ വെളിച്ചത്തിൽ ഈയിനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2700-13-101-98—കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

വിഹിതം : 2,42,00,000 രൂപ (നോൺ പ്ലാൻ)

കുറ്റ്യാടി ജലസേചന പദ്ധതിയുടെ സംരക്ഷണപ്പണികൾക്ക് 2.40 കോടി രൂപയാണ് നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വലിയ നീർപ്പാലങ്ങളുടെ പുനർ നിർമ്മാണം അത്യാവശ്യമായതിനാൽ സംരക്ഷണപ്പണികൾക്ക് 5 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2700-14-101-98—വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വിഹിതം : 1,71,00,000 രൂപ (നോൺ പ്ലാൻ)

വടക്കാഞ്ചേരി പദ്ധതിയിൽ തോട്ടങ്ങളുടെ സംരക്ഷണപ്പണികൾക്കായുള്ള ബഡ്ജറ്റ് വിഹിതം 6 ലക്ഷം രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-16-101-98—പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

വിഹിതം : 4,60,00,000 രൂപ (നോൺ പ്ലാൻ)

പമ്പാ ജലസേചനപദ്ധതിയുടെ സംരക്ഷണപ്പണികൾക്കായി വകകൊള്ളിച്ചിട്ടുള്ള 4.60 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണപ്പണികൾക്കായി 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-18-101-98—കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 2,04,50,000 രൂപ (നോൺ പ്ലാൻ)

കാഞ്ഞിരപ്പുഴ പദ്ധതിയുടെ സംരക്ഷണപ്പണികൾക്കായി വകയിരുത്തിയിട്ടുള്ള 2 കോടി രൂപ അപര്യാപ്തമായതിനാൽ അറ്റകുറ്റപ്പണികൾക്കായി 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-26-101-99—തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്

വിഹിതം : 8,00,000 രൂപ (നോൺ പ്ലാൻ)

തണ്ണീർമുക്കം പദ്ധതിയുടെ വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റിനായി അനുവദിച്ചിരിക്കുന്ന 8 ലക്ഷം രൂപ വേതനം നൽകുന്നതിന് അപര്യാപ്തമായതിനാൽ ഈയിനത്തിൽ 7 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-27-101-98—കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

വിഹിതം : 7,00,64,000 രൂപ (നോൺ പ്ലാൻ)

കല്ലട ജലസേചന പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി വകകൊള്ളിച്ചിട്ടുള്ള 7 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണപ്പണികൾക്കും, കാഡ പൂർത്തിയാക്കിയ പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾക്കുമായി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-80-004-99—ഗവേഷണം-ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്

വിഹിതം : 10,80,14,000 രൂപ (നോൺ പ്ലാൻ)

ഐ.ഡി.ആർ.ബി.യിലെയും ഡിവിഷൻ ഓഫീസുകളിലെയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന 10.8014 കോടി രൂപ അപര്യാപ്തമായതിനാൽ 4.0007 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-80-800-98—<u>ഡാം സൈറ്റുകൾ മനോഹരമാക്കൽ</u>

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ഡാം സൈറ്റുകൾ മനോഹരമാക്കുന്നതിനും ടൂറിസം വികസനത്തിനുമായി ടോക്കൺ പ്രൊവിഷൻ (1,000 രൂപ) മാത്രമേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഈയിനത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-01-101-98—<u>പീച്ചി ജലസംഭരണ പദ്ധതി (വാണിജ്യപരം)-സംരക്ഷണ പ്പണികൾ-മറ്റ് ചെലവുകൾ</u>

വിഹിതം : 4,02,00,000 രൂപ (നോൺ പ്ലാൻ)

പീച്ചി ജലസംഭരണപദ്ധതിയുടെ സംരക്ഷണപ്പണികൾക്ക് അനുവദിച്ചിരിക്കുന്ന 4 കോടി രൂപ അപര്യാപ്തമായതിനാൽ എസ്.എൽ.ആർ. ജീവനക്കാരുടെ വേതനവും കുടിശ്ശിക വേതനവും നൽകുവാൻ 4.2140 കോടി രൂപയും സംരക്ഷണപ്പണി കൾക്കും മറ്റുമായി 4.03 കോടി രൂപയും ചേർത്ത് ആകെ 8.2440 കോടി രൂപ അധിക മായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-03-101-98—<u>ചീരക്കുഴി പദ്ധതി (വാണിജ്യപരം)-സംരക്ഷണപ്പണികൾ-മറ്റ് ചെലവുകൾ</u>

വിഹിതം : 1,00,05,000 രൂപ (നോൺ പ്ലാൻ)

ചീരക്കുഴി പദ്ധതിയുടെ സംരക്ഷണപ്പണികൾക്കായി 100.05 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ റിസർവോയറിന്റെ സംഭരണശേഷി കൂട്ടുന്നതിന് ചെക്ക് ഡാം നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-13—<u>കബനി കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)</u>

വിഹിതം : ഇല്ല

നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. പദ്ധതിപ്രകാരം ഏർപ്പാടാക്കിയ വരൾച്ച ദുരിതാശ്വാസ പദ്ധതി കൾക്കായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-15-101-99—<u>കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്</u>

വിഹിതം : 9,00,000 രൂപ (നോൺ പ്ലാൻ)

വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ അനുവദിച്ചിട്ടുള്ള 9 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-15-101-98—<u>കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-മറ്റുചെലവുകൾ</u>

വിഹിതം : 2,00,00,000 രൂപ വോട്ടുചെയ്തത് (നോൺ പ്ലാൻ)

തോട്ടപ്പള്ളി സ്പിൽവേയുടെയും മറ്റ് ബണ്ടുകളുടെയും സംരക്ഷണ പ്പണികൾക്കായി 2 കോടി രൂപയാണ് (വോട്ടുചെയ്തത്) നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടാത്ത മറ്റ് ബണ്ടുകളുടെ സംരക്ഷണത്തിനായി അധികതുക അനിവാര്യമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-001-94—<u>ഇടത്തരം ജലസേചനം-ഓഫീസ് നെറ്റ്‌വർക്കിംഗ്</u>

വിഹിതം : ഇല്ല

ഇറിഗേഷൻ വകുപ്പ് ഓഫീസുകളിൽ നെറ്റ്‌വർക്കിംഗിനുള്ള തുക ഈ കണക്കിന ത്തിൽ നിന്നും ചെലവാക്കുന്നു. നടപ്പ് സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഓഫീസ് നെറ്റ്‌വർക്കിനും കമ്പ്യൂട്ടറുകൾ വാങ്ങുന്ന തിനുമായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-005-99—<u>സർവ്വേയും ഇൻവെസ്റ്റിഗേഷനും-ഇൻവെസ്റ്റിഗേഷൻ സർക്കിളുകളും ഡിവിഷനുകളും</u>

വിഹിതം : 10,61,07,000 രൂപ (നോൺ പ്ലാൻ)

ഇൻവെസ്റ്റിഗേഷൻ സർക്കിളിലെയും ഡിവിഷനുകളിലെയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 10.6107 കോടി രൂപ അപര്യാപ്തമായതിനാൽ 3.4851 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-005-98—<u>അന്വേഷണവും ഗവേഷണവും-34-മറ്റ് ചെലവുകൾ</u>

വിഹിതം : 22,00,000 രൂപ (നോൺ പ്ലാൻ)

പര്യവേഷണവും ഗവേഷണവും സംബന്ധിച്ച മറ്റുചെലവുകൾക്കായി നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 22 ലക്ഷം രൂപയിൽ നിന്നും റെയിൻഗേജ് റീഡർമാരുടെ വേതനവും കൂടി നൽകുന്നതിനാൽ, വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ റെയിൻഗേജ് റീഡർമാരുടെ വേതനത്തിനും കുടിശ്ശിക വേതനത്തിനുമായി 13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-005-96—<u>മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ചുള്ള വിശദപഠനം</u>

വിഹിതം : ഇല്ല

ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ (ജി.എസ്.ഐ.) റിപ്പോർട്ട് പ്രകാരമുള്ള അധിക ബാർഹോൾ എക്സ്പ്ലോറേഷൻ തുടങ്ങിയ പഠനങ്ങൾ നടത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-005-95—ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്

വിഹിതം : 2,18,66,000 രൂപ (നോൺ പ്ലാൻ)

ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ പാലക്കാടിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 2.1866 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 88.84 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-052-98—ഇടത്തരം ജലസേചനം-യന്ത്രോപകരണങ്ങൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും

വിഹിതം : 90,00,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ യന്ത്രസാമഗ്രികളും അവയുടെ അറ്റകുറ്റപ്പണികൾക്കും വേണ്ടിയുള്ള, 34-മറ്റുചെലവുകൾ എന്ന ഇനത്തിൽ 5.5 ലക്ഷം രൂപയും ആലപ്പുഴ മെക്കാനിക്കൽ ഡിവിഷനിലെ വർക്ക് ഷോപ്പിൽ ജോലി ചെയ്യുന്നവരുടെ വേതനത്തിനുവേണ്ടി 02-വേതനം എന്ന ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 3.5 ലക്ഷം രൂപയും തികച്ചും അപര്യാപ്തമാണ്. ആയതിനാൽ മെക്കാനിക്കൽ ജീവനക്കാരുടെ വേതനം നൽകുന്നതിന് 02-വേതനം എന്ന ഇനത്തിൽ 10 ലക്ഷം രൂപയും യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികൾക്കുള്ള 34-മറ്റുചെലവുകൾ എന്ന ഇനത്തിൽ 20 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-800-97—മറ്റ് ജലസേചന പണികളുടെ സംരക്ഷണപ്പണികളും അറ്റകുറ്റപ്പണികളും

വിഹിതം : 2,50,00,000 രൂപ (നോൺ പ്ലാൻ)

പൂർത്തിയായ ജലസേചനപദ്ധതികളിൽ സംരക്ഷണപ്പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണപ്പണികൾക്കും തൃശ്ശൂർ കോൾ നിലങ്ങളിൽ ജലസേചനവികസന പ്രവർത്തനങ്ങൾക്കുമായി 2.5 കോടി രൂപയാണ് നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം. ഇത് അപര്യാപ്തമായതിനാൽ 2.5 കോടി രൂപ കൂടി ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-800-92—അണക്കെട്ട് സുരക്ഷാസംഘടനയും സുരക്ഷാ സന്നാഹങ്ങളും

വിഹിതം : 10,00,000 രൂപ (പ്ലാൻ)

അണക്കെട്ട് സുരക്ഷാ അവലോകനപഠനം, സുരക്ഷാ സന്നാഹങ്ങൾ നടത്തുന്നതിന് ആവശ്യമായ ഭരണച്ചെലവും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ-സംരക്ഷണം

വിഹിതം : 10,00,00,000 രൂപ വോട്ടുചെയ്തത് (നോൺ പ്ലാൻ)

വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾക്കും നദീതീര സംരക്ഷണത്തിനും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2711-01-103-98—വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ

വിഹിതം : 10,00,00,000 രൂപ, വോട്ടുചെയ്തത് (നോൺ പ്ലാൻ)

വെള്ളപ്പൊക്കനിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കുമായി 10 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2711-02-103-99—കടലാക്രമണനിരോധന പണികൾ-സംരക്ഷണം

വിഹിതം : 15,00,00,000 രൂപ, വോട്ടുചെയ്തത് (നോൺ പ്ലാൻ)

കടൽ ഭിത്തികൾക്ക് നേരിടുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനും അവയുടെ സംരക്ഷണപ്പണികൾക്കും കൂടാതെ പ്രകൃതിക്ഷോഭത്തിൽ നിന്ന് കടൽ തീരത്തെ സംരക്ഷിക്കുന്നതിനുമുള്ള അടിയന്തരപ്പണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2711-02-800-99—കടലാക്രമണ നിരോധനം സംബന്ധിച്ച പദ്ധതികൾ-കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം

വിഹിതം : 2,76,07,000 രൂപ (നോൺ പ്ലാൻ)

കടലാക്രമണനിരോധന പദ്ധതിയുടെ ഭാഗമായി കടൽതീര മണ്ണൊലിപ്പ് തടയുന്നത് സംബന്ധിച്ച പഠനം നടത്തുന്ന ഒരു ഡിവിഷന്റെയും 2 സബ് ഡിവിഷനുകളുടെയും 5 സെക്ഷനുകളുടെയും പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന 2.7607 കോടി രൂപ അപര്യാപ്തമായതിനാൽ 52.53 ലക്ഷം രൂപ കൂടി ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ആലപ്പുഴയിൽ പുലിമുട്ട് നിർമ്മാണ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞതിന് 800 കോടി രൂപയുടെ പ്രോജക്ട് സമർപ്പിച്ചിരുന്നുവെങ്കിലും സി.ആർ.ഇസഡിന്റെ ക്ലിയറൻസ് വാങ്ങണമെന്നും നോംസ് പാലിക്കണമെന്നും പറഞ്ഞ് ക്വറിയിട്ട് കേന്ദ്രഗവൺമെന്റ് തിരിച്ചയച്ചിരിക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പാരിസ്ഥിതിക പ്രശ്നം മനസ്സിലാക്കുന്നതിന് കുറഞ്ഞത് രണ്ട് സീസണുകളിലെ കാലാവസ്ഥ നിരീക്ഷിക്കണമെന്നും ഇത് പൂർത്തീകരിക്കാൻ ഒന്നരക്കൊല്ലമെടുക്കുമെന്നും പ്രസ്തുത

വർക്ക് ചെയ്യുന്നതിനുള്ള കമ്പനിയുടെ ഒരു ഏജന്റ് തിരുവനന്തപുരത്ത് ഉണ്ടെന്നും അവർക്ക് അഡ്വാൻസായി പണം നൽകണമെന്നും പ്രസ്തുത തുക നല്കിയിട്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും പണം ലഭിച്ചില്ലെങ്കിൽ നൽകിയ തുക എക്സ്പെൻസായി നിലനിൽക്കുമെന്നും അറിയിച്ചു.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സി.ആർ.ഇസഡ് ക്ലിയറൻസ് വേണ്ട എന്ന് ഗൈഡ്‌ലൈൻസിൽ പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാമെന്നും, ഏത് പദ്ധതിയുടെയും ഫൈനൽ ക്ലിയറൻസിന് ടെക്നിക്കൽ സാംഗ്ഷൻ കൊടുക്കുന്നതിന് മുമ്പ് ഓരോ വർക്കിനും ടി.ഐ.എ. സ്റ്റഡി കഴിഞ്ഞേ ചെയ്യാവൂ എന്നും കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചാൽ അവർ പണം നൽകാമെന്നും ഈ രീതിയിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

4700-02-800-97—മലമ്പുഴ പദ്ധതി (വാണിജ്യപരം)-മറ്റുചെലവുകൾ-അണക്കെട്ടും അനുബന്ധപ്പണികളും

വിഹിതം : ഇല്ല.

നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ കുടിശ്ശിക ബില്ലുകൾ നൽകേണ്ടതായുണ്ട്. അവ നൽകുന്നതിലേക്ക് 5.344 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-20-001-97—ഇടമലയാർ പദ്ധതി (വാണിജ്യേതരം)-ഭരണവും നടത്തിപ്പും-നടത്തിപ്പ്

വിഹിതം : 7,29,95,000 രൂപ (പ്ലാൻ)

ഇടമലയാർ പദ്ധതിയുടെ മരാമത്ത് പണികൾക്കായി 1200 ലക്ഷം രൂപയും ലാന്റ് അക്വിസിഷൻ കേസുകൾക്കായി 70.05 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. 2013-ൽ ഭാഗികമായി കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ മരാമത്ത് പണികൾക്കായി 10 കോടി രൂപയും സ്ഥലമെടുപ്പിനായി 3 കോടി രൂപയും ചേർത്ത് ആകെ 13 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-22-001-97—മൂവാറ്റുപുഴ പദ്ധതി-ഭരണവും നടത്തിപ്പും-നടത്തിപ്പ്

വിഹിതം : 1,46,34,000 രൂപ (പ്ലാൻ)

മൂവാറ്റുപുഴ നദീതട പദ്ധതിയുടെ മരാമത്ത് പണികൾക്കായി 238.66 ലക്ഷം രൂപയും ലാന്റ് അക്വിസിഷൻ കേസുകൾക്കായി 15 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇത് അപര്യാപ്തമായതിനാലും 1974-ൽ ആരംഭിച്ച് 1994-ൽ ഭാഗികമായി കമ്മീഷൻ ചെയ്ത ഈ പദ്ധതി, 2014-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതിനാലും മരാമത്ത് പണികൾക്കായി 35 കോടി രൂപയും സ്ഥലമെടുപ്പിന് 5 കോടി രൂപയും സ്ഥലമെടുപ്പ് കേസുകൾക്ക് 5 കോടി രൂപയും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് 10 കോടി രൂപയും ചേർത്ത് ആകെ 55 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-25—<u>മൂലത്തറ ആർ.ബി. കനാൽ (വാണിജ്യേതരം)</u>

വിഹിതം : ഇല്ല.

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഈ വർഷം ആരംഭിക്കേണ്ട തിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-28-001-97—<u>ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)-ഭരണവും നടത്തിപ്പും-നടത്തിപ്പ്</u>

വിഹിതം : 1,23,14,000 രൂപ (പ്ലാൻ)

ബാണാസുര സാഗർ പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് 123.14 ലക്ഷം രൂപയും നിർമ്മാണപ്രവർത്തനങ്ങൾക്ക് 121.86 ലക്ഷം രൂപയും ലാന്റ് അക്വിസിഷൻ കേസുകൾക്കായി 5 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ മരാമത്ത് പ്രവൃത്തികൾക്ക് 4 കോടി രൂപയും ശമ്പളത്തിന് 1 കോടി രൂപയും ചേർത്ത് ആകെ 5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-80-005-99—<u>വൻകിട ജലസേചന പദ്ധതികളിന്മേൽ അന്വേഷണം</u>

വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

ഈ പദ്ധതിയുടെ മരാമത്ത് പണികൾക്കായി അനുവദിച്ച 128.57 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 3.7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-80-800-97—<u>ഡാം സുരക്ഷാ സംഘടനയും ഡാം സുരക്ഷാ നടപടികളും</u>

വിഹിതം : 1,90,00,000 രൂപ (പ്ലാൻ)

18 ഡാമുകളുടെ സുരക്ഷാ നടപടികൾക്കും അവയുടെ മരാമത്ത് പണികൾക്കും 162.85 ലക്ഷം രൂപയും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് 27.15 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിരുന്ന പ്രവൃത്തികൾ ഈ സാമ്പത്തികവർഷത്തിൽ ചെയ്യുന്നതിനും, സ്പിൽ ഓവർ വർക്കുകൾ നടത്തുന്നതിനുമായി 4.6 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-12-800-97—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-അട്ടപ്പാടി പദ്ധതി (പ്ലാൻ) (വാണിജ്യേതരം)-മറ്റുചെലവുകൾ-അണക്കെട്ടും അനുബന്ധ പണികളും</u>

വിഹിതം : ഇല്ല.

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. അനുമതി ലഭിച്ച പ്രവൃത്തികൾ ഈ വർഷം ആരംഭിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-18—ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് (വാണിജ്യേതരം)

വിഹിതം : ഇല്ല

ഈ സാമ്പത്തികവർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ശമ്പളം നൽകുന്നതിന് 1.70 കോടി രൂപയും കുടിശ്ശിക ബില്ലുകൾ നൽകുന്നതിന് 8 കോടി രൂപയും അനിവാര്യമായതിനാൽ, ഈ ശീർഷകത്തിൽ ആകെ 9.7 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-22-800-97—പലകപ്പാണ്ടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യേതരം)-മറ്റു ചെലവുകൾ-അണക്കെട്ടും അനുബന്ധ പണികളും

വിഹിതം : ഇല്ല

നടപ്പുസാമ്പത്തികവർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ കുടിശ്ശിക ബില്ലുകൾ നൽകുന്നതിന് തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-99—കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ പീച്ചി, സ്റ്റേജ് II-ന്റെ വികസനം

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

പീച്ചിയിലെ ഗവേഷണപഠനകേന്ദ്രത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന 2 കോടി രൂപ അപര്യാപ്തമായതിനാൽ 40.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

4701-80--800-96—നടപ്പാക്കിയ പദ്ധതികളെ വിലയിരുത്താനുള്ള പഠനം

വിഹിതം : 5,00,000 രൂപ (പ്ലാൻ)

പണി പൂർത്തിയായ ജലസേചന പദ്ധതികളെ വിലയിരുത്താനുള്ള പഠനത്തിനായി വകയിരുത്തിയിരിക്കുന്ന 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ, അനുമതി ലഭിച്ച വിലയിരുത്തൽ പഠനത്തിനായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-93—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

വിഹിതം : 1,28,00,000 രൂപ (പ്ലാൻ)

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ട പരിപാടിക്കായി 1.28 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാലും 2014 മേയ് മാസത്തിൽ പദ്ധതി പൂർത്തീകരിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 6 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-88—നദീതട സംഘടന രൂപീകരണം (എം.ജി.പി.)

വിഹിതം : 13,18,00,000 രൂപ (പ്ലാൻ)

മണ്ണുസംരക്ഷണം, മലിനീകരണനിയന്ത്രണം, വെള്ളപ്പൊക്ക നിയന്ത്രണം, ജലസമ്പത്തിന്റെ ശരിയായ ഉപയോഗം ഇവ ഉറപ്പാക്കി ഭാരതപ്പുഴയുടെയും മറ്റ് നദികളുടെയും നദീതട വികസനം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിക്ക് 13.18 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കേരളത്തിലെ ജലസ്രോതസ്സുകളെ കുറിച്ചുള്ള പഠനത്തിനും അവയുടെ ഡാറ്റാബാങ്ക് രൂപീകരണത്തിനുമായി കൂടുതൽ തുക അനിവാര്യമായതിനാൽ 36.82 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-81—ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനു വേണ്ടിയുള്ള നിലവാരനിർണ്ണയം

വിഹിതം : 5,00,000 രൂപ (പ്ലാൻ)

വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.95 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-76-02—മുൻഗണനാ പ്രവൃത്തികൾ—മരാമത്ത് പണികൾ

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. മുമ്പ് അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് 2011-ലെ എസ്.ഒ.ആർ. പ്രകാരം 35%-ഉം 2012-ലെ റേറ്റ് പ്രകാരം 12% ഉം ടെണ്ടർ എക്സസ് നല്കാമെന്ന് ചീഫ് സെക്രട്ടറി വിളിച്ച യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. മുഴുവൻ തുകയും കയ്യിൽ നിന്നും ചെലവാക്കുന്നതിന് ഗുണഭോക്തൃ സമിതിയ്ക്ക് പ്രായോഗിക വിഷമതകളുണ്ടെന്നും ടെണ്ടർ വിളിച്ച് പോകാതെ വരുന്ന കേസുകളിൽ നെഗോഷ്യേറ്റ് ചെയ്ത് കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇപ്പോഴത്തെ നിയമപ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കണമെങ്കിൽ ബാങ്ക് ഗ്യാരന്റി കൊടുക്കണമെന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സെക്യൂവേർഡ് അഡ്വാൻസ് കൊടുക്കുന്ന കാര്യം ആലോചിക്കാവുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

4711-01-103-99—വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്—സിവിൽ പണികൾ

വിഹിതം : ഇല്ല

തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തെ മറ്റുപ്രദേശങ്ങളിലെ വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികളുടെ ചെലവ് വഹിക്കുന്നതിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, അതിനായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-01-103-98—തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികൾ

വിഹിതം : ഇല്ല

ഈയിനത്തിൽ നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കുന്നതിന് അനുവദിച്ച പ്രവൃത്തികളുടെ ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് തുക അനിവാര്യമായതിനാൽ, അതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-01-103-90—കുട്ടനാട് പാക്കേജ്—മരാമത്ത് പണികൾ

വിഹിതം : 2,00,00,00,000 രൂപ (പ്ലാൻ)

കുട്ടനാട് പാക്കേജിന്റെ നിലവിലുള്ള നാല് സ്കീമുകൾ പൂർത്തീകരിക്കുവാൻ 204 കോടി രൂപ ഈ വർഷം ആവശ്യമായതിനാലും ഈ വർഷം കേന്ദ്രാനുമതി പ്രതീക്ഷിക്കുന്ന മൂന്ന് സ്കീമുകൾക്ക് ആകെ തുകയുടെ 10% ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതിനാലും ഈ പദ്ധതിക്കുവേണ്ടി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 200 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 261 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

4711-01-103-89—വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികൾ—മുൻഗണനാപ്രവൃത്തികൾ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ഈ കണക്കിനത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വെള്ളപ്പൊക്കനിയന്ത്രണപദ്ധതികളുടെ മുൻഗണനാ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് തുക അനിവാര്യമായതിനാൽ, ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-02-103-99-01—കടലാക്രമണനിരോധന പദ്ധതികൾ—സിവിൽ പണികൾ—മരാമത്ത് പണികൾ

വിഹിതം : 35,00,000 രൂപ, വോട്ടുചെയ്തത് (പ്ലാൻ)

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കിപ്പണിയുന്നതിനുമായി വകയിരുത്തിയിരിക്കുന്ന 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ മരാമത്ത് പണികൾക്കായി 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-02-103-92—13-ാം ധനകാര്യകമ്മീഷനിലുൾപ്പെട്ട മുൻഗണനാ പദ്ധതികൾ

വിഹിതം : ഇല്ല

പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തി യിട്ടില്ല. 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുന്ന കടൽഭിത്തി നിർമ്മാണത്തിന് തുക അനിവാര്യമായതിനാൽ, ഈ ശീർഷകത്തിൽ 25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

1-4-2013-ലെ യോഗനടപടിക്കുറിപ്പിലെ തീരുമാനങ്ങൾ സമിതി ചർച്ച ചെയ്യുകയും പ്രസ്തുത യോഗനടപടിക്കുറിപ്പിലെ സമിതി തീരുമാനങ്ങൾക്ക് താഴെപ്പറയും പ്രകാരം മാറ്റം വരുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

2013 ഏപ്രിൽ 1-ന് സഭയിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റി III-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്ത 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ സമിതി പരിഗണിക്കുകയും വിദഗ്ദ്ധരിൽ നിന്നും താല്പര്യമുള്ള പ്രതിനിധികളിൽ നിന്നും പറയുവാനുള്ളത് കേൾക്കുവാനും ആവശ്യ മെങ്കിൽ വിവിധ ജില്ലകളിൽ തെളിവെടുപ്പ് നടത്തുന്നതിനും വിശദമായ ചർച്ചകൾക്ക് ശേഷം മാത്രം ആവശ്യമായ ഭേദഗതികളോടെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിച്ചാൽ മതിയെന്ന തീരുമാനത്തിലെത്തുകയും ചെയ്തു.

ഉച്ചയ്ക്ക് 12.00 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 23-4-2013-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 23-4-2013 ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി.ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എ. എം. ആരിഫ്, എം.എൽ.എ.
2. ശ്രീ. വർക്കല കഹാർ, ,,
3. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), ,,
4. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ബി. സുരേഷ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, (വാട്ടർ റിസോഴ്സസ്) ഡിപ്പാർട്ട്മെന്റ്.
2. ശ്രീമതി ലതിക, പി., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിട്രേഷൻ.
3. ശ്രീ. പി. എസ്. പ്രദീപ്, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് (അഗ്രികൾച്ചർ) ഡിപ്പാർട്ട്മെന്റ്.
4. ശ്രീ. കെ. പി. ശ്രീകുമാർ, ജോയിന്റ് സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.
5. ശ്രീമതി രഹ്ന ബീഗം, ജോയിന്റ് സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.
6. ശ്രീമതി എസ്. വി. കല, ഡെപ്യൂട്ടി സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.
7. ശ്രീ. ബാബു എൻ. ജോസഫ്, ഡയറക്ടർ, ഭൂജല വകുപ്പ്.
8. ശ്രീ. എം. ജി. രാജമാണിക്യം, എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി.
9. ശ്രീ. കെ. കെ. രമേശൻ, അഡ്മിനിസ്ട്രേറ്റർ, കാഡ.
10. ശ്രീ. ടി. സി. സുബ്രാവു, ചീഫ് എഞ്ചിനീയർ, (നോർത്തേൺ റീജിയൺ) കേരള വാട്ടർ അതോറിറ്റി, കോഴിക്കോട്.
11. ശ്രീമതി രമണി, എ. കെ., ചീഫ് എഞ്ചിനീയർ, (നോർത്തേൺ റീജിയൺ) കേരള വാട്ടർ അതോറിറ്റി, എറണാകുളം.
12. ശ്രീ. പി. ശ്രീകുമാരൻ നായർ, ചീഫ് എഞ്ചിനീയർ, (സതേൺ റീജിയൺ) കേരള വാട്ടർ അതോറിറ്റി.
13. ശ്രീമതി ആനിയമ്മ അലക്സ്, ചീഫ് എഞ്ചിനീയർ, (എച്ച്.ആർഡി & ജി.ഇ.), കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
14. ശ്രീമതി ലതാ കുമാരി എ. പിള്ള, ചീഫ് എഞ്ചിനീയർ, (ജെ.ഐ.സി.എ.) കേരള വാട്ടർ അതോറിറ്റി.
15. ശ്രീ. റ്റി. ജി. രാജശേഖരൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, (പി.എച്ച്. സർക്കിൾ) കേരള വാട്ടർ അതോറിറ്റി.
16. ശ്രീ. പി. എസ്. രാജേന്ദ്ര ബാബു, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി.
17. ശ്രീ. വി. എസ്. പ്രദീപ് (ഫിനാൻസ് മെമ്പർ & സി.എ.ഒ), കേരള വാട്ടർ അതോറിറ്റി.
18. ശ്രീ. കെ. മോഹൻ, ഡയറക്ടർ (ടെക്നിക്കൽ), കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി.

സമിതി 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ-XX ശുദ്ധജല വിതരണവും ശുചീകരണവും ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം) എന്നിവയെ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും താഴെപ്പറയുന്ന ശുപാർശകൾ നല്കുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജല വിതരണവും ശുചീകരണവും

2215-01-102-97—കുമരകത്തും പാറശ്ശാലയിലും പുതിയ കുടിവെള്ള പദ്ധതികൾ

കുമരകത്തും പാറശ്ശാലയിലും പുതിയ കുടിവെള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 15 കോടി രൂപ തീരെ അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-102-96—എരുമേലി പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

എരുമേലി പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 3.25 കോടി രൂപ അപര്യാപ്തമായതിനാൽ സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള പദ്ധതിയുടെ നടത്തിപ്പിനായി 6.75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-102-95—കിളിമാനൂർ, പഴയകുന്നുമേൽ, മടവൂർ എന്നീ പ്രദേശങ്ങളിലെ ശുദ്ധജലവിതരണ പദ്ധതി

കിളിമാനൂർ, പഴയകുന്നുമേൽ, മടവൂർ എന്നീ പ്രദേശങ്ങളിലെ ശുദ്ധജലവിതരണ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ടി 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-102-91—ഹരിപ്പാട് പ്രദേശത്തെ സമഗ്രകുടിവെള്ള പദ്ധതി

ഹരിപ്പാടും സമീപപ്രദേശങ്ങൾക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2 കോടി രൂപ അപര്യാപ്തമായതിനാൽ പദ്ധതിക്കു വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനായി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-99-04—കേരള ജല അതോറിറ്റിക്കുള്ള സഹായധനം—നഗര ജലവിതരണ സ്കീമുകൾ—നിലവിലുള്ള സ്കീമുകളുടെ മെച്ചപ്പെടുത്തലും പുനരുദ്ധാരണവും

നഗര ജലവിതരണ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ ശുദ്ധജലവിതരണ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-99-07—കേരള ജല അതോറിറ്റിക്കുള്ള സഹായധനം—മറ്റു ഗ്രാമീണ ജലവിതരണ പദ്ധതികൾ—നിലവിലുള്ള സ്കീമുകൾ മെച്ചപ്പെടുത്തൽ

പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ ശുദ്ധജലവിതരണ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-99-31—കേരള ജല അതോറിറ്റിക്കുള്ള സഹായധനം—ശമ്പളം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്) ശമ്പളം നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 100.7884 കോടി രൂപ അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റുന്നതിന് അധിക പദ്ധതിയേതര സഹായമായി 10.90 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-99-36—കേരള ജല അതോറിറ്റിക്കുള്ള സഹായധനം—ശമ്പളേതരം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്) പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 79.9906 കോടി രൂപ അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റുന്നതിന് 239.79 കോടി രൂപ അധിക പദ്ധതിയേതര സഹായമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-94—ഉപയോഗശൂന്യവും പഴയതുമായ കുഴലുകൾ മാറ്റിസ്ഥാപിക്കൽ

ഉപയോഗശൂന്യമായതും പഴയതുമായ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിലേക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 90 കോടി രൂപ അപര്യാപ്തമായതിനാൽ, പദ്ധതിയുടെ ആവശ്യകത പരിഗണിച്ച് 10 കോടി രൂപയും ചേർത്തല കുടിവെള്ള പദ്ധതിക്ക് മാത്രമായി 68 കോടി രൂപയും ചേർത്ത് ആകെ 78 കോടി രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ജലത്തിന് ദൗർലഭ്യമുള്ള സാഹചര്യമായിട്ടും ഗുണമേന്മയില്ലാത്ത പൈപ്പിട്ടിരിക്കുന്നതുമൂലം കുടിവെള്ളം പാഴായി പോകുന്നുവെന്ന് സമിതി ചൂണ്ടിക്കാണിച്ചു. പഴയ പൈപ്പിലേക്ക് പമ്പിംഗ് ചെയ്യുന്നതുകൊണ്ടാണ് പൈപ്പുകൾ പൊട്ടുന്നതെന്നും ഇതിന്റെ എസ്റ്റിമേറ്റെല്ലാം ശരിയായിട്ടുണ്ടെന്നും സംസ്ഥാന ബഡ്ജറ്റിൽ നിന്നു തന്നെ അതിനുള്ള തുക വകയിരുത്താമെന്നും പൈപ്പിടുമ്പോൾ മെയിൻ റോഡിന്റെ രണ്ട് വശത്തുകൂടി പൈപ്പിടണമെന്ന് ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും കൂടുതൽ സ്ഥലത്തേക്ക് ഇടുന്നതിനുമായി 68 കോടി രൂപ സ്പെഷ്യൽ പ്രൊപ്പോസലായി ക്യാബിനറ്റിൽ കൊടുക്കാമെന്ന് സമിതി ചെയർമാൻ അറിയിച്ചു.

കിളിമാനൂർ, ആറ്റിങ്ങൽ നിയോജകമണ്ഡലങ്ങളിൽ പഴയ പൈപ്പ് മാറ്റി പുതിയവ ഇടുന്നതിന്റെ പണികൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഡി.ഐ., എം.എസ്. പൈപ്പുകൾ മാത്രം വാങ്ങിയാൽ മതിയെന്ന തീരുമാനമെടുത്തിട്ടുണ്ടെന്ന് സമിതി ചെയർമാൻ അറിയിച്ചു.

അന്തർദേശീയ നിലവാരമുള്ള കൺസൾട്ടന്റാണ് ജി.ആർ.പി. പൈപ്പ് സെലക്ട് ചെയ്തിട്ടുള്ളതെന്നും ഒന്ന് രണ്ട് സ്ഥലങ്ങളിൽ മാത്രമാണ് പൊട്ടലുകൾ സംഭവിച്ചിട്ടുള്ള തെന്നും ആയതിന്റെ റിപ്പോർട്ട് തയ്യാറായിക്കൊണ്ടിരിക്കുകയാണെന്നും ജലവിഭവ വകുപ്പ് സമിതിയെ അറിയിച്ചു.

പൈപ്പുകൾ എവിടെയൊക്കെ ഏതൊക്കെ സ്ഥലങ്ങളിലാണ് പൊട്ടിയതെന്നും, അത് എങ്ങനെയാണ് പരിഹരിച്ചതെന്നും, നിലവിലെ സ്ഥിതി എന്നിവ മനസ്സിലാക്കുന്ന തിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി spot verificatios നടത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പൊട്ടിയ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിലുള്ള സാമ്പത്തിക ചെലവാണ് പ്രധാന പ്രശ്നമെന്നും, പൈപ്പുകൾ മുഴുവൻ മാറ്റണമെങ്കിൽ 1500 കോടി രൂപ വേണ്ടിവരുമെന്നും കഴിഞ്ഞകൊല്ലം 85 കോടി രൂപയും ഈ വർഷം 90 കോടി രൂപയുമാണ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളതെന്നും, പൊട്ടിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി മറ്റ് കണക്കിനങ്ങളിൽ നിന്നും കുറച്ച് തുക ഇതിലേക്ക് വകയിരുത്തുകയോ, എം.എൽ.എ.-മാരുടെ അസെറ്റ് ഫണ്ട് മുഴുവനായി ഒന്ന് രണ്ട് വർഷത്തേക്ക് ഇതിലേക്കായി അനുവദിക്കുകയോ ചെയ്യുകയാണെങ്കിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പൊട്ടിയ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനായി നബാർഡിൽ നിന്നും കഴിഞ്ഞ വർഷം 200 കോടി രൂപ കിട്ടിയിട്ടുണ്ടെന്നും പുതിയ പദ്ധതികൾക്ക് മാത്രമേ നബാർഡ് തുക നല്കുകയുള്ളൂവെന്നും പൈപ്പ് മാറ്റുന്നതിന് റോഡ് മുറിക്കേണ്ടിവരുകയും തുടർന്ന് അത് ടാർ ചെയ്യുകയും ചെയ്യുന്നതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് അധിക തുക നൽകേണ്ടിവരുന്നതിനാൽ, റോഡിന്റെ രണ്ട് വശങ്ങളിലും ഓരോ മീറ്ററെങ്കിലും ഒഴിവാക്കി പൈപ്പ് ഇടുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയാൽ ചെലവ് കുറയ്ക്കാൻ സാധിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

റോഡിന്റെ പണി തുടങ്ങുമ്പോൾ തന്നെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് തുക കണ്ടെത്തുന്നതുപോലെ റോഡ് കട്ടിംഗ് മുതലായ കാര്യങ്ങൾകൂടി ഉൾപ്പെടുത്തി പ്രസ്തുത ജോലി പ്രാവർത്തികമാക്കണമെന്നും, പി.ഡബ്ല്യു.ഡി. ജോലികളും വാട്ടർ അതോറിറ്റിയുടെ വർക്കുകളും ഒരുപോലെ വരുമ്പോൾ റോഡ് പണി ചെയ്യുന്നതിനു മുമ്പ് അവരുമായി ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പി.ഡബ്ല്യൂ.ഡി. ചെയ്യുന്ന എല്ലാ ബ്രിഡ്ജുകൾക്കും ഒരു ഷട്ടർ കൂടി കൊടുക്കുന്ന സംവിധാനം കൊണ്ടുവരികയാണെന്നും എല്ലായിടത്തും റെഗുലേറ്റർ പണിയാൻ കഴിയുമോയെന്ന് നോക്കുകയാണെന്നും ആയതിനുള്ള അധിക ചെലവ് ഇറിഗേഷൻ വകുപ്പ് വഹിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ചീക്കോട് കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷന് നബാർഡ് നല്കാമെന്ന് പറഞ്ഞ തുക സംബന്ധിച്ച വിവരം ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും ആയത് എത്രയും പെട്ടെന്ന് പ്രാവർത്തികമാകുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2215-01-190-89—<u>തീരപ്രദേശങ്ങളിലും കുട്ടനാട്ടിലും ഉപ്പുവെള്ളം ശുചീകരിക്കുന്ന ദ്വിമുഖ പരിപാടികൾ ഉൾപ്പെടെയുള്ള നവീന സാങ്കേതികവിദ്യ</u>

കടലോര പ്രദേശങ്ങളിലും കുട്ടനാട്ടിലും നടപ്പിലാക്കുന്ന സമുദ്രജലത്തിൽ നിന്ന് ഉപ്പ് വേർതിരിച്ച് കുടിവെള്ളമാക്കുന്ന നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന പദ്ധതി കൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് കേരളത്തിലുടനീളം കുടിവെള്ള വിതരണം സുഗമവും കുറ്റമറ്റതാക്കുന്നതിനുവേണ്ടി 10 കോടി രൂപ അധികമായി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-800-67—<u>ജലനിധിയുടെകൂടെ ചേർക്കപ്പെട്ട പദ്ധതികൾ</u>

വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തതുപോലെ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 193.92 കോടി രൂപ അപര്യാപ്ത മായതിനാൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ജലനിധി പദ്ധതിയിലുള്ള ധാരാളം കുടിവെള്ള പദ്ധതികൾ മുടങ്ങികിടക്കുക യാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ജലനിധി പദ്ധതിയിൽ വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം വാങ്ങിക്കുകയും പഞ്ചായത്തും സഹായസംഘങ്ങളും വഴി വിതരണം ചെയ്യുകയുമാണ് ചെയ്യുന്നതെന്നും, അതിന്റെ പ്രവർത്തന ഘട്ടത്തിൽ വാട്ടർ അതോറിറ്റിക്ക് കൈമാറാൻ പാടില്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ജലനിധിയിൽ എല്ലാ പദ്ധതികൾക്കും പ്രാധാന്യം നല്കുന്നുണ്ടെന്നും അടുത്ത ഒരു വർഷത്തിനുള്ളിൽ അവ പൂർത്തീകരിക്കാൻ കഴിയുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

മഴവെള്ള സംഭരണി പ്രത്യേക പദ്ധതിയാണെന്നും, ജലനിധി ഇതുമായി ബന്ധപ്പെട്ട നടപടി കൈക്കൊള്ളുന്നുണ്ടെങ്കിലും അത് ജലനിധിയുടെ കീഴിലല്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

വെള്ളത്തിന്റെ ഗുണനിലവാരം മോശമായിട്ടുള്ള സ്കൂളുകളിൽ നടപ്പാക്കുന്ന ഒരു പദ്ധതിയാണ് 'ജലമണി' പദ്ധതിയെന്നും പദ്ധതിപ്രകാരം വൈദ്യുതിയിൽ പ്രവർത്തി ക്കുന്ന യൂണിറ്റിലൂടെ കടന്നുവരുന്ന വെള്ളം ശുദ്ധമായതാണെന്നും പ്രസ്തുത പദ്ധതിയുടെ സംരക്ഷണവും ചുമതലയും അതാത് സ്കൂളുകൾ തന്നെയാണ്

നിർവ്വഹിക്കേണ്ടതെന്നും, സർക്കാർ സ്കൂളുകളിൽ മാത്രം നടപ്പാക്കുന്ന ഈ പദ്ധതിക്ക് പതിനായിരം മുതൽ ഇരുപതിനായിരം രൂപ വരെ ഫണ്ട് നല്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പെപ്സി കമ്പനിയെപ്പറ്റിയുള്ള പത്രവാർത്തയെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പ്രോസസിംഗിനായി പെപ്സി കമ്പനി ഇപ്പോഴും 6 ലക്ഷം ലിറ്റർ ജലമാണ് എടുക്കുന്നതെന്നും ആയത് സംബന്ധമായി ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ഇത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലുമായി ചർച്ച ചെയ്യാമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയത്തിന്മേൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നതായി അറിയിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടതിന് അങ്ങനെ ചെയ്യാമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

2215-01-800-65—ഊർജ്ജസംരക്ഷണ പ്രവൃത്തികളും കാലഹരണപ്പെട്ട പമ്പുകൾ, മോട്ടോറുകൾ, മറ്റു വൈദ്യുത സാമഗ്രികൾ എന്നിവയുടെ പുനരുദ്ധാരണവും

പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2 കോടി രൂപ അപര്യാപ്തമായതിനാൽ ശുദ്ധജലവിതരണ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-800-64—മഴവെള്ളക്കൊയ്ത്തിന്റെയും KRWSA-യിലൂടെ GWR പരിപാടിയുടെയും അളവുയർത്തൽ

മഴവെള്ളക്കൊയ്ത്തിന്റെയും KRWSA-യിലൂടെ GWR പരിപാടിയുടെയും അളവുയർത്തലുമായി ബന്ധപ്പെട്ട വാർഷിക പദ്ധതി നിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 4 കോടി രൂപ അപര്യാപ്തമായതിനാൽ 8.02 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-800-59—തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിനുള്ള ശുദ്ധജലവിതരണ പദ്ധതി

നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 1 കോടി രൂപ അപര്യാപ്തമായതിനാൽ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-800-57—കുടിവെള്ളത്തിൽ നിന്നും ഇരുമ്പിന്റെ അംശം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വാർഷിക പദ്ധതി നിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 1.78 കോടി രൂപ അപര്യാപ്തമായതിനാൽ 72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-02-105-92—ഗുരുവായൂർ ഡ്രെയിനേജ് പദ്ധതി

ഗുരുവായൂർ ഡ്രെയിനേജ് പദ്ധതിക്കുള്ള പ്രത്യേക സഹായത്തിനായി നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 2 കോടി രൂപ മാത്രമാണെന്നതിനാലും പ്രസ്തുത പദ്ധതി നടപ്പുസാമ്പത്തികവർഷം പൂർത്തീകരിക്കേണ്ട തിനാലും ഇതിനായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-02-190-99-01—തിരുവനന്തപുരം സ്വീവറേജ് സ്കീം

തിരുവനന്തപുരം നഗരത്തിലെ സ്വീവറേജ് പദ്ധതിയുടെ വിപുലീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ പദ്ധതി നടത്തിപ്പിനായി 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-02-190-99-31—സ്വീവറേജ് പദ്ധതിയേതരം—ശമ്പളം

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 10.0050 കോടി രൂപ അപര്യാപ്തമായ തിനാൽ അടിയന്തരപ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റുന്നതിന് 13.90 കോടി രൂപ അധിക പദ്ധതിയേതര സഹായമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-02-190-99-36—കേരള ജല അതോറിറ്റിക്കുള്ള സഹായധനം—സ്വീവറേജ് പദ്ധതി യേതരം—ശമ്പളേതരം

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 7.865 കോടി രൂപ അപര്യാപ്തമായ തിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റുന്നതിന് അധിക പദ്ധതിയേതര സഹായമായി 10.90 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-102-98-01—നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണപദ്ധതികൾ

നബാർഡ് സഹായത്തോടെ RIDF XIV-ൽ 36 സ്കീമുകളും RIDF XVI-ൽ പമ്പുകൾ മാറ്റിവയ്ക്കുന്നതിനു വേണ്ടിയും RIDF XVII-ൽ 2(Excluding 52 Projects under Endosulphan Packages), RIDF XVIII പദ്ധതികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന 60 കോടി രൂപ അപര്യാപ്തമായതിനാൽ 40 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2012–13 സാമ്പത്തികവർഷം ജലവിഭവ വകുപ്പിന് ലഭ്യമായ തുകയിൽ 93% വരെ ചെലവാക്കിയെന്നും ആയതിന്റെ അംഗീകാരമായി 100 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും RIDF പദ്ധതികൾക്കായി 90 കോടി രൂപ അധികമായി ലഭിക്കുകയും അത്രയും ചെലവാക്കുകയും ചെയ്തിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം)

2702-01-800-94—ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം

നിലവിലുള്ള ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം എന്ന ശീർഷക ത്തിലെ 02—വേതനം എന്ന ഇനത്തിൽ 9 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്നത്. ഈ തുക വേതനം നൽകുന്നതിന് അപര്യാപ്തമായതിനാൽ 3 കോടി രൂപ കൂടി 02—വേതനം എന്ന ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-02-005-99—ഭൂഗർഭ ജലത്തിനുള്ള അന്വേഷണവും വികസനവും

നമ്മുടെ സംസ്ഥാനത്ത് എല്ലാ സ്ഥലങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്ന തിനായി കുഴൽക്കിണർ നിർമ്മാണം നടത്തുന്നതിനായി ഈ ശീർഷകത്തിൽ വകയിരു ത്തിയിരിക്കുന്ന 8 കോടി രൂപ അപര്യാപ്തമായതിനാൽ കുഴൽക്കിണർ നിർമ്മാണ ത്തിനായി വിവിധതരം ആധുനിക സാങ്കേതിക മികവുള്ള റിഗ്ഗുകളും, സയന്റിഫിക് ഉപകരണങ്ങളും വാങ്ങുന്നതിനായി 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൊല്ലം, ആലപ്പുഴ ജില്ലകളിൽ രണ്ട് റിഗ്ഗുകൾക്കായി രണ്ട് വർഷം മുമ്പ് പർച്ചേസ് ഓർഡർ കൊടുത്തിട്ടും, അവർ വിതരണം ചെയ്യാൻ താമസിച്ചതുകൊണ്ട് 10% പിഴ ഈടാക്കിയിരിക്കുകയാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പിഴ ഒഴിവാക്കിക്കൊടുത്ത് ഇത് സംബന്ധമായി അനുകൂലമായ തീരുമാനമെടുക്കണമെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെടുകയും അക്കാര്യം പരിഗണിക്കാമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

2702-02-005-82—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്—ഭൂഗർഭ ജലവിഭാഗം

ഭൂജല വകുപ്പും ജലസേചന വകുപ്പും സംയുക്തമായി ലോകബാങ്ക് സഹായ ത്തോടെ ഉപരിതല ജലത്തിനേയും ഭൂജലത്തിനേയും സംബന്ധിച്ച് സമഗ്രമായ ഒരു ഡാറ്റാ ബാങ്ക് ഉണ്ടാക്കുന്നതിനും കർഷകർ, ഗവേഷണ വിദ്യാർത്ഥികൾ, ആസൂത്രകർ, ജലവിഭവ മേഖലയിലെ ഇതര സംരംഭകർ എന്നിവർക്ക് ഉപയുക്തമായ രീതിയിൽ ഭൂജല പരിപാലനവും ആസൂത്രണവും നടപ്പിലാക്കാനായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിക്ക് നടപ്പുസാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാലും ശമ്പളം, വേതനം, യാത്രാബത്ത, യന്ത്രസാമഗ്രികൾ, പെട്രോൾ & ലൂബ്രിക്കൻസ്, മറ്റിനങ്ങൾ എന്നിവയ്ക്കും സപ്ലൈ ഓർഡർ നൽകിയിട്ടുള്ള ഉപകരണങ്ങൾക്കും നൽകുവാൻ അധിക തുക ആവശ്യമായതിനാലും ഈ ശീർഷകത്തിൽ 2.12 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-03-101-98-01—പ്രകൃതിക്ഷോഭംമൂലം നാശം സംഭവിച്ച ചെറുകിട ജലസേചന പണികൾ നന്നാക്കുന്നതിന്—മറ്റ് പരിപാടികൾ

ഈ സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തി യിട്ടില്ല. ആയതിനാൽ പണികൾ പൂർത്തിയാക്കുന്നതിനും കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-03-101-98-03—വെള്ളപ്പൊക്ക നാശംമൂലമുള്ള അറ്റകുറ്റപ്പണികൾ

വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് നേരിടുന്ന കെടുതികൾ ഇല്ലാതാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 11.22 കോടി രൂപ അപര്യാപ്തമാണ്. വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ നന്നാക്കുന്നതിനും തോടുകളുടെ പാർശ്വസംരക്ഷണത്തിനും 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കമാന്റ് ഏരിയാ വികസനം

2705-00-101-82—പഴശ്ശി പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

പഴശ്ശി പദ്ധതിയുമായി ബന്ധപ്പെട്ട സി.എ.ഡി.ഡബ്ല്യൂ.എം. കംപോണന്റുകളായ സർവ്വേ, പ്ലാനിംഗ് ആന്റ് ഡിസൈൻ, ട്രെയിനിംഗ് എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടില്ലാത്തതിനാലും ഫീൽഡ് ചാനൽ കംപോണന്റിന് വകയിരുത്തിയിരിക്കുന്ന 75 ലക്ഷം രൂപ അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2705-00-101-81—കാഞ്ഞിരപ്പുഴ പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

50% കേന്ദ്രാവിഷ്കൃത പദ്ധതിയായ കാഞ്ഞിരപ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ കമ്പോണന്റുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും സർവ്വേ, പ്ലാനിംഗ് ആന്റ് ഡിസൈൻ, മാനേജീരിയൽ സബ്സിഡി, ട്രെയിനിംഗ്, അഡാപ്ടീവ് ട്രയൽ എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടില്ലാത്തതിനാലും ഈ ശീർഷകത്തിൽ 91.30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2705-00-101-79—കല്ലട പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

കല്ലട പദ്ധതിയിൽ ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ ഇനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും പ്രസ്തുത പദ്ധതിയുടെ മാനേജീരിയൽ സബ്സിഡി, സർവ്വേ, പ്ലാനിംഗ്, ട്രെയിനിംഗ് എന്നിവയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാലും ഈ ശീർഷകത്തിൽ 19.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2705-00-101-75—മൂവാറ്റുപുഴ ജലസേചന പദ്ധതി

മൂവാറ്റുപുഴവാലി പദ്ധതിയുമായി ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ്, ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ കമ്പോണന്റുകൾക്കായി വകയിരുത്തിയിരിക്കുന്ന 2.15 കോടി രൂപ അപര്യാപ്തമായതിനാലും മാനേജീരിയൽ സബ്സിഡി, സർവ്വേ, പ്ലാനിംഗ്, ട്രെയിനിംഗ് എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടില്ലാത്തതിനാലും ഈ ശീർഷകത്തിൽ 3.07 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്

4702-00-101-99—ചെറുകിട ജലസേചന ജോലികൾ
01—മരാമത്തുകൾ

ചെക്ക്ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ ക്രോസ്ബാറുകൾ മുതലായവ നിർമ്മിച്ച് 200 ഹെക്ടർവരെ ജലസേചനമേർപ്പെടുത്തുന്നതിനുള്ള ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 1.581 കോടി രൂപയാണ്. സംസ്ഥാനത്ത് 700-ഓളം തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിന് 400 കോടി രൂപയുടെ ബൃഹത് പദ്ധതി നടപ്പിലാക്കുന്നകാര്യം ബഹു. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് നടപ്പിൽ വരുത്തുന്നതിലേക്കും ഏറ്റെടുത്ത പണികൾ പൂർത്തീകരിക്കുന്നതിലേക്കുമായി 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-93-01—ചെറുകിട ജലസേചന ജോലികൾ
നബാർഡ് സഹായത്തോടെയുള്ള പദ്ധതി—മരാമത്തുകൾ

നബാർഡിന്റെ സഹായമുള്ള ക്ലാസ്സ് 2 പ്രവൃത്തികൾക്ക് ഈ കണക്കിനത്തിൽ വകയിരുത്തിയിട്ടുള്ള 11.8577 കോടി രൂപ അപര്യാപ്തമായതിനാൽ ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-90—ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഏറ്റെടുത്ത പണികൾ പൂർത്തീകരിക്കുന്നതിനും കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കുന്നതിനുമായി 2 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-87-01—കുളങ്ങളുടെ നവീകരണം—മരാമത്തുകൾ

ചെറുകിട ജലസേചനത്തിനായി സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2010-11 വർഷത്തിൽ ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ മരാമത്ത് പണികൾ എന്ന ഇനത്തിൽ 3.9526 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. 2012-13 സാമ്പത്തികവർഷം കുളങ്ങളുടെ നവീകരണത്തിനായി 29 കോടി രൂപയുടെയും ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിക്കായി 72.758 കോടി രൂപയുടെയും ഭരണാനുമതി സർക്കാർ നല്കിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അധിക തുക ആവശ്യമായതിനാൽ, ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഏറ്റവും കൂടുതൽ ജലാശയങ്ങളുള്ള ആലപ്പുഴ ജില്ലയിൽ തോടുകളുടെ നവീകരണം സംബന്ധിച്ച് ഒരു പ്രത്യേക പാക്കേജ് കൊണ്ടുവരണമെന്ന് സമിതി അഭിപ്രായപ്പെട്ടു. മൈനർ ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്ക് പോലും

തുക തികയാത്ത അവസ്ഥയാണെന്നും എന്നിരുന്നാലും അത്യാവശ്യമുള്ള തോടുകളുടെ പണി ചെയ്യുന്നുണ്ടെന്നും, കുട്ടനാടൻ പാക്കേജിൽ തോടുകൾ ഉൾപ്പെടുത്താൻ കഴിയില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുളങ്ങൾ അംഗങ്ങൾ രേഖാമൂലം അറിയിച്ച കുളങ്ങളല്ല എന്നും, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിച്ച കുളങ്ങൾ ഉൾപ്പെടുത്തിയ ലിസ്റ്റ് സമിതി അംഗങ്ങൾക്ക് നല്കണമെന്നും, ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയ കുളങ്ങൾ അംഗങ്ങൾ നല്കിയതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ അത് മാറ്റുകയും വേണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

മൂന്ന് പുഴകൾ വന്നുചേരുന്ന സ്ഥലമായ ബാവിക്കര, മൂളിയാർ, ബേഡകം, ചെമ്മനാട് എന്നീ മൂന്ന് പഞ്ചായത്തുകളിലെ ജനങ്ങളുടെ പൊതുവഴിയാണെന്നും വളരെ ബുദ്ധിമുട്ടിയാണ് ബാവിക്കര പദ്ധതിക്ക് ക്യാബിനറ്റിൽ നിന്നും അനുവാദം കിട്ടിയതെന്നും അവിടെ ഒരു നടപ്പാത നിർമ്മിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത പദ്ധതിയിന്മേൽ മാറ്റം വരുത്തിയാൽ ഇപ്പോൾ നടക്കുന്ന പണിയും നിന്നുപോകുമെന്നും കുടിവെള്ളത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഇപ്പോൾ നടക്കുന്ന പണി തീർന്നതിനുശേഷം നടപ്പാതയെ സംബന്ധിച്ച് ആലോചിക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

4702-00-101-84—മുൻഗണനാ പ്രവൃത്തികൾ

മുൻഗണനാ പ്രവൃത്തികൾക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 1 കോടി രൂപ അപര്യാപ്തമായതിനാലും 2012-13 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച പണികൾ പൂർത്തിയാക്കുന്നതിന് അധിക തുക ആവശ്യമായതിനാലും ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-83—എം.എൽ.എ. മാർക്കുള്ള മുൻഗണനാ പദ്ധതികൾ (ചെറുകിട ജലസേചനം)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളു. എം.എൽ.എ. മാർക്കുള്ള മുൻഗണനാ പ്രവർത്തികൾക്കായി ഈ ശീർഷകത്തിൽ 75 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-102-98-01—നാഷണൽ ഹൈഡ്രോളജി പ്രോജക്ട് ഭൂഗർഭ ജലവിഭാഗം-മരാമത്തുകൾ

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 98,80,000 രൂപ അപര്യാപ്തമായതിനാലും എറണാകുളത്ത് പണി ചെയ്തു വരുന്ന ജില്ലാതല ഡാറ്റാ പ്രോസസിംഗ് സെന്റർ/ലാബ് കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് തുക ആവശ്യമായതിനാലും 2.572 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മീനച്ചൽ റിവർ വാലിയെ മൂന്ന് കമ്പോണന്റുകളായാണ് എടുക്കുന്നതെന്നും ഒമ്പത് സ്ഥലത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് പണിത് ഒഴുകിപ്പോകുന്ന വെള്ളം തടഞ്ഞുനിർത്തി നദിയെത്തന്നെ റിസർവോയറായി നിലനിർത്താവുന്നതാണെന്നും പഴക്കിക്കാനം എന്ന സ്ഥലത്ത് മൾട്ടിപ്പർപ്പസ് ഡാമായി 3 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ഒരു ചെറിയ ജലസേചന പദ്ധതി ചെയ്യാവുന്നതാണെന്നും മലങ്കര ഡാമിൽ നിന്നും ടണൽ വഴി വെള്ളം മീനച്ചൽ നദിയിലേക്ക് കൊണ്ടുവരുന്നതിനാണ് പ്രധാന തടസ്സമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

റഗുലേറ്റർ-കം-ബ്രിഡ്ജ് പണിയുകയാണെങ്കിൽ മീനച്ചൽ നദിയിൽ ആവശ്യത്തിന് വെള്ളം ശേഖരിക്കാൻ സാധിക്കുമെന്നും ഇതുമായി ബന്ധപ്പെട്ട പ്രശ്ന ങ്ങൾ എല്ലാവർക്കും തൃപ്തികരമായ രീതിയിൽ പരിഹരിക്കുവാൻ ശ്രമിക്കുകയാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഉച്ചയ്ക്കുശേഷം 12.30-ന് സമിതി യോഗം പിരിഞ്ഞു.

## 6-5-2013-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 6-5-2013 തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷത യിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. കെ. ജയചന്ദ്രൻ, എം.എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) ,,
3. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ,,
4. ശ്രീ. റ്റി. എൻ. പ്രതാപൻ ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരി ക്കുകയും ചെയ്തു.

കൂടാതെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

16-4-2013-ലെ യോഗനടപടിക്കുറിപ്പിലെ തീരുമാനങ്ങൾ സമിതി ചർച്ച ചെയ്യുകയും 2013 ഏപ്രിൽ 1-ന് സഭയിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്ത '2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ' സംബന്ധിച്ച് തൽക്കാലം ചർച്ച നടത്തേണ്ട തില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

രാവിലെ 11.30 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 3-7-2013-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി III (ജലവിഭവം)-ന്റെ യോഗം 3-7-2013 ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-D' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. വർക്കല കഹാർ, എം.എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), ,,
3. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, ,,
4. ശ്രീ. റ്റി. എൻ. പ്രതാപൻ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.
2. ശ്രീ. കെ. എസ്. ശ്രീനിവാസ്, സെക്രട്ടറി വ്യവസായ വകുപ്പ്.
3. ശ്രീ സാം സി. ഇട്ടിച്ചെറിയ, ഡയറക്ടർ ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ്.
4. ശ്രീ. കെ. സജീവൻ, ചെയർമാൻ, കേരളാ സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്
5. ശ്രീമതി അന്നമ്മ ജോൺ, മെമ്പർ (ജനറേഷൻ സർക്കിൾ) കെ.എസ്.ഇ.ബി.
6. ശ്രീ. ബാലൻ, എ. പി., ചീഫ് എഞ്ചിനീയർ, പ്രോജക്ട്-I.
7. ശ്രീ. കറപ്പൻകുട്ടി, കെ. കെ., ചീഫ് എഞ്ചിനീയർ, ഡാം സേഫ്റ്റി, കെ.എസ്.ഇ.ബി, പട്ടം.

8. ശ്രീമതി ലതിക, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ.

9. ശ്രീ. കെ. ജെ. ആന്റണി, അഡീഷണൽ സെക്രട്ടറി, പവർ ഡിപ്പാർട്ട്മെന്റ്.

10. ശ്രീ. കെ. സോമൻ, അഡീഷണൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.

11. ശ്രീ. കെ. മധുസൂദനൻ, അഡീഷണൽ ലാ സെക്രട്ടറി, ലാ ഡിപ്പാർട്ട്മെന്റ്.

12. ശ്രീ. ബാബു എൻ. ജോസഫ്, ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്.

13. ശ്രീ. ജയകുമാർ വർമ്മ, പി. കെ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി.

**I. കരട് ചട്ടത്തിന്റെ പരിഗണന**

ഫയൽ നമ്പർ 1102/സബ്.സി.1/13/ലെജി.

സമിതി 2012-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) റൂൾസ് പരിഗണിക്കുകയും ചട്ടം-1 (Short title and Commencement)-ൽ '2012' എന്നത് '2013' ആക്കി മാറ്റുക എന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

കൂടാതെ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സിറ്റിംഗ് ഫീസും സ്പെഷ്യൽ അലവൻസും മാറ്റം വരുത്തുന്നതിനുള്ള അധികാരം ചട്ടങ്ങളിലെ ഭേദഗതി കൂടാതെ തന്നെ സർക്കാരിനെ ഏല്പിച്ചുകൊടുക്കുന്ന തരത്തിൽ സംവിധാനം ഉണ്ടാകണ മെന്ന ജലവിഭവ വകുപ്പിന്റെ നിർദ്ദേശം നടപ്പിൽ വരുത്തണമെങ്കിൽ Kerala Irrigation and Water Conservation Act, 2003 (Act-31 of 2003)-ൽ ഭേദഗതി വരുത്തണമെന്ന നിയമ വകുപ്പിന്റെ അഭിപ്രായം സമിതി അംഗീകരിക്കുകയും അതിനായി ഭേദഗതി ബിൽ അടിയന്തിരമായി കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഭരണ വകുപ്പായ ജലവിഭവ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

**II. 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെയും പെപ്സി കമ്പനിയുടെ അമിത ജല ഉപയോഗവും ജല മലിനീകരണവും സംബന്ധിച്ച റിപ്പോർട്ടിലെയും 25-1-2012-ലെ യോഗനടപടിക്കുറിപ്പിലെയും ശുപാർശകളിന്മേൽ ലഭ്യമായ മറുപടികളുടെ പരിഗണന.**

1. 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

ഫയൽ നമ്പർ 4929/സബ്.സി.എ1/11/ലെജി.

ശുപാർശ നമ്പർ 28, 60

പ്രസ്തുത ശുപാർശകളിന്മേൽ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

2. 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

ഫയൽ നമ്പർ 3056/സബ്.സി.എ1/12/ലെജി.

ശുപാർശ നമ്പർ 46.

പ്രസ്തുത ശുപാർശയിന്മേൽ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

3. പെപ്സി കമ്പനിയുടെ അമിതജല ഉപയോഗവും ജല മലനീകരണവും സംബന്ധിച്ച റിപ്പോർട്ട്.

ഫയൽ നമ്പർ 13848/സബ്.സി.എ1/10/ലെജി.

ശുപാർശ നമ്പർ 29, 30

പ്രസ്തുത ശുപാർശയിന്മേൽ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

പെപ്സി കമ്പനിയുടെ അമിത ജല ഉപയോഗം തടഞ്ഞുകൊണ്ട് ഭൂജല വകുപ്പു കൂടി ഉൾപ്പെട്ട കമ്മിറ്റി 2.34 ലക്ഷം ലിറ്റർ ജലമേ ഉപയോഗിക്കാൻ പാടുള്ളുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിനെതിരെ കമ്പനി കോടതിയെ സമീപിക്കുകയും കോടതി അത് സ്റ്റേ ചെയ്യുകയും ഇത് സംബന്ധമായി വിദഗ്ദ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് നല്കണമെന്നും ആവശ്യപ്പെട്ടിരുന്നുവെന്നും സമിതി റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും ആയത് കോടതി പരിഗണയന്ക്ക് എടുത്തിട്ടില്ലെന്നും മലിന ജലം സംസ്ക്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനായി മലിനജല സംസ്കരണ പ്ലാന്റും റിവേഴ്സ് ഓസ്മോസിസ് സംവിധാനവും സ്വീവേജിനായി പ്രത്യേകം ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനവും നിലവിലുണ്ടെന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു.

2.34 ലക്ഷം ലിറ്റർ ജലമേ ഉപയോഗിക്കാവൂ എന്നതാണ് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടെന്നും പ്രസ്തുത കേസ് ഈയിടെയാണ് കോടതിയിൽ വന്നിട്ടുള്ളതെന്നും കമ്പനിക്ക് ഒബ്ജക്ഷൻ ഫയൽ ചെയ്യുവാനായി സമയം നല്കിയിരിക്കുകയാണെന്നും ഭൂജല വകുപ്പ് ഡയറക്ടർ അറിയിച്ചു.

പെപ്സി കമ്പനി അമിതമായി ജല ചൂഷണം നടത്തികൊണ്ടിരിക്കുകയാണെന്നും ഭൂജല വകുപ്പും മലിനീകരണ നിയന്ത്രണ ബോർഡും നിശ്ചയിച്ചതിനേക്കാൾ കൂടുതൽ ജലമാണ് ഇപ്പോൾ കമ്പനി എടുത്തുകൊണ്ടിരിക്കുന്നതെന്നും കേരളത്തിൽ ഏറ്റവും കൂടുതൽ ഭൂജല ദൗർലഭ്യമുള്ള പ്രദേശമായതിനാൽ എ.ജി. പ്രത്യേകമായി താല്പര്യമെടുക്കണമെന്ന് സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുണ്ടെന്ന് കാണിച്ച് എ.ജി.ക്ക് കത്തയയ്ക്കണമെന്ന് സമിതി ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകുകയും അപ്രകാരം ചെയ്യാമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

കൂടാതെ അജണ്ടയിൽ ഉൾപ്പെട്ട വിഷയമല്ലെങ്കിലും ചാലക്കുടി പുഴയിലെ മലിനീകരണം സംബന്ധിച്ചും ഈ വേളയിൽ സമിതി ചർച്ച ചെയ്തു.

ചാലക്കുടി പുഴയുടെ സമീപമുള്ള നിറ്റ ജലാറ്റിൻ കമ്പനി പുഴയിൽനിന്നും അമിതമായി ജലം എടുക്കുകയും കമ്പനിയിൽ നിന്നുള്ള മാലിന്യങ്ങൾ പുഴയിലേക്ക് ഒഴുക്കുകയും ചെയ്യുന്നതിനാൽ പുഴയിലെ വെള്ളം കുടിക്കാനുപയോഗിക്കുന്ന ജനങ്ങളുടെ ജീവന് ഭീഷണിയാവുകയും പുഴയിലെ മത്സ്യങ്ങൾ ചത്തുപൊങ്ങുകയും ചെയ്യുന്നുവെന്നും എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 6 ശുദ്ധജല

പദ്ധതികളും 12 ഇറിഗേഷൻ പദ്ധതികളും ചാലക്കുടി പുഴയിലാണെന്നും അവിടെ രണ്ട് സ്ഥലത്ത് മാത്രമാണ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉള്ളതെന്നും സമിതി അഭിപ്രായപ്പെട്ടു. 33% മാത്രം കെ.എസ്.ഐ.ഡി.സി. ഓഹരി ഉള്ളതും കോടിക്കണക്കിന് രൂപ ലാഭമുള്ളതുമായ നിറ്റ ജലാറ്റിൻ കമ്പനിക്ക്, മുഖ്യമന്ത്രി ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയുടെ രണ്ടാം യോഗം കൂടാനിരിക്കെ ലൈസൻസ് നീട്ടികൊടുത്ത മലിനീകരണ നിയന്ത്രണ ബോർഡിന്റെ നടപടിയിൽ സമിതി വിയോജിപ്പ് രേഖപ്പെടുത്തി.

പ്രസ്തുത വിഷയത്തിന്മേൽ ബഹു. മുഖ്യമന്ത്രി ഇടപെട്ട് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ വച്ച് പ്രശ്നം പഠിക്കുകയും മോണിറ്ററിംഗ് കമ്മിറ്റിയുടെ 16 നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് കമ്പനിയോട് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റിയെകൊണ്ട് തന്നെ വീണ്ടും പരിശോധിപ്പിക്കുകയും നിർദ്ദേശങ്ങൾങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് കമ്പനി തന്നെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു.

മുഖ്യമന്ത്രി കൂട്ടിച്ചേർത്ത 3 നിർദ്ദേശങ്ങൾ ഉൾപ്പെടെ ആകെയുള്ള 16 നിർദ്ദേശങ്ങളിൽ 15 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂവെന്ന് കമ്പനി തന്നെ പത്രങ്ങളിലൂടെ പരസ്യപ്പെടുത്തിയിട്ടുണ്ടെന്നും ജല മലിനീകരണവും വായുമലിനീകരണവും ഉൾപ്പെടുന്ന 16-ാമത്തെ നിർദ്ദേശം പാലിക്കപ്പെടാത്തതിനാൽ, പഞ്ചായത്തുപോലും ലൈസൻസ് പുതുക്കി നല്കാത്ത സാഹചര്യത്തിൽ പ്രസ്തുത കമ്പനിയുടെ ലൈസൻസ് മലിനീകരണ നിയന്ത്രണ ബോർഡ് നീട്ടികൊടുത്തതെങ്ങനെയെന്നും സമിതി ആരാഞ്ഞു. മൃഗങ്ങളുടെ അവശിഷ്ടങ്ങളും പുഴയിലെ മാലിന്യങ്ങളും കൂടിച്ചേർന്ന് വെള്ളത്തിലെ ഓക്സിജന്റെ അളവ് കുറയ്ക്കുകയും തൽഫലമായി മത്സ്യങ്ങൾ ചത്തുപൊങ്ങുകയും ചെയ്യുമെന്നും ഈ വെള്ളം കുടക്കാനുപയോഗിക്കുമ്പോൾ അത് ജനങ്ങളുടെ ജീവന് തന്നെ ഭീഷണിയാവുമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇത് വളരെ ഗുരുതരമായ ഒരു വിഷയമാണെന്നും കേരളത്തിലെ പുഴകളിലെ വെള്ളം മാലിന്യ വിമുക്തമാക്കണമെന്നതാണ് ജലവിഭവ വകുപ്പിന്റെയും ഈ സബ്ജക്ട് കമ്മിറ്റിയുടെയും ലക്ഷ്യമെന്നും സമിതി അഭിപ്രായപ്പെട്ടു. പെപ്സി കമ്പനിയേക്കാൾ അതിരൂക്ഷമാണ് എൻ.ജി.ഐ.എൽ. എന്ന കമ്പനി പുഴയിലേക്ക് ഒഴുക്കുന്ന മാലിന്യം മൂലമുണ്ടാകുന്നതെന്നും അവ പുഴയിലേക്ക് ഒഴുക്കാതെ പുനഃസംസ്കരിച്ച് കമ്പനിക്ക് തന്നെ ഉപയോഗിക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

വിദഗ്ദ്ധ സമിതിയുടെ 16-ാമത്തെ നിർദ്ദേശമായ 'സ്ലഡ്ജ്' മാറ്റാനുള്ള നിർദ്ദേശം മാത്രമാണ് ഇനി ചെയ്യാനുള്ളതെന്നും ഇറിഗേഷൻ വകുപ്പിന്റെ സഹായത്തോടുകൂടി മാത്രമേ അത് സാധിക്കുകയുള്ളൂവെന്ന് കമ്പനി അറിയിച്ചതായി വ്യവസായ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ചാലക്കുടി പുഴയിലെ മലിനീകരണവുമായി ബന്ധപ്പെട്ട് വ്യവസായം, ജലവിഭവം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ചേർന്ന് അനുയോജ്യമായ തീയതി നിശ്ചയിച്ച് പ്രസ്തുത സ്ഥലം സന്ദർശിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**III. 25-1-2012-ലെ യോഗ തീരുമാനത്തിന്മേൽ ഊർജ്ജ വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ട്**

മുല്ലപ്പെരിയാർ പ്രദേശത്ത് ആധുനിക ഡിജിറ്റൽ ടൈപ്പ് ഭൂകമ്പമാപിനി സ്ഥാപിക്കുന്നത് സംബന്ധിച്ച്.

ഫയൽ നമ്പർ 81/സബ്.സി.എ1/12/ലെജി.

മുല്ലപ്പെരിയാർ പ്രദേശത്ത് ആധുനിക ഡിജിറ്റൽ ടൈപ്പ് ഭൂകമ്പമാപിനി സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങൾ ഇറക്കുമതി ചെയ്യുന്നതാണെന്നും ആദ്യം ക്ഷണിച്ച അപേക്ഷയിൽ ഒരു സ്ഥാപനം മാത്രമാണ് ടെണ്ടർ സമർപ്പിച്ചതെന്നും അതിൽ സാങ്കേതികമായ വിവരങ്ങൾ വ്യക്തമല്ലാത്തതിനാൽ അത് റദ്ദ് ചെയ്ത് വീണ്ടും പുതിയ ടെണ്ടർ ക്ഷണിക്കുകയും ചെയ്തതിനാലാണ് കാലതാമസം വന്നതെന്നും പ്രസ്തുത പദ്ധതി രണ്ട് മാസത്തിനകം പൂർത്തിയാക്കുമെന്നും കെ.എസ്.ഇ.ബി. മെമ്പർ സമിതിയെ അറിയിച്ചു.

പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

1. <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ</u>

ഫയൽ നമ്പർ 1139/സബ്.സി.എ1/13/ലെജി.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി സംബന്ധിച്ച് ജലവിഭവ വകുപ്പിൽനിന്നും ലഭിച്ച കത്ത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച "ഒരു പഞ്ചായത്തിൽ ഒരു കുളം" പദ്ധതിക്ക് ആവശ്യമായ തുകയ്ക്കുവേണ്ടി ധനകാര്യ വകുപ്പിനെ സമീപിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

**IV. കരട് റിപ്പോർട്ട് പരിഗണന**

2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 12.30 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 25-9-2013-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി III (ജലവിഭവം)-ന്റെ ഒരു യോഗം 25-9-2013, ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

| | |
|---|---|
| 1. ശ്രീ. എ. എം. ആരിഫ്, | എം.എൽ.എ. |
| 2. ശ്രീ. വി. റ്റി. ബൽറാം, | ,, |
| 3. ശ്രീ. ജി. എസ്. ജയലാൽ, | ,, |
| 4. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), | ,, |

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.
2. ശ്രീ. അശോക് കെ. സിംഗ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി.
3. ശ്രീ. ടി. സി. സുബ്രാവു, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി.
4. ശ്രീ. വി. എസ്. പ്രദീപ്, ഫിനാൻസ് മെമ്പർ & സി.എ.ഒ., കേരള വാട്ടർ അതോറിറ്റി.
5. ശ്രീ. ബി. ജയറാം, ചീഫ് എഞ്ചിനീയർ, പ്രോജക്ട്-II
6. ശ്രീ. മഹാനുദേവൻ, വി. കെ., ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. തിരുവനന്തപുരം.
7. ശ്രീ. കെ. പി. ചന്ദ്രപ്രകാശ്, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.
8. ശ്രീ. ഇ. വി. രാജഗോപാലൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡബ്ല്യൂ.എസ്.പി. ഡിവിഷൻ, പാലക്കാട്.
9. ശ്രീ. രാധാകൃഷ്ണൻ. എൻ., എക്സിക്യൂട്ടീവ് എഞ്ചിനീയർ-II (പി.&എം) കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
10. ശ്രീ. ജോസഫ് മാത്യു, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ പ്രകാരം 'മൂവാറ്റുപുഴ ജലസേചന പദ്ധതിയെയും അതിന്റെ നടത്തിപ്പിനെയും' സംബന്ധിച്ച വിഷയത്തിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. കൂടാതെ 2005-2006-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 10-ലെ ശുപാർശയിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റും 18-10-2011-ലെ യോഗനടപടി കുറിപ്പിലെ അധിക വിവരം ലഭ്യമാക്കാത്തത് സംബന്ധിച്ചുള്ള കുറിപ്പും സമിതി പരിഗണിച്ചു.

**I. മൂവാറ്റുപുഴ ജലസേചന പദ്ധതിയെയും അതിന്റെ നടത്തിപ്പിനെയും സംബന്ധിച്ച ചർച്ച**

ഇടുക്കി ഡാമിന്റെ മൂലമറ്റം പവ്വർഹൗസിൽ നിന്നും പുറത്തേക്ക് വരുന്ന ജലം മുട്ടത്തുള്ള ഡാമിൽ ശേഖരിച്ച് എറണാകുളം, ഇടുക്കി, കോട്ടയം തുടങ്ങിയ ജില്ലകളിൽ 37737 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനുള്ള ഈ പദ്ധതിക്ക് 1983-ൽ 48 കോടി രൂപയുടെ എസ്റ്റിമേറ്റിനായിരുന്നു ആസൂത്രണ കമ്മീഷൻ അനുമതി

നല്കിയിരുന്നതെന്നും എന്നാൽ 2012-ലെ ഷെഡ്യൂൾ പ്രകാരം ഇതിന് 967 കോടി രൂപ വേണ്ടിവരുമെന്നും ഇതുവരെ 855 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും രണ്ട് മെയിൻ കനാലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ബ്രാഞ്ച് കനാലുകളുടെ 89% ഉം വിതരണ ലൈനിന്റെ 33%-ഉം പൂർത്തീകരിച്ച ഈ പദ്ധതിക്ക് 52 കോടി രൂപ കൂടി ഉണ്ടെങ്കിൽ തുടങ്ങിവച്ച ഗ്യാപ് ഫില്ലിംഗ് പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത പദ്ധതിക്ക് റീ-അപ്രോപ്രിയേഷനിലൂടെ 50 കോടി രൂപ കൂടി ലഭിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും ആയത് ലഭ്യമായാൽ പണി പൂർത്തീകരിക്കാൻ കഴിയുമെന്നും ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പദ്ധതികൾ യഥാസമയം പൂർത്തിയാകാത്തതു മൂലമുണ്ടാകുന്ന നഷ്ടം കണക്കാക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പദ്ധതി വൈകുന്തോറും ചെലവും വർദ്ധിക്കുമെന്നും റവന്യൂ നഷ്ടമുണ്ടാകുമെന്നും മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ എസ്റ്റിമേറ്റ് 1983-ൽ 48 കോടി ആയിരുന്നത് 2012-ൽ 967 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നല്കി.

ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലമാണ് പദ്ധതികൾ നീണ്ടുപോകുന്നതെന്ന് നിരീക്ഷിച്ച സമിതി തുടങ്ങിവച്ച പദ്ധതികളെല്ലാം ഘട്ടം ഘട്ടമായി പൂർത്തിയാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

കല്ലട ജലസേചന പദ്ധതി ആരംഭിച്ചിട്ട് 25 വർഷത്തോളമായിട്ടുണ്ടെന്നും നാലരക്കോടി രൂപകൂടി ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നും ഇല്ലെങ്കിൽ ഇതുവരെ ചെലവാക്കിയ തുക വെറുതേയാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

പതിമൂന്നാം ധനകാര്യ കമ്മീഷനിലുൾപ്പെടുത്തി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എന്നാൽ റഗുലേറ്ററി അതോറിറ്റി രൂപീകരിച്ചില്ല എന്ന കാരണത്താൽ ധനസഹായം ലഭിച്ചിട്ടില്ലെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ പദ്ധതിയെ ഇ.ആർ.എം.(എക്സ്റ്റൻഷൻ, റിനൊവേഷൻ, മോഡണൈസേഷൻ) പദ്ധതിയിൻകീഴിൽ (എ.ഐ.ബി.പി.) (Accelerated Irrigation Benefit Programme)-ൽ ഉൾപ്പെടുത്തി നിർദ്ദേശം അയച്ചാൽ കേന്ദ്രഗവൺമെന്റിൽ നിന്നും ധനസഹായം ലഭിക്കുമെന്നും അതിനുള്ള നടപടികൾ രണ്ട് മാസത്തിനുള്ളിൽ സ്വീകരിക്കുമെന്നും ഈ പദ്ധതിയിൽ അലോട്ട് ചെയ്ത ജോലികളുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുള്ളതിനാൽ പണികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഇക്കാര്യത്തിലുള്ള സ്റ്റേ ഉത്തരവ് അസ്ഥിരപ്പെടുത്തിക്കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

## II. 2005-06-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ഫ.നമ്പർ 3220/സബ്.സി.എ1/2013/ലെജി.

10-ാമത് ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കവെ 'കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ബിൽ 2012'

പാസാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും അടുത്ത നിയമസഭാ സമ്മേളനത്തിൽ അത് സഭയിൽ സമർപ്പിക്കാവുന്നതാണെന്നും ടി ബില്ലിന് നിയമപ്രാബല്യം കൈവരുന്നതോടെ സംസ്ഥാനത്തെ നദികളുടെ സംരക്ഷണം ഉറപ്പു വരുത്താവുന്നതാണെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

**III. 18-10-2011-ലെ യോഗനടപടിക്കുറിപ്പിലെ നിർദ്ദേശം—അധിക വിവരം ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച്**

ഫ.നമ്പർ 6183/സബ്.സി.എ1/2011/ലെജി.

ഭരണാനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്ത ജലവിതരണ പദ്ധതികൾ സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറിൽനിന്നും തെളിവെടുക്കുന്നതിനായി പദ്ധതികളുടെ ലിസ്റ്റ് സമിതിക്ക് ലഭ്യമാക്കണമെന്ന് 18-10-2011-ലെ സമിതി യോഗം നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് വിശദീകരണം ആരായുകയുണ്ടായി. പ്രസ്തുത ലിസ്റ്റ് ഇന്നേ ദിവസം ലഭ്യമാക്കിയിട്ടുണ്ടെന്നും ലിസ്റ്റ് ക്രോഡീകരിക്കുന്നതിലുണ്ടായ കാലതാമസംമൂലമാണ് ആയത് യഥാസമയം ലഭ്യമാക്കാൻ സാധിക്കാതിരുന്നതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരണം നല്കി. ഭരണാനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്ത 69 ജലവിതരണ പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും ടി ലിസ്റ്റിൽ ഉൾപ്പെട്ട 66 പദ്ധതികൾക്ക് ഇതിനോടകം ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഭരണാനുമതി ലഭിക്കാനുള്ള മൂന്ന് വർക്കുകൾ മീനച്ചൽ റിവർ വാലി പദ്ധതിയുമായി ബന്ധപ്പെട്ടുള്ളതാണെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാൻ രണ്ടുവർഷത്തോളം കാലതാമസം നേരിട്ടതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി 66 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചുകഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറിൽനിന്നും തെളിവെടുപ്പ് നടത്തേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

മീനച്ചിൽ റിവർ വാലി പദ്ധതിയുമായി ബന്ധപ്പെട്ട് നേരത്തേയുള്ള നിർദ്ദേശങ്ങൾ മാറിയിട്ടുണ്ടെന്നും എട്ടു റെഗുലേറ്ററുകൾ പണിതാൽ കൂടുതൽ വെള്ളം സംഭരിക്കാനാകുമെന്നും പ്രസ്തുത പദ്ധതി നടത്തിപ്പുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണെന്നും ഇതിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ പൈക്കക്കാനത്ത് ഡാം പണിയുന്നുണ്ടെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. പൈക്കക്കാനത്ത് ഡാം പണിയുകയും മീനച്ചിൽ ആറ്റിൽ റെഗുലേറ്റർ പണിത് വെള്ളം ഹോൾഡ് ചെയ്യാൻ സാധിക്കുകയും ചെയ്താൽ മലങ്കര ഡാമിൽനിന്നും മീനച്ചിൽ റിവർ വാലിയിലേക്ക് വെള്ളം എടുക്കേണ്ടിവരില്ലെന്നാണ് ഇത് സംബന്ധിച്ച് നടത്തിയ പഠനത്തിൽ നിന്നും വ്യക്തമായിട്ടുള്ളതെന്നും അദ്ദേഹം തുടർന്ന് സമിതിയെ അറിയിച്ചു.

ശാസ്താംകോട്ട കായലിൽ വെള്ളം ഇല്ലാത്തതുകൊണ്ട് ഇത്തിക്കര ആറ്റിൽ തടയണ പണിത് കൊല്ലത്തേക്ക് വെള്ളം കൊണ്ടുപോകുന്നത് സംബന്ധിച്ച പദ്ധതി ഏത് ഘട്ടം വരെയായെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്കായി ധനകാര്യ വകുപ്പിലേക്ക് അയച്ചിരിക്കുകയാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

ഇത്തിക്കരയാറ്റിൽനിന്നും മൂന്ന് നാല് പഞ്ചായത്തുകളിലേക്ക് പോകുന്ന കുടിവെള്ള പദ്ധതികളിലെല്ലാം ഉപ്പുവെള്ളം കയറുന്നുണ്ടെന്നും ഇത്തിക്കര പാലത്തിന്റെ തൊട്ടുതാഴെ തടയണ പണിതാൽ ഉപ്പുവെള്ളം കയറുന്ന പ്രശ്നം തടയാമെന്നും സമിതി അഭിപ്രായപ്പെട്ടു. നിർമ്മാണ ചെലവ് കുറവും പെട്ടെന്ന് ചെയ്യാവുന്നതുമായതുകൊണ്ടാണ് ഇത്തിക്കര ആറ്റിന്റെ കിഴക്ക് വശത്ത് പാടം കുഴിച്ചുണ്ടാക്കിയ കായലിന് മേജർ ഇറിഗേഷൻ വകുപ്പ് പ്രഥമ പരിഗണന നൽകുന്നതെന്ന് അദ്ദേഹം തുടർന്ന് അറിയിച്ചു.

കാസർഗോഡ് ബാവിക്കര ഡാമുമായി ബന്ധപ്പെട്ട് നിലവിലുള്ള പഴയ മാതൃക പ്രകാരം പലക ഇട്ട് തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന രീതി അപ്രായോഗികമാണെന്ന് അഭിപ്രായപ്പെട്ട സമിതി ജലവിഭവ വകുപ്പ് എഞ്ചിനീയർമാരെ അവിടേക്കയച്ച് പുതിയ മാതൃക തയ്യാറാക്കണമെന്നും പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

കാസർഗോഡ് ഉദുമ മണ്ഡലത്തിൽ ബി.ആർ.ഡി.സി. 13 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ചതും വാട്ടർ അതോറിറ്റിക്ക് കൈമാറിയതുമായ കുടിവെള്ള പദ്ധതിയുടെ ഷട്ടർ ഇതുവരെയും തുറന്നിട്ടില്ലാത്തതിനാൽ പ്രസ്തുത പുഴതന്നെ മൂടിപ്പോകാവുന്ന അവസ്ഥയാണുള്ളതെന്ന് അഭിപ്രായപ്പെട്ട സമിതി ജലവിഭവ വകുപ്പുദ്യോഗസ്ഥർ ടി സ്ഥലം സന്ദർശിച്ച് അക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നല്കി.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 2013 ഒക്ടോബർ 4-ാം തീയതി കാസർഗോഡ് ജില്ലയിൽവച്ച് യോഗം ചേരുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമെന്ന് ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ഉച്ചയ്ക്കുശേഷം 12.40 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 21-1-2014-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി-III (ജലവിഭവം)-ന്റെ യോഗം 21-1-2014, ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 5.25 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എ. എം. ആരിഫ്, എം.എൽ.എ.

2. ശ്രീ. വി. റ്റി. ബൽറാം, എം.എൽ.എ.

3. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), എം.എൽ.എ.

4. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, എം.എൽ.എ.

5. ശ്രീ. റ്റി. എൻ. പ്രതാപൻ, എം.എൽ.എ.

6. ശ്രീ. തോമസ് ഉണ്ണിയാടൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി.

2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

2. ശ്രീ. അശോക് കുമാർ സിംഗ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി.

3. ശ്രീ. കെ. പി. ചന്ദ്രപ്രകാശ്, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.

4. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

5. ശ്രീമതി എൻ.ഡി.ശോഭന, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

6. ശ്രീ. ബാബു എൻ. ജോസഫ്, ഡയറക്ടർ, ഭൂജല വകുപ്പ്.

7. ശ്രീ. മഹാനുദേവൻ, വി. കെ. ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി., ജലവിഭവവകുപ്പ്.

8. ശ്രീ. രാജൻ എസ്, ചീഫ് എഞ്ചിനീയർ, (എച്ച്.ആർ.ഡി. ആന്റ് ജി.എൽ.) കേരള വാട്ടർ അതോറിറ്റി.

9. ശ്രീ. ഗ്രെയ്സൻ ജെ.പണിക്കർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജി.എൽ.), കേരള വാട്ടർ അതോറിറ്റി.

10. ശ്രീ. എം. കെ. മദനമോഹനൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ, ജലവിഭവ വകുപ്പ്.

11. ശ്രീ. എസ്. സോമശേഖരൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ, ജലവിഭവ വകുപ്പ്.

2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ പിൻവലിക്കുന്നതിനുള്ള നോട്ടീസ്, 18-10-2011, 31-10-2012, 3-7-2013 എന്നീ തീയതികളിലെ യോഗനടപടിക്കുറിപ്പിലെ ശുപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ, 24-1-2007, 25-11-2010 എന്നീ തീയതികളിലെ യോഗ നടപടിക്കുറിപ്പുകളിലെയും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലേയും (2011-12) ശുപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി തയ്യാറാക്കിയ കുറിപ്പ്, പെപ്സി കമ്പനിയുടെ അമിത ജല ഉപയോഗവും ജല മലിനീകരണവും സംബന്ധിച്ച ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, 31-10-2012-ലെ യോഗനടപടിക്കുറിപ്പിലെ 8-ാം നമ്പർ നിർദ്ദേശത്തിന്മേലുള്ള ഇടക്കാല മറുപടി സംബന്ധിച്ച കുറിപ്പ്, കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ് കരട് ചട്ടം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്ന് (2011-12), രണ്ട് (2012-13), മൂന്ന് (2013-14) എന്നീ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റ് എന്നിവ പ്രസ്തുത യോഗത്തിൽ സമിതി പരിഗണിച്ചു.

1. "2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ" പിൻവലിക്കുന്നതിനുള്ള നോട്ടീസ്

(ഫ.നമ്പർ 5877/സബ്.സി.എ1/13/നി.സെ.)

"2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബില്ലി"ലെ (ബിൽ നമ്പർ 208) നിർദ്ദേശങ്ങൾ ഉപേക്ഷിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത ബിൽ പിൻവലിക്കുന്നതിന് പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുമതിക്കായി ബഹു. ജലവിഭവ വകുപ്പുമന്ത്രി നൽകിയ നോട്ടീസ് യോഗം പരിഗണിക്കുകയും ബിൽ പിൻവലിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സമിതി റിപ്പോർട്ട് 27-1-2014-ൽ സഭയിൽ സമർപ്പിക്കുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

2. 18-10-2011-ലെ യോഗനടപടിക്കുറിപ്പിലെ നിർദ്ദേശം സംബന്ധിച്ച് ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 6183/സബ്.സി.എ1/2011/നി.സെ.)

18-10-2011-ലെ സമിതി യോഗ നിർദ്ദേശപ്രകാരം ഭരണാനുമതി കിട്ടാത്തതുകൊണ്ട് പൂർത്തിയാക്കാത്ത ജലവിതരണ പദ്ധതികൾ സംബന്ധിച്ച് ജലവിഭവ വകുപ്പ് ലഭ്യമാക്കിയ ലിസ്റ്റ് സമിതി പരിഗണിക്കുകയും അത് സംബന്ധിച്ച വിശദാംശങ്ങൾ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് ആരായുകയും ചെയ്തു.

ഭരണാനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്ത 69 പദ്ധതികളിൽ 66 എണ്ണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അവയിൽ ഭൂരിഭാഗം പദ്ധതികളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. തിരുവനന്തപുരത്ത് പൈപ്പ്ലൈൻ പൊട്ടുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ പഴയ പൈപ്പ്ലൈനുകൾ

മാറ്റി സ്ഥാപിക്കുന്നതിന് 49 കോടി രൂപയുടെ ഭരണാനുമതി കൊടുത്തിട്ടുണ്ടെന്നും 2014 ഫെബ്രുവരിയിൽ ഇത് കമ്മീഷൻ ചെയ്യുമെന്നും ഇപ്പോൾ വളരെയധികം വർക്കുകൾ പൂർത്തീകരിച്ച് കഴിഞ്ഞുവെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. വകുപ്പ് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിലുള്ള ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

3. 24-1-2007-ലെ യോഗനടപടിക്കുറിപ്പ്-അനന്തര നടപടി ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി തയ്യാറാക്കിയ കുറിപ്പ്

ഫയൽ നമ്പർ 13260/സബ്.സി.എ1/2006/നി.സെ.

24-1-2007-ലെ സമിതി യോഗം വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ പഴശ്ശി, കല്ലട, കാഞ്ഞിരപ്പുഴ, തണ്ണീർമുക്കം എന്നീ ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട് നൽകിയിരുന്ന നിർദ്ദേശങ്ങളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതു സംബന്ധിച്ച് സമിതി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞു. തണ്ണീർമുക്കം പദ്ധതിയുമായി ബന്ധപ്പെട്ട കാര്യത്തിൽ നടപടി ആയിട്ടുണ്ടെന്ന് സമിതി ചെയർമാൻ സമിതി അംഗങ്ങളെ അറിയിച്ചു. സമിതി നിർദ്ദേശങ്ങളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തരുതെന്ന് സമിതി ചെയർമാൻ ജലവിഭവ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നല്കുകയും അപ്രകാരം ചെയ്യാമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

4. 25-11-2010-ലെ യോഗനടപടികുറിപ്പിലെ ശുപാർശയിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി തയ്യാറാക്കിയ കുറിപ്പ്

ഫയൽ നമ്പർ 14318/സബ്.സി.എ1/2010/നി.സെ.

പൂർത്തിയാകാതെ കിടക്കുന്ന മുഴുവൻ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും എന്ന് പൂർത്തിയാക്കുവാൻ സാധിക്കുമെന്നത് സംബന്ധിച്ച് ഒരു വർക്ക് ഷെഡ്യൂൾ തയ്യാറാക്കി സമിതിക്ക് സമർപ്പിക്കണമെന്ന് 25-11-2010-ലെ സമിതിയോഗം നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമാക്കാത്തതു സംബന്ധിച്ച് സമിതി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയിൽനിന്നും വിശദീകരണം ആരാഞ്ഞു. പ്രസ്തുത വിഷയം സംബന്ധിച്ച മറുപടി 13-1-2014-ൽ ചീഫ് എഞ്ചിനീയറിൽനിന്നും ലഭിച്ചിട്ടുണ്ടെന്നും ആയത് താമസിയാതെ സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകി. മതിയായ അറ്റകുറ്റപ്പണികൾ നടക്കാത്തതിനാൽ മിക്ക ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും വേനൽക്കാലത്ത് പ്രവർത്തിക്കുന്നില്ലെന്നും ഏറ്റവും കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുള്ള കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിക്കാത്തതുമൂലം നെൽകൃഷി നശിക്കുന്നുവെന്നും പുഴകളിൽനിന്നും വലിയതോതിലുള്ള മണലെടുപ്പുമൂലം വെള്ളം വഴിമാറിപോവുന്നതു

കാരണം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നും സമിതി വിലയിരുത്തി. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ടത്ര ഫണ്ടില്ല എന്നതാണ് സ്ഥിതിയെന്ന് സമിതി അഭിപ്രായപ്പെട്ടു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു വർഷം 45 കോടി രൂപയോളം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നല്കുന്നുണ്ടെന്നും അവർ മുൻകൈ എടുത്താൽ സ്റ്റാർട്ടർ പ്രവർത്തിക്കാത്തതു പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കാവുന്നതേയുള്ളൂവെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്ക് അത്രയും തുക നല്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അത്രയും തുക നൽകുന്നുണ്ടെന്നും മാത്രമല്ല വാർഷിക അറ്റകുറ്റപ്പണികൾക്ക് ആവശ്യപ്പെടുന്ന അത്രയും തുക തന്നെ അനുവദിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്ക് ഫണ്ടില്ല എന്ന പരാതി വ്യാപകമായിട്ടുണ്ടെന്നും അതിനായി അനുവദിക്കുന്ന തുക ചെലവഴിക്കുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ഇനത്തിലുള്ള ബില്ലുകൾ തീർപ്പാക്കുന്നതിന് വളരെയേറെ കാലതാമസം നേരിടുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി തൃശൂർ ജില്ലയിൽ '6' വർഷക്കാലത്തെ ബിൽ തീർപ്പാക്കാത്തതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആരാഞ്ഞു.

ചാലക്കുടിയിലുള്ള ഇലക്ട്രിക്കൽ സെക്ഷനിൽ വേണ്ടത്ര ജീവനക്കാരില്ലാത്തതിനാലാണ് ബിൽ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ജലവിഭവ വകുപ്പിന് സ്വന്തമായി ഇലക്ട്രിക്കൽ വിംഗ് ഇല്ലെന്നും പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നിലവിൽ ഇലക്ട്രിക്കൽ വിഭാഗം പ്രവർത്തിക്കുന്നതെന്നും തുടർന്നറിയിച്ചു.

ജലവിഭവ വകുപ്പിന് സ്വന്തമായി ഒരു ഇലക്ട്രിക്കൽ വിഭാഗം ഉണ്ടാകേണ്ടതുണ്ടെന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ ചെയ്യിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നല്കുന്നത് ഉചിതമായിരിക്കുമെന്നും പൊതുമരാമത്ത് വകുപ്പിനെ ആശ്രയിക്കേണ്ടി വരുന്നതുകൊണ്ട് പല ജോലികളും മുടങ്ങിക്കിടക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തുടർന്നറിയിച്ചു.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി നിശ്ചിത തുക ചെലവാക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക്

നൽകുന്ന കാര്യം പരിശോധിക്കാമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന തുക നദികളുടെ വശങ്ങളുടെ സംരക്ഷണത്തിനായല്ല പ്രധാനമായും ഉപയോഗിക്കേണ്ടതെന്നും, പമ്പിംഗ് സ്റ്റേഷനിലെ പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, വെള്ളം ഒഴുക്കികൊണ്ട് വരുന്ന കോൺക്രീറ്റ് ചാലുകളുടെ അറ്റകുറ്റപ്പണികൾക്കുമാണ് ഉപയോഗിക്കേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെ സംബന്ധിച്ച് ചർച്ച നടത്തുന്നതിന് തീരുമാനിച്ച സമിതി അതിനായി അവയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ സിവിൽ, ഇലക്ട്രിക്കൽ, എന്നീ വിഭാഗങ്ങളിൽ എമർജൻസി മെയിന്റനൻസ് വേണ്ടിവരുന്നവയുടെ ലിസ്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോട് ആവശ്യപ്പെടണമെന്നും ആയത് സമിതിയുടെ പരിഗണനയ്ക്കായി അടിയന്തരമായി ലഭ്യമാക്കണമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

5. <u>പെപ്സി കമ്പനിയുടെ അമിത ജല ഉപയോഗവും ജല മലിനീകരണവും സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്</u>

(ഫയൽ നമ്പർ 13848/സബ്.സി.എ1/2010/നി.സെ.)

വ്യവസായ വാണിജ്യ അടിസ്ഥാനത്തിൽ പമ്പിംഗ് നടത്തുന്ന കിണറുകളിൽ ഫ്ളോ മീറ്ററുകൾ സ്ഥാപിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ടെന്നും സമിതി ആരാഞ്ഞു.

പെപ്സി കമ്പനി പ്രവർത്തിക്കുന്ന പ്രദേശത്തെ കിണറുകളിൽ ഫ്ളോ മീറ്റർ സ്ഥാപിച്ചിട്ടുണ്ടെന്നും ഭൂഗർഭ ജല വകുപ്പ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കമ്പനി എടുക്കുന്ന ജലത്തിന്റെ അളവ് 2.34 ലക്ഷം ലിറ്ററാക്കണമെന്ന് കമ്പനിക്ക് ഉത്തരവ് കൊടുത്തിട്ടുണ്ടെന്നും, എന്നാൽ കമ്പനി ഇപ്പോഴും 6 ലക്ഷം ലിറ്റർ ജലം എടുത്തുകൊണ്ടിരിക്കുകയാണെന്നും ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പെപ്സി കമ്പനിയുടെ അമിത ജല ഉപഭോഗം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസ് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതു സംബന്ധിച്ച് അഡ്വ. ജനറലിനോട് വിശദീകരണം ആരായണമെന്ന് സമിതിയിൽ അഭിപ്രായമുയർന്നതിനെ തുടർന്ന് യോഗത്തിൽ വച്ച് സമിതി ചെയർമാൻ എ.ജി.-യുമായി ഫോണിൽ ബന്ധപ്പെട്ട് കേസ് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് എ.ജി.-ക്ക് നിർദ്ദേശം നൽകി. പ്രസ്തുത കേസിന്റെ നമ്പർ അഡ്വക്കേറ്റ് ജനറലിനെ അറിയിക്കണമെന്ന് ജലവിഭവ വകുപ്പിനും നിർദ്ദേശം നല്കി.

ഭൂഗർഭജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന പുതിയ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ യൂണിറ്റുകൾക്ക് അനുമതി നൽകുന്നുണ്ടെന്ന് ഡയറക്ടർ ഓഫ് ഗ്രൗണ്ട് വാട്ടർ മറുപടി നൽകി. നിലവിൽ ഭൂഗർഭ ജലമെടുക്കുന്നതിന് എത്ര യൂണിറ്റുകൾക്ക് അനുമതി

നൽകിയിട്ടുണ്ടെന്ന് സമിതി ആരാഞ്ഞതിന് ഭൂഗർഭജലം എടുക്കുന്നതിന് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഏകദേശം 50 സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും അവയെല്ലാം ഫ്ളോ മീറ്റർ വയ്ക്കുന്നുണ്ടെന്നും അതാത് ജില്ലാ ഓഫീസ് ഉദ്യോഗസ്ഥൻ ഓരോ വർഷവും സ്ഥലപരിശോധന നടത്താറുണ്ടെന്നും ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ബോട്ടിൽഡ് ഡ്രിങ്കിംഗ് വാട്ടർ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അനുമതിക്കായി ലഭിക്കുന്ന അപേക്ഷകളുടെ ലിസ്റ്റ് ബന്ധപ്പെട്ട പഞ്ചായത്തിലെ വാർഡ് മെമ്പറും പഞ്ചായത്ത് പ്രസിഡന്റും ഭൂഗർഭ ജല വിഭാഗത്തിലെയും ജലസേചന വിഭാഗത്തിലെയും മലിനീകരണ നിയന്ത്രണ ബോർഡിലെയും പ്രതിനിധികളും ജില്ലാ കളക്ടറും ചേർന്ന കമ്മിറ്റി പരിശോധിച്ച് പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയോടുകൂടിയാണ് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ എത്തുന്നതെന്നും ആ ഘട്ടത്തിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അപേക്ഷകൾ നിരസിക്കുമെന്നും ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചു.

വ്യാവസായിക ആവശ്യങ്ങൾക്കുള്ള ജലത്തിനായി പുതിയ ഉറവിടം കണ്ടെത്തുകയോ ഡാമുകളെയോ മറ്റോ ഉപയോഗിക്കുകയോ ചെയ്യാതെ ഭൂഗർഭജലം എടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കരുതെന്ന് നിർദ്ദേശിച്ച സമിതി ഭൂഗർഭജലം എടുക്കുന്നത് നിരുത്സാഹപ്പെടുത്തണമെന്നും കുഴൽക്കിണറുകളിൽ നിന്നും ജലമെടുക്കുന്ന സ്ഥാപനങ്ങളെ നിരുത്സാഹപ്പെടുത്തണമെന്നും ശുപാർശ ചെയ്തു.

ബോട്ടിൽഡ് ഡ്രിങ്കിംഗ് വാട്ടറിന് വളരെയധികം ആവശ്യക്കാരുണ്ടെന്നും അതുകൊണ്ട് പൂർണ്ണമായി തടയേണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ബോട്ടിൽഡ് ഡ്രിങ്കിംഗ് വാട്ടർ യൂണിറ്റുകൾ വേണ്ടെന്നുവച്ചാൽ പെപ്സി പോലുള്ള കമ്പനികൾ ഉല്പന്നങ്ങൾക്ക് വിലകൂട്ടുമെന്ന് നിരീക്ഷിച്ച സമിതി സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ ബോട്ടിലിംഗ് യൂണിറ്റുകൾക്ക് അനുമതി നൽകരുതെന്നും നിർദ്ദേശിക്കുകയും ചെയ്തു.

വളരെ ക്രിട്ടിക്കലായിട്ടുള്ള മേഖലയിൽ ബോട്ടിലിംഗ് യൂണിറ്റുകൾക്ക് അനുമതി കൊടുക്കാറില്ലെന്നും ചിറ്റൂർ ഒരു അമിത ജല ചൂഷണ മേഖലയാണെന്നും സംസ്ഥാനത്തെ മൂന്ന് ക്രിട്ടിക്കൽ ബ്ലോക്കുകൾ മലമ്പുഴ, കാസർഗോഡ്, കൊടുങ്ങല്ലൂർ എന്നിവയാണെന്നും 22 സെ.മീ. ക്രിട്ടിക്കൽ മേഖലകൾ ഉണ്ടെന്നും ബോട്ടിലിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് സമർപ്പിച്ച 16 അപേക്ഷകൾ ഇപ്പോൾ പെൻഡിംഗിലുണ്ടെന്നും ജലവിഭവ വകുപ്പ് സമിതിയെ അറിയിച്ചു.

സെമി ക്രിട്ടിക്കൽ ബ്ലോക്കിൽ ബോർവെല്ലുകൾക്ക് അനുമതി കൊടുക്കാതിരിക്കുകയും സുരക്ഷിത മേഖലയിൽ ബോട്ടിലിംഗ് യൂണിറ്റുകൾക്ക് വളരെ കുറച്ചുമാത്രം അനുമതി നൽകുകയും ബോട്ടിൽഡ് ഡ്രിങ്കിംഗ് വാട്ടറിന്റെ നിലവിലുള്ള വില കൂട്ടാതിരിക്കത്തക്കവിധമുള്ള അവസ്ഥ ഉണ്ടാക്കുകയുമാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

കേരളത്തിൽ എവിടെയൊക്കെ ബോട്ടിൽഡ് ഡ്രിങ്കിംഗ് വാട്ടർ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും, എത്ര അളവ് ജലം എടുക്കാനാണ് അനുമതി നൽകിയിട്ടുള്ളതെന്നും, എന്നാണ് അവസാനമായി ഭൂഗർഭജല വകുപ്പിലെ ഉദ്യോഗസ്ഥർ

ടി സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതെന്നും അവിടങ്ങളിൽ ഫ്ളോ മീറ്റർ വച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സ്വകാര്യ മേഖലയിലെ ബോട്ടിൽഡ് ഡ്രിങ്കിംഗ് വാട്ടർ യൂണിറ്റുകൾ അവരുടെ ഉല്പന്നങ്ങൾക്ക് നിലവിൽ ഈടാക്കുന്ന വില വർദ്ധിപ്പിക്കാതിരിക്കുന്നതിന് സർക്കാർ തലത്തിൽ ബോട്ടിൽഡ് ഡ്രിങ്കിംഗ് വാട്ടർ യൂണിറ്റുകൾ അനുവദിക്കേണ്ടതുണ്ടെന്നും അതിനായി വാട്ടർ അതോറിറ്റിയും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനും കൂടിച്ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ജലവിഭവ വകുപ്പുമന്ത്രി കൂടിയായ ചെയർമാൻ സമിതിയെ അറിയിച്ചു. തിരുവനന്തപുരത്തും, കോഴിക്കോടും യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി ട്ടുണ്ടെന്നും കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നം വിൽക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും പ്രസ്തുത യൂണിറ്റുകൾ വിജയിച്ചാൽ വിവിധ സ്ഥലങ്ങളിലായി ഏതാനും യൂണിറ്റുകൾകൂടി ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

തുടർന്ന് സമിതി റിപ്പോർട്ടിലെ 22, 24, 34, 38, 40 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലും, 3-7-2013-ലെ യോഗനടപടിക്കുറിപ്പിലെ അധിക നിർദ്ദേശത്തിന്മേലും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

നീറ്റാ ജലാറ്റിൻ കമ്പനി ചാലക്കുടി പുഴയിലെ പമ്പിംഗ് വെല്ലിൽനിന്നും അമിതമായി ജലം ചൂഷണം ചെയ്യുന്നുണ്ടെന്നും അവിടെ ഫ്ളോ മീറ്റർ വച്ചിട്ടില്ലെന്നും കമ്പനി പുഴ മലിനപ്പെടുത്തുകയാണെന്നും ഇതുവരെ ഇതിനെതിരെ കർശനമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

നീറ്റാ ജലാറ്റിൻ കമ്പനിക്ക് പുഴയിൽനിന്നും വെള്ളമെടുക്കാനുള്ള അനുമതി കൊടുത്തിട്ടുണ്ടോയെന്നത് സംബന്ധിച്ച് പ്രസ്തുത സ്ഥലത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെടണമെന്നും അക്കാര്യത്തിൽ കോടതി ഇടപെട്ടിട്ടുണ്ടോയെന്നത് അന്വേഷിക്കണമെന്നും അത് സംബന്ധിച്ച് റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

6. 31-10-2012-ലെ യോഗനടപടിക്കുറിപ്പ്—ശുപാർശ നമ്പർ 2-ന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റ്, യോഗനടപടിക്കുറിപ്പിലെ 8-ാം നമ്പർ നിർദ്ദേശത്തിന്മേൽ ലഭ്യമായ ഇടക്കാല മറുപടി സംബന്ധിച്ച കുറിപ്പ് എന്നിവ

ഫയൽ നമ്പർ : 205/സബ്.സി.എ1/2013/നി.സെ.

31-10-2012-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശ 2-ന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഗംഗാ റിവർ ബെയ്സിൻ അതോറിറ്റിയുടെ മാതൃകയിൽ കേരളത്തിൽ നദീതട അതോറിറ്റി രൂപീകരിക്കണമെന്ന 31-10-2012-ലെ സമിതി യോഗത്തിന്റെ ശുപാർശയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടിയിൽ സമിതി അതൃപ്തി

രേഖപ്പെടുത്തുകയും, '2003-ലെ ഇറിഗേഷൻ ആന്റ് വാട്ടർ' കൺസർവേഷൻ ആക്ടിൽ ഒരു ക്ലോസ്സായി അല്ല ഇത് വരേണ്ടതെന്നും അഭിപ്രായപ്പെടുകയും ചെയ്തു. 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനായുള്ള "2013-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ബിൽ"-ന്റെ പകർപ്പ് വിശദമായി പരിശോധിക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത ബിൽ അംഗങ്ങൾ പരിശോധിച്ചശേഷം സമിതിയുടെ അടുത്ത യോഗത്തിൽ ടി ഇടക്കാല മറുപടി വീണ്ടും പരിശോധിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

7. കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസിന്റെ കരട് ലഭ്യമാക്കുന്നത് സംബന്ധിച്ച ഇടക്കാല മറുപടി

ഫയൽ നമ്പർ : 3693/സബ്.സി.എ1/2011/നി.സെ.

പ്രസ്തുത ഇടക്കാല മറുപടി സമിതി പരിഗണിക്കുകയും ആയത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയോട് വിശദീകരണം ആരായുകയും ചെയ്തു.

കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസിന്റെ കരട് സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിൽ ലഭ്യമായിട്ടുണ്ടെന്നും, ആയത് സമിതിക്ക് താമസംവിനാ അയച്ചുതരുന്നതാണെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത ഇടക്കാല മറുപടി സമിതി അംഗീകരിച്ചു.

8. 3-7-2013-ലെ യോഗനടപടിക്കുറിപ്പിലെ നിർദ്ദേശം—അനന്തര നടപടി സംബന്ധിച്ച്

ഫയൽ നമ്പർ : 1139/സബ്.സി.എ1/2013/നി.സെ.

'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിക്കാവശ്യമായ തുക വകയിരുത്തുന്നതിനായി ധനകാര്യ വകുപ്പിനെ സമീപിക്കണമെന്ന 3-7-2013-ലെ സമിതി യോഗ നിർദ്ദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി നടപ്പിലാക്കുന്നതിനായി പാലക്കാട് ജില്ലയിലെ '200' കുളങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നും അതിൽ 143 കുളങ്ങൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. 77.84 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുക എത്ര കുളത്തിനാണെന്നും, അതിന്റെ ടെണ്ടർ നടപടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഭൂഗർഭ ജലത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ സെമി ക്രിട്ടിക്കലും, ക്രിട്ടിക്കലുമായി തിരിച്ച സ്ഥലങ്ങളിലെ പരമാവധി പൊതുകുളങ്ങൾ കുടിവെള്ളത്തിനും, ജലസേചനത്തിനുമായി ഉപയോഗപ്രദമാക്കുന്നതിന് അടുത്ത പദ്ധതിയിൽ പ്രാധാന്യം നല്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

കാങ്കപ്പുഴയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ എസ്റ്റിമേറ്റ് 50 കോടി രൂപയിൽ നിന്ന് 70 കോടി രൂപയാക്കി വർദ്ധിപ്പിച്ചുവെന്നും ആയതിനാൽ അധികമായി വേണ്ടിവരുന്ന തുകയ്ക്ക് നബാർഡിനെ സമീപിക്കേണ്ടതായി വരുമെന്നും, റെഗുലേറ്റർ-കം-ബ്രിഡ്ജ് സംബന്ധിച്ച് സമിതിയുടെ നിർദ്ദേശം ഒന്നുകൂടി പരിശോധിക്കാമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ബാവിക്കര പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് സമിതി വിശദാംശങ്ങൾ ആരാഞ്ഞു. ബാവിക്കരയിൽ 10 കൊല്ലം മുമ്പുള്ള മാതൃകയാണ് ഉണ്ടായിരുന്നതെന്നും, പഴയ സൈറ്റിൽ നിന്നും മണലെടുത്തത് കാരണം അവിടെ റിവർ ബെഡ് മൂന്ന് മീറ്റർ താഴ്ന്നുപോയെന്നും, ആയതിനാൽ മാതൃക മാറ്റണമെന്നും ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

പഴയ മാതൃകയ്ക്കാണ് അനുമതി നല്കിയിരുന്നതെന്നും, പണി ആരംഭിക്കാൻ തുടങ്ങിയപ്പോൾ, പഴയ മാതൃക ഇപ്പോഴത്തെ അവസ്ഥയ്ക്ക് അനുയോജ്യമല്ലെന്നും പുതിയ മാതൃകയിൽ നിർമ്മാണം നടന്നില്ലെങ്കിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കില്ലെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

ബാവിക്കര പദ്ധതിയുടെ കാര്യത്തിൽ ഒറ്റപ്പുഴയ്ക്ക് മാത്രമായി റെഗുലേറ്റർ-കം-ബ്രിഡ്ജ് പണിതാൽ കാസർഗോഡിന് ആവശ്യമായ കുടിവെള്ളം കിട്ടുമെന്നും, പണി വേഗത്തിൽ തീരുമെന്നും എന്നാൽ ആദ്യത്തെ മാതൃകയനുസരിച്ച് നേരത്തെ തുടങ്ങിയ പണി പകുതിവെച്ച് നിർത്തിയാൽ എ.ജി.-യുടെ കമന്റ് ഓഡിറ്റ് റിപ്പോർട്ടിൽ വരുമോ എന്നതാണ് ഉദ്യോഗസ്ഥരുടെ ആശങ്കയെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

9. <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)</u>

ഫയൽ നമ്പർ : 4929/സബ്.സി.എ1/11/നി.സെ.

ശുപാർശ നമ്പർ 30, 41, 54, 74 എന്നിവയിൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

10. <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)</u>

ഫയൽ നമ്പർ : 3056/സബ്.സി.എ1/12/നി.സെ.

ശുപാർശ നമ്പർ 26, 33, 38, 44 എന്നിവയിൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

11. <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)</u>

ഫയൽ നമ്പർ : 2788/സബ്.സി.എ1/2013/നി.സെ.

ശുപാർശ നമ്പർ 21, 24, 25, 30-35, 40, 50, 58, 62, 70, 73, 74, 76, 77 എന്നിവയിൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

12. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12) ശുപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച കുറിപ്പ്

ഫയൽ നമ്പർ : 4929/സബ്.സി.എ1/11/നി.സെ.

റിപ്പോർട്ടിലെ 76 ശുപാർശകളിൽ 46 എണ്ണത്തിനാണ് നടപടി സ്റ്റേറ്റ്മെന്റ് നല്കുവാൻ സാധിച്ചിട്ടുള്ളതെന്നും, 30 എണ്ണം പ്രോജക്ട്-1, പ്രോജക്ട്-2 എന്നിവയിൽ നിന്നാണ് ലഭ്യമാക്കേണ്ടതെന്നും, രണ്ട് മാസത്തിനകം പ്രസ്തുത ശുപാർശകൾക്കുകൂടി മറുപടി നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വൈകുന്നേരം 6.30 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 18-2-2014-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി III (ജലവിഭവം) 18-2-2014 ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV-A' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. കെ. ജയചന്ദ്രൻ, എം.എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), ,,
3. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, ,,
4. ശ്രീ. തോമസ് ഉണ്ണിയാടൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി എസ്. വി. കല, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി കെ. ജി. അരുണകുമാരി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി പി. ലതിക, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ

5. ശ്രീമതി. എസ്. കെ. ഗിരിജാദേവി, ചീഫ് എഞ്ചിനീയർ, പ്രോജക്ട് II, തിരുവനന്തപുരം

6. ശ്രീ. വി. കെ. മഹാനുദേവൻ, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്

7. ശ്രീ. എസ്. സോമശേഖരൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ

8. ശ്രീ. ജെ. ഷാജി, സീനിയർ ഫിനാൻസ് ഓഫീസർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം, കുട്ടനാട് പഞ്ചായത്ത്, ആലപ്പുഴ

9. ശ്രീ. കെ. കെ. രഘുരാമൻ, സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ പ്രോജക്ട് I, കോഴിക്കോട്

10. ശ്രീ. എം. കെ. മദനമോഹനൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, പ്രോജക്ട് II, തിരുവനന്തപുരം.

സമിതി 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം സംബന്ധിച്ച കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

2700—വൻകിട ജലസേചനം

2700-01-101-98—പെരിയാർ നദീതട പദ്ധതി (സംരക്ഷണ പണികൾ)—മറ്റു ചെലവുകൾ (വാണിജ്യപരം)

പെരിയാർ നദീതട പദ്ധതിയുടെ നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കായി 6 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ടി തുക അപര്യാപ്തമായതിനാൽ അക്വഡക്റ്റുകളുടെയും, പാലങ്ങളുടെയും, കനാലുകളുടെയും സംരക്ഷണ പണികൾക്കും, ക്രോസ് ഡ്രെയിനേജ് പ്രവൃത്തികൾക്കും വേണ്ടി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2700-11-101-98—നെയ്യാർ ജലസേചന പദ്ധതി—സംരക്ഷണ പണികൾ മറ്റു ചെലവുകൾ (വാണിജ്യേതരം)

നെയ്യാർ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്ക് അനുവദിച്ചിട്ടുള്ള 5.06 കോടി രൂപയും തോട്ടങ്ങളുടെ സംരക്ഷണപണികൾക്കായി അനുവദിച്ചിട്ടുള്ള 32 ലക്ഷം രൂപയും അപര്യാപ്തമായതിനാൽ ടി തുക കൂടാതെ കനാലുകളുടെ സംരക്ഷണപണികൾക്ക് 1 കോടി രൂപയും, തോട്ടങ്ങളുടെ സംരക്ഷണപണികൾക്ക് 1 കോടി രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2700-16-101-98—പമ്പാ ജലസേചന പദ്ധതി സംരക്ഷണ പണികൾ—മറ്റു ചെലവുകൾ (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണപണികൾക്കായി അനുവദിച്ചിട്ടുള്ള 4 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണപണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2700-17-101-98—ചിറ്റൂർപ്പുഴ പദ്ധതി—(സംരക്ഷണ പണികൾ)—മറ്റു ചെലവുകൾ വാണിജ്യേതരം

ചിറ്റൂർപ്പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന 350 ലക്ഷം രൂപയും, വർക്ക്ചാർജ്ജ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ അനുവദിച്ചിരിക്കുന്ന 6 ലക്ഷം രൂപയും, കേസുകൾക്കായി അനുവദിച്ചിരിക്കുന്ന 6 ലക്ഷം രൂപയും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ചിറ്റൂർപ്പുഴ പദ്ധതിയുടെ ഭൂമി വിലയ്ക്കെടുക്കലുമായി ബന്ധപ്പെട്ട കേസുകളിൽ ഉണ്ടാകാനിടയുള്ള അധിക ചെലവിനുവേണ്ടിയാണ് തുക ആവശ്യപ്പെടുന്നതെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2700-18-101-98—കാഞ്ഞിരപ്പുഴ പദ്ധതി (സംരക്ഷണ പണികൾ)—മറ്റു ചെലവുകൾ (വാണിജ്യേതരം)

കാഞ്ഞിരപ്പുഴ പദ്ധതിയുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയിട്ടുള്ള 2 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ കനാലിന്റെ അറ്റകുറ്റ പണികൾക്കായി 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2700-27-101-98—കല്ലട ജലസേചന പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യേതരം)

കല്ലട ജലസേചന പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി വകകൊള്ളിച്ചിട്ടുള്ള 6 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണ പണികൾക്കും, കാഡ പൂർത്തിയാക്കിയ പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2700-80-800-98—<u>ഡാം സൈറ്റുകൾ മനോഹരമാക്കൽ</u>

ഡാം സൈറ്റുകൾ മനോഹരമാക്കുന്നതിനും ടൂറിസം വികസനത്തിനുമായി ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കാരാപ്പുഴ, മലങ്കര, കുറ്റ്യാടി എന്നീ ഡാം സൈറ്റുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും, മലമ്പുഴ ഡാം സൈറ്റ് സ്വയംപര്യാപ്തമാണെന്നും അവർക്ക് ആവശ്യമുള്ള തുക അവർതന്നെ കണ്ടെത്തുക യാണെന്നും ജലവിഭവ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2701—<u>ഇടത്തരം ജലസേചനം</u>

2701-01-101-98—<u>പീച്ചി ജലസംഭരണ പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യപരം)</u>

പീച്ചി ജലസംഭരണ പദ്ധതിയുടെ സംരക്ഷണ പണികൾക്ക് അനുവദിച്ചിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ വർദ്ധിച്ചുവരുന്ന സംരക്ഷണ പ്രവൃത്തികൾക്ക് ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

വിഷയനിർണ്ണയ സമിതിയുടെ ചരിത്രത്തിൽ സമിതി ആവശ്യപ്പെടുന്ന തുക ഏതെങ്കിലും സന്ദർഭത്തിൽ വർദ്ധിപ്പിച്ച് തന്നിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇതുവഴി എന്തെങ്കിലും തുക കാര്യമായി അനുവദിച്ച് നൽകിയതായി അറിയില്ലെന്ന് ജലവിഭവ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം ബഹു. സ്പീക്കർ പുറപ്പെടുവിച്ച നിർദ്ദേശം നമ്പർ 7-ൽ ഗ്രാന്റു കൾക്കുള്ള അഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധനയെ സംബന്ധിച്ച് പറയുന്നുണ്ടെന്നും 1983-ലെ ഈ നിർദ്ദേശമനുസരിച്ച് വിഷയനിർണ്ണയ സമിതിക്ക് തുക വർദ്ധിപ്പിക്കാമെന്ന ശിപാർശ നൽകാൻ പാടില്ലെന്നും പകരം തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കുകയാണ് വേണ്ടതെന്നും സമിതിയെ നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ ബോധ്യപ്പെടുത്തി.

ആകെയുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വിവിധ പദ്ധതികൾക്ക് വേണ്ടി വരുന്ന തുക കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

എ.ഐ.ബി.പി. പദ്ധതി പ്രകാരം 25 ശതമാനം തുക കേന്ദ്ര സർക്കാരിന്റെയും ബാക്കിത്തുക കേരള സർക്കാരിന്റെയും ആണെന്നും ജലവിഭവ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

എ.ഐ.ബി.പി.-യിൽ കാണിച്ചിരിക്കുന്ന തുകയിൽ കുറവ് വരുത്തിക്കൊണ്ട് ധനപുനഃവിനിയോഗം ചെയ്യാമെന്നും, ഏതെല്ലാം പദ്ധതികളിൽ തുക കുറയ്ക്കണമെന്നുമുള്ളത് വകുപ്പുതന്നെ ആലോചിച്ച് തീരുമാനമെടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഓരോ പദ്ധതിക്കും അധികമായിവരുന്ന തുക സംബന്ധിച്ച് സംക്ഷിപ്ത വിവരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടിന്റെ പരിഗണനയ്ക്ക് മുൻപ് അറിയിക്കാമെന്ന് ജലവിഭവ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു.

2701-02-101-98—ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യപരം)

ചാലക്കുടിനദി തിരിച്ചുവിടൽ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന 2 കോടി രൂപ അപര്യാപ്തമായതിനാൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-12-101-99—അട്ടപ്പാടി പദ്ധതി—(വാണിജ്യേതരം)—വർക്ക് ചാർജ്ജഡ് എസ്റ്റാബ്ലിഷ്മെന്റ്

അട്ടപ്പാടി പദ്ധതിയുടെ വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റിനായി ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. എച്ച്.ആർ./എസ്.എൽ.ആർ. ജീവനക്കാർക്ക് വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-14-101-98—ചിമ്മിണി പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യേതരം)

ചിമ്മിണി ഡാമിന്റെ സംരക്ഷണ പണികൾക്ക് അനുവദിച്ചിരിക്കുന്ന 70 ലക്ഷം രൂപ അപര്യാപ്തമായതിനാൽ സംരക്ഷണ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-17-101-98—ചേരമംഗലം പദ്ധതി—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യേതരം)

ചേരമംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന 40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-18-001-97—ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ്—ഭരണവും നടത്തിപ്പും—(വാണിജ്യേതരം)

ചമ്രവട്ടം പദ്ധതിക്കായി ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപ മാത്രമേ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളൂ. ശമ്പളം നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.85192 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-20-101-98—വെള്ളിയാംകല്ല് കാസ്‌വേ—സംരക്ഷണ പണികൾ—മറ്റ് ചെലവുകൾ (വാണിജ്യേതരം)

വെള്ളിയാംകല്ല് കാസ്‌വേ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപകൂടി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-001-95—കേരള ഡാം സുരക്ഷ അതോറിറ്റി

കേരള ഡാം സുരക്ഷ അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളത്തിനു സഹായധനമായും, മറ്റു ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 84.28 ലക്ഷം രൂപ അപര്യാപ്തമായതിനാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-80-005-98—അന്വേഷണവും ഗവേഷണവും—34—മറ്റുചെലവുകൾ

പര്യവേഷണവും ഗവേഷണവും സംബന്ധിച്ച മറ്റുചെലവുകൾക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 20 ലക്ഷം രൂപയിൽനിന്നും റെയിൻഗേജ് റീഡർമാരുടെ വേതനവുംകൂടി നൽകുന്നതിനാൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ റെയിൻഗേജ് റീഡർമാരുടെ വേതനവും കുടിശ്ശിക വേതനവും നൽകുന്നതിനായി ഈ ശീർഷകത്തിൽ 62 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-80-005-97—അന്വേഷണവും രൂപകൽപ്പനയും

ജലസേചന പദ്ധതികളുടെ പര്യവേഷണത്തിനും രൂപകൽപ്പനകൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 2 കോടി രൂപയ്ക്കുപുറമേ 2 കോടി രൂപകൂടി ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-80-005-95—ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്

പാലക്കാട് ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 2.6201 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 46.76 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-80-800-97—മറ്റു ജലസേചന പണികളുടെ സംരക്ഷണ പണികളും അറ്റകുറ്റപ്പണികളും

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണപ്പണികൾക്കും തൃശൂർ കോൾനിലങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി 2.5 കോടി രൂപയാണ് നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയത് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ കൂടി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-80-800-94—കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം—04—യാത്രാബത്ത, 34—മറ്റു ചെലവുകൾ

ഐ.എസ്.ഡബ്ല്യൂ.-യിലെ ജീവനക്കാർക്കും പ്രത്യേകിച്ച് കാവേരി നദീജലതർക്ക ട്രൈബ്യൂണലിനായി ഉണ്ടാക്കപ്പെട്ട പ്രത്യേകവിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കും, വക്കീൽ ഫീസിനും മറ്റു ചെലവുകൾക്കുമായി നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2.0899 കോടി രൂപ അപര്യാപ്തമായതിനാൽ, മുല്ലപ്പെരിയാർ, കാവേരി, നെയ്യാർ, പറമ്പിക്കുളം തുടങ്ങിയ കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 34—മറ്റു ചെലവുകൾ എന്ന ഉപശീർഷകത്തിൽ 50 ലക്ഷം രൂപയും, 04—യാത്രച്ചെലവുകൾ, യാത്രാബത്ത എന്ന ഉപശീർഷകത്തിൽ 10 ലക്ഷം രൂപയും ചേർത്ത് ആകെ 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ ചെയ്യുവാൻ തീരുമാനിച്ചു.

2701-80-800-92—അണക്കെട്ട് സുരക്ഷാ സംഘടനയും സുരക്ഷാ സന്നാഹങ്ങളും

അണക്കെട്ട് സുരക്ഷാ അവലോകനം, പഠനം, സുരക്ഷാ സന്നാഹങ്ങൾ നടത്തുന്നതിന് ആവശ്യമായ ഭരണച്ചെലവുകൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2711-02-800-99—കടലാക്രമണനിരോധന പദ്ധതികൾ—കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം

കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽത്തീര മണ്ണൊലിപ്പ് തടയുന്നത് സംബന്ധിച്ച പഠനംനടത്തുന്ന ഒരു ഡിവിഷന്റെയും രണ്ട് സബ് ഡിവിഷനുകളുടേയും അഞ്ചു സെക്ഷനുകളുടേയും പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന 3.2031 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 39.07 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കടലാക്രമണ നിരോധനം സംബന്ധിച്ച പദ്ധതികൾക്കായി പദ്ധതിയിനത്തിൽ 35 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ അറിയിച്ചു.

4700—വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്

4700-20-001-97—ഇടമലയാർ പദ്ധതി—(വാണിജ്യേതരം)—ഭരണവും നടത്തിപ്പും—നടത്തിപ്പ്

2014-ൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ മരാമത്ത് പണികൾക്കായി 10 കോടി രൂപയും, സ്ഥലമെടുപ്പിന് 3 കോടി രൂപയും ചേർത്ത് ആകെ ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

മീനച്ചിൽ നദീതട പദ്ധതിയെ സംബന്ധിച്ച റിപ്പോർട്ടുകളെല്ലാം കൊടുത്തിട്ടുണ്ടന്നും, അവിടെ 6 റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള ഫയൽ ധനകാര്യ വകുപ്പിൽ പെൻഡിംഗിലാണെന്നും, 2014-15 സാമ്പത്തികവർഷം ടി പദ്ധതിക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും, കൂടുതൽ തുക ആവശ്യപ്പെട്ടിട്ടില്ലെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

4700-22-001-97—മൂവാറ്റുപുഴ പദ്ധതി—(വാണിജ്യേതരം) ഭരണവും നടത്തിപ്പും—നടത്തിപ്പ്

1974-ൽ ആരംഭിച്ച് 1994-ൽ ഭാഗികമായി കമ്മീഷൻ ചെയ്തതും 2014-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതുമായ ഈ പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 65 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4700-25—മൂലത്തറ ആർ. ബി. കനാൽ (വാണിജ്യേതരം)

ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കേണ്ടതിലേക്കായി ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4700-28-001-97—ബാണാസുരസാഗർ പദ്ധതി (വാണിജ്യേതരം)—ഭരണവും നടത്തിപ്പും—നടത്തിപ്പ്

ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മരാമത്ത് പ്രവൃത്തികൾക്കും ശമ്പളത്തിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

പദ്ധതികൾക്ക് വാണിജ്യേതരം എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞു. പഴയ പദ്ധതികൾക്ക് സാമ്പത്തിക സഹായം ഗ്രാന്റ് എന്ന നിലയിലാണ് നല്കിയിരുന്നതെന്നും ഇപ്പോൾ വാണിജ്യേതരം എന്നതിന് പ്രസക്തി യില്ലെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

4700-80-005-99—ജലസേചന പദ്ധതികളിന്മേൽ അന്വേഷണം

നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതിക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ജലസേചന വകുപ്പിന്റെ എല്ലാ പദ്ധതികൾക്കുമുള്ള പര്യവേഷണത്തിനായി ഈ ശീർഷകത്തിൽ 2.7 കോടി രൂപ അധികമായി ധനപുന:ഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4700-80-800-97—ഡാം സുരക്ഷാ സംഘടനയും ഡാം സുരക്ഷാ നടപടികളും

ഡാമുകളുടെ സുരക്ഷാ നടപടികൾക്കും അവയുടെ മരാമത്ത് പണികൾക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 162.85 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഡാമുകളുടെ അത്യാവശ്യ സുരക്ഷാപ്രവൃത്തികൾ ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 4.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

എം.എൽ.എ..-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ജലസേചനത്തിനു വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദേശിക്കുവാൻ സാധിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് അടിസ്ഥാന സൗകര്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിക്കാമെന്നും, അത് 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്ക് ആയിരിക്കണമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

4701—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്

4701-12-800-97—അട്ടപ്പാടി പദ്ധതി (വാണിജ്യേതരം) അണക്കെട്ടും അനുബന്ധ പണികളും

ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷത്തിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. അനുമതി ലഭിച്ച പ്രവൃത്തികൾ ഈ വർഷം ആരംഭിക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4701-18—ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് (വാണിജ്യേതരം)

നടപ്പു സാമ്പത്തികവർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 10.04 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4701-22-800-97—പലകപ്പാണ്ടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യേതരം) മറ്റു ചെലവുകൾ—അണക്കെട്ടും അനുബന്ധ പണികളും

നടപ്പു സാമ്പത്തികവർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും, കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4701-80-800-99—കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ, പീച്ചി, സ്റ്റേജ് II-ന്റെ വികസനം

പീച്ചിയിലെ ഗവേഷണപഠന കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന 85 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4701-80-800-96—നടപ്പിലാക്കിയ പദ്ധതികളെ വിലയിരുത്താനുള്ള പഠനം

പണി പൂർത്തിയായ ജലസേചന പദ്ധതികളെ വിലയിരുത്താനുള്ള പഠനത്തിനായി വകയിരുത്തിയിരിക്കുന്ന 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അനുമതി ലഭിച്ച വിലയിരുത്തൽ പഠനത്തിനായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4701-80-800-93—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട പരിപാടിക്കായി 1.28 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാലും 2014 മേയ് മാസത്തിൽ പദ്ധതി പൂർത്തീകരിക്കേണ്ട തിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4701-80-800-88—നദീതട സംഘടന രൂപീകരണം

മണ്ണുസംരക്ഷണം, മലിനീകരണനിയന്ത്രണം, വെള്ളപ്പൊക്ക നിയന്ത്രണം, ജല സമ്പത്തിന്റെ ശരിയായ ഉപയോഗം ഇവ ഉറപ്പാക്കി ഭാരതപ്പുഴയുടെയും മറ്റ് നദികളുടെയും നദീതട വികസനം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിക്ക് 1 കോടി രൂപ യാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഭാരതപ്പുഴ നദീതട സംരക്ഷണത്തിനുള്ള പുതിയ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4701-80-800-76—മുൻഗണനാപ്രവൃത്തികൾ-02—മരാമത്ത് പണികൾ

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാപ്രവൃത്തികൾക്ക് 1,000 രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. മുമ്പ് അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്ന തിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4701-80-800-81—ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനു വേണ്ടിയുള്ള നിലവാര നിർണ്ണയം

വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.22 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-16-101-98-18—കാട്ടാമ്പള്ളി പദ്ധതി (വാണിജ്യേതരം)—സംരക്ഷണ പണികൾ, മറ്റു ചെലവുകൾ—സംരക്ഷണം

കാട്ടാമ്പള്ളി പദ്ധതിയുടെ പൂർത്തിയാക്കപ്പെട്ട സിവിലും മെക്കാനിക്കലും ആയിട്ടുള്ള സംരക്ഷണ പണികൾക്കായി 11.75 ലക്ഷം രൂപയാണ് നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. സംരക്ഷണ പണികൾ നടത്തുന്നതിന് കൂടുതൽ തുക അനിവാര്യമായതിനാൽ 40 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-80-001-98—ഇടത്തരം ജലസേചനം—മേൽനോട്ടം

2701-80-001-99—വിവരസാങ്കേതികവിദ്യ

ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ കീഴിൽ ഉള്ള എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ശമ്പളവും മറ്റ് ഓഫീസ് ചെലവുകളും വഹിക്കുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം 7.5866 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2701-80-001-97—ഇടത്തരം ജലസേചനം—നടത്തിപ്പ്

2701-80-001-99—വിവരസാങ്കേതികവിദ്യ

ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇറിഗേഷൻ, മെക്കാനിക്കൽ, ഇൻലാൻഡ് നാവിഗേഷൻ എന്നീ ഡിവിഷനുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 68.5492 കോടി രൂപയാണ് നടപ്പു സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2711—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും

2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ—സിവിൽ—സംരക്ഷണം

വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കായി കൂടുതൽ തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2711-01-103-98—വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ

വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കുമായി 11 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2711-02-103-99—കടലാക്രമണ നിരോധന പണികൾ—സംരക്ഷണം

കടൽ ഭിത്തികൾക്ക് നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും കൂടാതെ പ്രകൃതി ക്ഷോഭത്തിൽനിന്ന് കടൽ തീരത്തെ സംരക്ഷിക്കുന്നതിനുമുള്ള അടിയന്തിര പണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കൂടാതെ കടലാക്രമണ നിരോധന പണികൾക്കായി ആലപ്പുഴ ജില്ലയ്ക്കുവേണ്ടി എം. പി. ഫണ്ട് മുഖേന നബാർഡിൽനിന്നും 50 കോടി രൂപയുടെ ഒരു പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. കടലാക്രമണ നിരോധന പണികൾക്കായി എത്ര തുകയാണ് പോയവർഷം നീക്കിവച്ചത് എന്ന സമിതിയുടെ ചോദ്യത്തിന്, പോയവർഷവും ഈ വർഷവും 15 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും എന്തെങ്കിലും സന്ദിഗ്ദ്ധഘട്ടം വരുമ്പോൾ തുക മതിയാവാതെ വരുന്ന അവസ്ഥയുണ്ടെന്നും കടൽ ഭിത്തി സംരക്ഷണ പ്രവൃത്തികൾക്കായി കുറെ കല്ല് കൊണ്ടിട്ടുകഴിയുമ്പോൾ പണ മെല്ലാം തീരുമെന്നും അതുകൊണ്ടാണ് 5 കോടി രൂപ അധികമായി ആവശ്യ പ്പെടുന്നതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

4711—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്

4711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്—സിവിൽ പണികൾ

തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ ചെലവ് വഹിക്കുന്നതിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, വെള്ളപ്പൊക്ക നിയന്ത്രണത്തിനായി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4711-01-103-98—തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4711-01-103-90—കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്.)

11-ാം പഞ്ചവത്സരകാലത്ത് ആരംഭിച്ച കുട്ടനാട് പാക്കേജിന്റെ 4 പദ്ധതികൾ പൂർത്തിയാക്കുന്നതിനായും പുതുതായി ആരംഭിച്ച രണ്ട് പദ്ധതികൾക്ക് അംഗീകാരവും കേന്ദ്രസഹായവും ലഭ്യമാക്കുന്നതിനായും ഈ പദ്ധതിക്കുവേണ്ടി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 200 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 569.7600 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കുട്ടനാട് പദ്ധതിക്ക് 11-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 4 Ongoing Schemes ഉണ്ടെന്നും, 2015 ഡിസംബറോടുകൂടി പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കണമെന്ന് കേന്ദ്ര ജലവിഭവ വകുപ്പിന്റെ നിർദ്ദേശം വന്നിട്ടുണ്ടെന്നും വകുപ്പ് സമിതിയെ അറിയിച്ചു. കുട്ടനാട് താലൂക്കിലെ 397 പഞ്ചായത്തുകളുടെ ജോലികൾക്ക് 758 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഈ ജോലികൾക്ക് കേന്ദ്രാനുമതി ലഭിക്കണമെങ്കിൽ അതിന് ആനുപാതികമായ സംസ്ഥാന ബഡ്ജറ്റ് വിഹിതം ഡി.പി.ആർ.-ൽ കാണിക്കണമെന്നും ചീഫ് എഞ്ചിനീയർ ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ അറിയിച്ചു.

കുട്ടനാട് പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ 376 വർക്കുകൾ ടെണ്ടർ ചെയ്തുവെന്നും അതിൽ 34 ടെണ്ടറുകൾ ലഭിച്ചതിൽ പലതും സിംഗിൾ ടെണ്ടറുകൾ ആയതുകൊണ്ട് റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണെന്നും ആലപ്പുഴ ജില്ലയിൽ തന്നെ ജോലി ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടും, പാറയുടെ ക്രമാതീതമായ വിലവർദ്ധനവും കയറ്റിറക്കിന്റെ പ്രശ്നങ്ങളും കൊണ്ടാണ് ടെണ്ടർ ലഭിച്ചതിൽ കുറവുണ്ടായതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ പ്രസ്തുത ജോലികൾ പാടശേഖര സമിതിയെ ഏല്പിക്കാൻ സാധിക്കുമോയെന്ന് നോക്കുകയാണെന്നും അതിനായി കളക്ടറുടെ നേതൃത്വത്തിൽ യോഗം വിളിച്ചുകൂട്ടിയെങ്കിലും കോൺട്രാക്ടർമാർ തന്നെ ഇതു ചെയ്യാൻ സാധിക്കുകയില്ലെന്ന് പാടശേഖര സമിതികളോട് പറയുന്ന അവസ്ഥയാണ് ഉള്ളതെന്നും അദ്ദേഹം തുടർന്നറിയിച്ചു.

തണ്ണീർമുക്കം ബണ്ടിന്റെ ജോലികൾ നല്ല രീതിയിൽ വന്നതാണെന്നും രണ്ട് വശത്ത് നിന്നും വെള്ളം വരുന്നതായതുകൊണ്ട് ഷട്ടർ ഇട്ട് ഉപ്പുവെള്ളം കയറ്റാനും ഇറക്കാനും വെള്ളപ്പൊക്കം വരുന്ന സമയത്ത് ഷട്ടർ പൂർണ്ണമായും മാറ്റി വെള്ളം തുറന്നുവിടാനുള്ള വഴിയുമുണ്ടെന്നും പക്ഷെ ഇതെല്ലാം ശരിയായി വന്നപ്പോൾ മുൻകൂർ അനുമതി നേടിയിട്ടില്ലെന്ന് പറഞ്ഞ് കോൺട്രാക്ടർമാർ കോടതിയിൽ കേസിന് പോയിരിക്കുകയാണെന്നും അഡീഷണൽ ചീഫ്സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരളത്തിൽ ഇപ്പോൾ കാര്യക്ഷമമായി നടക്കാത്ത ഒരു പദ്ധതിയാണ് കുട്ടനാട് പാക്കേജ് എന്ന് സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത പാക്കേജ് തന്നെ ഉപേക്ഷിക്കണമെന്ന് തീരുമാനമെടുത്താൽ മാത്രമേ ഇത് ശരിയാവുകയുള്ളൂവെന്നും വളരെയേറെ ആത്മാർത്ഥമായി ശ്രമിച്ചിട്ടും ഫലം ലഭിക്കാത്ത ഒരു പദ്ധതിയാണിതെന്നും ടി പദ്ധതിയുടെ ജോലി ചെയ്താൽ തുക ലഭിക്കില്ലെന്ന് കോൺട്രാക്ടർമാർ പ്രചാരണം നടത്തിയിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. മന്ത്രിസഭയിൽ വച്ച് ഈ തടസ്സങ്ങളൊക്കെ നീക്കുവാനുള്ള നടപടി ഉണ്ടാക്കുവാനുള്ള ശ്രമമാണ് നടത്തേണ്ട തെന്നും അദ്ദേഹം തുടർന്നറിയിച്ചു.

4711-02-103-99—കടലാക്രമണ നിരോധന പദ്ധതികൾ-സിവിൽ പണികൾ

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തിയുടെ നിർമ്മാണത്തിനും പഴയവ പുതുക്കി പണിയുന്നതിനുമായി വകയിരുത്തിയിരിക്കുന്ന 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4711-02-103-92—13-ാം ധനകാര്യ കമ്മീഷനിലുൾപ്പെട്ട മുൻഗണനാ പദ്ധതികൾ

പ്രസ്തുത ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് തുക അനിവാര്യമായതിനാൽ, ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

രാവിലെ 11.30 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 24-2-2014-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 24-2-2014 തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ IV 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എ. എം. ആരിഫ്, എം.എൽ.എ.
2. ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.
3. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), എം.എൽ.എ.
4. ശ്രീ. തോമസ് ഉണ്ണിയാടൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. അശോക് കുമാർ സിംഗ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
3. ശ്രീ. എ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി മരിയൻ ലോറൻസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. റ്റി. രത്നാകരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി
6. ശ്രീമതി പി. ലതിക, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡിമിനിസ്ട്രേഷൻ
7. ശ്രീമതി കെ. കെ. രമണി, അഡ്മിനിസ്ട്രേറ്റർ, കമാന്റ് ഏരിയ ഡെവലപ്പ്മെന്റ് അതോറിറ്റി
8. ശ്രീ. എം. സുരേഷ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കോഴിക്കോട്
9. ശ്രീ. ജോർജ് ജി. മാത്യു, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
10. ശ്രീ. ജി. ശ്രീകുമാർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
11. ശ്രീ. പി. മുഹമ്മദ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കോഴിക്കോട്
12. ശ്രീ. കെ. എസ്. മധു, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഭൂജല വകുപ്പ്
13. ശ്രീ. എസ്. സോമശേഖരൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്.

സമിതി 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം), ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച കണക്കിനങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

2702—ചെറുകിട ജലസേചനം

2702-01-001-99—ചെറുകിട ജലസേചനം—ഭരണവും നടത്തിപ്പും—വിവരസാങ്കേതികവിദ്യ

ചെറുകിട ജലസേചന വിഭാഗം സർക്കിൾ, ഡിവിഷൻ, സബ് ഡിവിഷൻ, സെക്ഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ, എന്നിവ വഹിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന 75.6717 കോടി രൂപയ്ക്കുപുറമെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2702-03-101—98—സംരക്ഷണപ്പണികൾ—മറ്റു ചെലവുകൾ (03)—വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപ്പണികൾ

വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് നേരിടുന്ന കെടുതികൾ ഇല്ലാതാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 12 കോടി രൂപ അപര്യാപ്തമായതിനാൽ വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിനും തോടുകളുടെ പാർശ്വ സംരക്ഷണത്തിനും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2702-03-101-97—13-ാം ധനകാര്യ കമ്മീഷൻ അവാർഡിൻകീഴിലുള്ള ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം

വിവിധ ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനായി 13-ാം ധനകാര്യ കമ്മീഷൻ മുഖേന അനുവദിച്ച ഈ തുക മൈനർ ഇറിഗേഷൻ പദ്ധതികളുടെ സംരക്ഷണത്തിനായി ഉപയോഗിക്കുന്നു. പണികൾ പൂർത്തിയാക്കുന്നതിനും കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4702—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്

4702-00-101-99-01—ഉപരിതല ജലം—ചെറുകിട ജലസേചന ജോലികൾ—മരാമത്തുകൾ

ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് 200 ഹെക്ടർവരെ ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള

ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 2 കോടി രൂപയാണ്. ചെറുകിട ജലസേചനം ക്ലാസ്സ് 1-ൽപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി 5 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4702-00-101-93—ചെറുകിട ജലസേചന ജോലികൾ—നബാർഡ് സഹായത്തോടെയുള്ള പദ്ധതി

നബാർഡ് സഹായമുള്ള ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 12.6482 കോടി രൂപ അപര്യാപ്തമായതിനാൽ പണികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി 25 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ നല്ല രീതിയിൽ തന്നെയാണ് മുന്നോട്ട് പോകുന്നതെന്നും എന്നാൽ പുതിയതായി ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടി ല്ലെന്നും ജവലിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

4702-00-101-90—ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പണികൾ പൂർത്തീകരിക്കുന്നതിനും ബില്ലുകൾ കൊടുത്തു തീർക്കുന്നതിനുമായി ഈ ശീർഷക ത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4702-00-101-87—കുളങ്ങളുടെ നവീകരണം

കുളങ്ങളുടെ നവീകരണം സംബന്ധിച്ച പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2010-11 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിക്കായി 29 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കരാറുകാരുടെ ബില്ലുകൾ കൊടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കുളങ്ങളുടെ നവീകരണം സംബന്ധിച്ച് ഭരണാനുമതി കൊടുത്തിരിക്കുന്ന പദ്ധതി കളിൽ ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലെ പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടതിന് അപ്രകാരം നല്കാമെന്ന് ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ സമിതിയെ അറിയിച്ചു.

4702-00-101-84—മുൻഗണനാപ്രവൃത്തികൾ

മുൻഗണനാ പ്രവൃത്തികൾക്കായുള്ള ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ 1,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ പണികൾ പൂർത്തിയാക്കുന്നതിനും കരാറുകാരുടെ ബില്ലുകൾ കൊടുക്കുന്നതിനും 50 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4702-00-101-80—ചെറുകിട ജലസേചന വിംഗ് മുഖേനയുള്ള തലയാർ കനാലിന്റെ ഇടത്-വലത് പാർശ്വങ്ങളുടെ നവീകരണം

പ്രസ്തുത പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക യൊന്നും വകയിരുത്തിയിട്ടില്ല. 2013-14-ൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള ഈ പദ്ധതി നടപ്പാക്കുന്നതിനായി 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4702-00-101-79—ചെക്കുഡാമുകളും റെഗുലേറ്ററുകളും

ചെക്കുഡാമുകളും റെഗുലേറ്ററുകളും എന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. സംസ്ഥാനത്ത് 700-ഓളം തടയണകൾ ഘട്ടം ഘട്ടമായി നിർമ്മിക്കുന്നതിന് 400 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്ന കാര്യം 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4702-00-101-78—ഒരു പഞ്ചായത്തിൽ ഒരു കുളം

ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിക്കായി 2012-13, 2013-14 എന്നീ വർഷങ്ങളിൽ 72.758 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## കമാൻഡ് ഏരിയ വികസന അതോറിറ്റി (കാഡ)

2705-00-101-81—കാഞ്ഞിരംപുഴ പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

50% കേന്ദ്രാവിഷ്കൃതപദ്ധതിയായ കാഞ്ഞിരംപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ ഗൈഡ്‌ലൈൻ പ്രകാരം ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ കംപോണന്റുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും

ചാനൽ പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തീകരിക്കേണ്ടതായതിനാലും ഈ ശീർഷക ത്തിൽ 3.594785 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2705-00-101-79—കല്ലട പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

കല്ലട പദ്ധതിയുടെ പുതിയ ഗൈഡ്‌ലൈൻ പ്രകാരം ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ കംപോണന്റുകൾക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും പ്രസ്തുത പദ്ധതിയുടെ മാനേജീരിയൽ സബ്സിഡി, സർവ്വേ, പ്ലാനിംഗ്, ട്രെയിനിംഗ് എന്നിവയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാലും ഈ ശീർഷകത്തിൽ 82.35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2705-00-101-75—മൂവാറ്റുപുഴ പദ്ധതി

മൂവാറ്റുപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ ഗൈഡ്‌ലൈൻ പ്രകാരം എസ്റ്റാബ്ലിഷ്മെന്റ്, ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ കംപോണന്റുകൾക്കായി വകയിരുത്തിയിരിക്കുന്ന 2.2 കോടി രൂപ അപര്യാപ്തമായതിനാലും മാനേജീരിയൽ സബ്സിഡി, സർവ്വേ, പ്ലാനിംഗ്, ട്രെയിനിംഗ്, ഇവാല്യുവേഷൻ എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടില്ലാത്തതിനാലും ഈ ശീർഷകത്തിൽ 9.9കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഈ ധനാഭ്യർത്ഥനയിൽ വെള്ളക്കെട്ട് പ്രദേശങ്ങൾ നികത്തൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വെള്ളക്കെട്ട് പ്രദേശങ്ങൾ നികത്തി കരയാക്കി മാറ്റുകയല്ലെന്നും ടി പ്രദേശങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാവുന്ന രീതിയിലേക്ക് മാറ്റുകയെന്നതാണെന്നും കാഡ അഡ്മിനിസ്ട്രേറ്റർ സമിതിയെ അറിയിച്ചു.

2702-02-005-99-19—ഭൂഗർഭ ജലത്തിനുള്ള അന്വേഷണവും വികസനവും—യന്ത്രോപകരണങ്ങൾ

സംസ്ഥാനത്ത് എല്ലാ സ്ഥലങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് കുഴൽകിണർ നിർമ്മാണത്തിനായി വിവിധതരം ആധുനിക സാങ്കേതിക മികവുള്ള റിഗ്ഗുകളും സയന്റിഫിക്ക് ഉപകരണങ്ങളും വാങ്ങുന്നതിലേക്ക് ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ധാരാളം പണം മുടക്കി ഭൂമി കുഴിച്ചാലും ജലത്തിന്റെ ഉറവിടം കണ്ടെത്തിയില്ലെങ്കിൽ വൻ ബാധ്യതയാണ് വകുപ്പിന് ഉണ്ടാകുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. റെസിസ്റ്റിവിറ്റി മീറ്റർ, ജിയോളജിക്കൽ എക്യുപ്മെന്റുകൾ, ജിയോഫിസിക്കൽ എക്യുപ്മെന്റുകൾ എന്നിവ ഉപയോഗിച്ച് വെള്ളത്തിന്റെ ഉറവിടം കണ്ടെത്തിയതിന്

ശേഷമാണ് ഭൂമി കുഴിക്കുന്നതെന്നും എന്നിരുന്നാൽ പോലും 90% മാത്രമെ കൃത്യത ലഭിക്കുകയുളളൂവെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ ഭൂജല വകുപ്പ് സമിതിയെ അറിയിച്ചു.

കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്തിൽ സ്ഥലം കണ്ടെത്തി പരിശോധന നടത്തി ഭൂമി കുഴിച്ചെങ്കിലും അവിടെ വെള്ളം ലഭിച്ചില്ലെന്നും അതേസമയം സ്വകാര്യ മേഖലയിലെ കരാറുകാർ തൊട്ടടുത്ത് സ്ഥലമെടുത്ത് ഭൂമി കുഴിച്ചപ്പോൾ അവിടെ വെള്ളം ലഭിച്ചുവെന്നും വകുപ്പ് പണിഞ്ഞ 3 കിണറുകളിലും വെള്ളം കണ്ടെത്താനായില്ലെന്നും കൂടാതെ ആധുനിക രീതിയിലുള്ള സംവിധാനങ്ങൾ കൊണ്ടു വരുന്നതിനെക്കാൾ ഫലപ്രദമായി നാടൻ പ്രയോഗങ്ങൾകൊണ്ട് പ്രയോജനം ലഭിക്കാറു ണ്ടെങ്കിൽ അതുകൂടി പ്രയോജനപ്പെടുത്തിയെടുക്കുകയാണ് വേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു.

2702-02-005-77—<u>രാജീവ് ഗാന്ധി കുടിവെള്ള സംരംഭം (സംസ്ഥാന പദ്ധതി)</u>

കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ ഭൂജല പര്യവേഷണം നടത്തി കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥാനം കണ്ടെത്തി അവ നിർമ്മിച്ച് ജലവിതരണം നടത്തുകയും ചെയ്യുന്ന ഈ പദ്ധതിക്കായി നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 1.25 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ സാധിച്ചിട്ടുള്ള ഈ പദ്ധതിക്ക് നിലവിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2702-02-005-82—<u>നാഷണൽ ഹൈഡ്രോളജി പ്രോജക്ട്</u>

4702-00-102-98-01—<u>ഭൂഗർഭ ജല വിഭാഗം</u>

ഭൂജല വകുപ്പും ജലസേചന വകുപ്പും സംയുക്തമായി ലോകബാങ്ക് സഹായത്തോടെ ഉപരിജലത്തെയും ഭൂജലത്തെയും സംബന്ധിച്ച് സമഗ്രമായ ഒരു ഡാറ്റാ ബാങ്ക് ഉണ്ടാക്കുന്നതിനും കർഷകർ, ഗവേഷണ വിദ്യാർത്ഥികൾ, ആസൂത്രകർ, ജലവിഭവമേഖലയിലെ ഇതര സംരംഭകർ എന്നിവർക്ക് ഉപയുക്തമായ രീതിയിൽ ഭൂജല പരിപാലനവും ആസൂത്രണവും നടപ്പിലാക്കാനായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിക്ക് നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ശമ്പളം, വേതനം, യാത്രാബത്ത, യന്ത്രസാമഗ്രികൾ, പെട്രോൾ ആന്റ് ലൂബ്രിക്കന്റ്സ് മറ്റിനങ്ങൾ എന്നിവയ്ക്കും സപ്ലൈ ഓർഡർ നൽകിയിട്ടുള്ള ഉപകരണങ്ങൾക്ക് നൽകുവാനും അധിക തുക ആവശ്യമായതിനാൽ 2702-02-005-82 എന്ന ശീർഷകത്തിൽ 1.7 കോടി രൂപയും 4702-00-102-98-01 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഈ പദ്ധതി ലോകബാങ്കിന്റെ സഹായത്തോടെ നൂറ് ശതമാനം റീഇംബേഴ്സ്മെന്റോടു കൂടി നടത്തുന്ന പ്രോജക്ടാണെന്ന് ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

2215-01-800-67—ജലനിധിയുടെകൂടെ ചേർക്കപ്പെട്ട പദ്ധതി

വാർഷിക പദ്ധതി നിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 200 കോടി രൂപ അപര്യാപ്തമായതിനാൽ 72.7 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2215-01-800-64—മഴവെള്ള കൊയ്ത്തിന്റെയും KRWSA-യിലൂടെ GWR പരിപാടിയുടെയും അളവുയർത്തൽ

മഴവെള്ള കൊയ്ത്തിന്റെയും KRWSA-യിലൂടെ GWR പരിപാടിയുടെയും അളവുയർത്തലുമായി ബന്ധപ്പെട്ട വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 4.2 കോടി രൂപ അപര്യാപ്തമായതിനാൽ 15.57 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2215-01-800-57—കുടിവെള്ളത്തിൽനിന്നും ഇരുമ്പിന്റെ അംശം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വാർഷിക പദ്ധതി നിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 1 കോടി രൂപ അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2215-01-190-99—കേരള ജല അതോറിറ്റിക്കുള്ള സഹായധനം

(04)—നഗര ജലവിതരണ സ്കീമുകൾ—നിലവിലുള്ള സ്കീമുകളുടെ മെച്ചപ്പെടുത്തലും പുനരുദ്ധാരണവും

നഗരശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ നഗര ശുദ്ധജല വിതരണ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2215-01-190-96—കുപ്പിവെള്ളം നിർമ്മാണ യൂണിറ്റ്

കുപ്പിവെള്ള നിർമ്മാണ യൂണിറ്റിനായി ഒരു ലക്ഷം രൂപയാണ് നടപ്പു സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റി 2008-ൽ കുപ്പിവെള്ള നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി 2.85 കോടി രൂപയുടെ ഭരണാനുമതി നല്കിയെങ്കിലും പല കാരണങ്ങളാൽ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് ഇതിനെപ്പറ്റി വളരെ സൂക്ഷ്മമായി പഠിക്കുകയും പഴയ ടെണ്ടറിലെ പാളിച്ചകളെപ്പറ്റി അവലോകനം ചെയ്യുകയും ഇതിൻപ്രകാരം പ്രോജക്റ്റ് പ്രൊപ്പോസൽ നിലവിലുള്ള ടെക്നോളജി ഉന്നമനം കൂടി കണക്കിലെടുത്ത് പുതിയ പദ്ധതി തയ്യാറാക്കുകയും ഇതിനുവേണ്ടി 10 കോടി രൂപയുടെ ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. വളരെയധികം സാമ്പത്തിക നേട്ടം ഉണ്ടാക്കുവാനും നമ്മുടെ സംസ്ഥാനത്ത് കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുവാനും സാധിക്കുന്ന ഈ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ ഈ ശീർഷകത്തിൽ 4.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2215-01-190-94—ഉപയോഗശൂന്യവും പഴയതുമായ കുഴലുകൾ മാറ്റി സ്ഥാപിക്കൽ

സംസ്ഥാനത്തുടനീളം ഉപയോഗശൂന്യമായതും പഴയതുമായ പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനായി 95 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. തിരുവനന്തപുരത്തെ മുട്ടട-കേശവദാസപുരം, ഉള്ളൂർ-അമ്പലമുക്ക് എന്നീ ഭാഗങ്ങളിലെ പൈപ്പുകൾ മാറ്റുന്നതുൾപ്പെടെയുള്ള പദ്ധതികൾക്കായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തേണ്ട തുകയെക്കുറിച്ച് ചർച്ച ചെയ്യവേ, ഗവൺമെന്റിന്റെ ഇപ്പോഴത്തെ പൈപ്പ് പോളിസിയെക്കുറിച്ച് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി സമിതിക്ക് കൂടുതൽ വിവരങ്ങൾ നൽകി. അരുവിക്കരയിലെ പമ്പിംഗ് സ്റ്റേഷനിൽ ഇപ്പോൾ ഉപയോഗിച്ചുവരുന്ന പഴയ ആസ്ബസ്റ്റോസ് പൈപ്പിനു പകരം പുതിയ എം.എസ്. (Mild Steel) പൈപ്പാണ് ഇപ്പോൾ ഇടുന്ന തെന്നും പോയവർഷം 85 കോടി രൂപ പൈപ്പ് മാറ്റിയിടുന്നതിന് നീക്കി വച്ചിരുന്നെന്നും ആയതിലേക്ക് ഈ സാമ്പത്തിക വർഷം 95 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്ന തെന്നും അത് തികയാത്തതുകൊണ്ടാണ് അധികമായി 25 കോടി രൂപ കൂടി ആവശ്യപ്പെടുന്നതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇപ്പോൾ മാറ്റിയിടുന്നതെല്ലാം എം.എസ്. പൈപ്പാണോയെന്ന സമിതിയുടെ ചോദ്യത്തിന്, കൂടുതലും എം.എസ്. പൈപ്പാണെന്നും എന്നാൽ ചിലയിടങ്ങളിൽ ഡി.ഐ. പൈപ്പും ഇടാറുണ്ടെന്നും വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ഗുണനിലവാരമില്ലാത്ത പൈപ്പുകൾ വേണ്ടെന്നും എ.സി.പൈപ്പ് പോലെയുള്ള ചില പൈപ്പുകൾ വാട്ടർ പ്രോജക്ടുകൾക്ക് ഉപയോഗിക്കാൻ പാടില്ലായെന്നും ഓരോ സ്ഥലങ്ങളുടെയും സാഹചര്യമനുസരിച്ച് ഉപയോഗിക്കുന്ന പൈപ്പിൽ മാറ്റം വരുത്താമെന്നും എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഉദ്യോഗസ്ഥർക്ക് നിലവാരം കുറഞ്ഞ പൈപ്പ് തെരഞ്ഞെടുക്കാൻ സാധിക്കുകയില്ലെന്നും ഇതൊരു പോളിസിയായി പ്രഖ്യാപിക്കുകയാണ് "പൈപ്പ് പോളിസി" കൊണ്ടുദ്ദേശിക്കുന്നതെന്നും മാനേജിംഗ് ഡയറക്ടർ കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു. ചെലവുകുറഞ്ഞ രീതിയിൽ പൈപ്പിടുകയെന്നതാണ് പണ്ടത്തെ പോളിസിയെങ്കിൽ ഇപ്പോൾ അത് ഗുണനിലവാരമുള്ള പൈപ്പിടുക എന്നാക്കി മാറ്റിയെന്നും എം.എസ്. പൈപ്പിന് 100 വർഷത്തെ കാലാവധിയുണ്ടെന്നും Save Water Main, Clear Water Main എന്നിവയിൽ എം.എസ്. അല്ലെങ്കിൽ ഡി.ഐ. പൈപ്പുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് പുതിയ പോളിസിയിൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും അവർ അറിയിച്ചു. എം.എസ്. പൈപ്പുകൾ ഫീൽഡിൽ കൊണ്ടുവന്ന് ഫാബ്രിക്കേറ്റ് ചെയ്യാൻ കഴിയുന്നത് അതിന്റെ ഒരു പ്രത്യേകതയാണെന്നും അവർ കൂട്ടിച്ചേർത്തു.

ഗവൺമെന്റ് പൈപ്പ് പോളിസിയിൽ വന്ന മാറ്റങ്ങളെക്കുറിച്ച് ജനങ്ങളെ അറിയിക്കാനായി ഫെബ്രുവരി 26-ാം തീയതി 'വാട്ടർ കേരള' എന്ന പ്രോഗ്രാം എറണാകുളത്ത് വച്ച് നടത്തുന്നുണ്ടെന്ന് ചെയർമാൻ സമിതി അംഗങ്ങളെ അറിയിച്ചു.

2215-01-800-60—സാർക്ക് (2010-11)സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ

കഴിഞ്ഞ സാമ്പത്തിക വർഷം വളരെയധികം പുരോഗതി കൈവരിച്ച ഈ പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം 2.98 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ സാമ്പത്തികവർഷം ബാക്കിയുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതിനാൽ 7.02 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4215-01-800-93—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി

2013-14 സാമ്പത്തികവർഷത്തിൽ (ആസ്തി വികസന പദ്ധതിയിൽ) ഉൾപ്പെടുത്തി 1060.85 ലക്ഷം രൂപയ്ക്കുള്ള സ്കീമുകൾക്ക് ഭരണാനുമതി നൽകിയിട്ടുള്ള ഈ പദ്ധതിക്ക് നടപ്പു സാമ്പത്തികവർഷം 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കൂടാതെ 1161 ലക്ഷം രൂപയ്ക്കുള്ള പദ്ധതിയുടെ നിർദ്ദേശം പരിഗണനയിലുള്ളതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2215-02-190-99—<u>കേരള ജല അതോറിറ്റിക്കുള്ള സഹായധനം</u>

(01)—<u>തിരുവനന്തപുരം സിവറെജ് സ്കീം</u>

തിരുവനന്തപുരം നഗരത്തിലെ സിവറെജ് പദ്ധതിയുടെ വിപുലീകരണത്തിന് 5 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഭരണാനുമതിയും ഫണ്ടും ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ ഇതുവരെയും സാധിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുന::വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6215-01-190-98—<u>ജെ.ബി.ഐ.സി. സഹായമുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് കേരള ജല അതോറിറ്റിക്കുള്ള വായ്പകൾ</u>

തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളുടെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പണികൾക്കും തിരുവനന്തപുരം, കോഴിക്കോട് സ്കീമുകളുടെ റീഹാബിലിറ്റേഷൻ പണികൾക്കും അനുവദിച്ചിരിക്കുന്ന 150 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത വർക്കുകൾക്കായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

<u>നോൺ പ്ലാൻ ഗ്രാന്റ്</u>

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്) ശമ്പളം, പെൻഷൻ ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കുംകൂടി ആകെ 1062.75 കോടി രൂപയാണ് 2014-2015 സാമ്പത്തിക വർഷം ആവശ്യമായി വന്നിരിക്കുന്നത്. എന്നാൽ വാട്ടർ ചാർജ് ഇനത്തിലും മറ്റ് ഇനത്തിലും വാട്ടർ അതോറിറ്റി പ്രതീക്ഷിക്കുന്ന ആകെ വരവ് 512.60 കോടി രൂപയാണ്. അടിയന്തിര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റുന്നതിന് അധിക പദ്ധതിയേതര സഹായമായി 324.99 കോടി രൂപ താഴെപ്പറയുന്ന കണക്കിനങ്ങളിലൂടെ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| *നമ്പർ* | *ശീർഷകം* | *അധികം വകയിരുത്തേണ്ട തുക* |
|---|---|---|
| 1 | 2215-01-190-99 (19) 31 | 162.2150 കോടി രൂപ |
| 2 | 2215-01-190-99 (19) 36 | 133.5412 കോടി രൂപ |
| 3 | 2215-02-190-99-(02)-36 | 13.1303 കോടി രൂപ |
| 4 | 2215-02-190-99-(02)-31 | 16.1027 കോടി രൂപ |

ഉച്ചയ്ക്ക് 12.00 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 12-3-2014-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 12-3-2014 ബുധനാഴ്ച 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 A' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), എം.എൽ.എ.
2. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, ,,
3. ശ്രീ. തോമസ് ഉണ്ണിയാടൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതികൾ ഒന്നും കൂടാതെ അംഗീകരിക്കുകയും ചെയ്തു.

കൂടാതെ 21-1-2014-ലെ യോഗത്തിൽ ആവശ്യപ്പെട്ട ഒരു 'പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര കുളങ്ങൾക്കാണ് ഭരണാനുമതി നല്കിയതെന്നും അവയുടെ ടെൻഡർ നടപടികളുടെ വിശദാംശങ്ങളും എത്രയുംപെട്ടെന്ന് സമിതിക്ക് ജലവിഭവവകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

ഉച്ചയ്ക്കുശേഷം 12.15 മണിക്ക് സമിതി യോഗം പിരിഞ്ഞു.